ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

നെടുംകണ്ടം ഗ്രാമപഞ്ചായത്ത്

നെടുംങ്കണ്ടം ഗ്രാമപഞ്ചായത്ത്

കവർ: രാമകൃഷ്ണൻ പടി പദ്ധതി ഓഫീസിൽ

60-5

ജനകീയാസൂത്രണം

വികസന റിപ്പോർട്ട്

നെടുംകണ്ടം ഗ്രാമപഞ്ചായത്ത്

റിപ്പോർട്ട് തയ്യാറാക്കിയവർ

1. ശ്രീ. എസ്. ബാലചന്ദ്രൻ (DRP കൺവീനർ)
2. കുമാരി മായ (DRP)
3. ശ്രീ. പി. എസ്. അനുകുമാർ "
4. " പി. എം. ആന്റണി "
5. " സണ്ണി കാരയ്ക്കാട്ടിൽ "
6. " ചാക്കോ പൊന്നമ്പേൽ "
7. " ജേക്കബ് ഡാനിയേൽ "
8. " ഷാജി അമ്പാട്ട് "
9. " കെ. വി. പരമേശ്വരൻ "
10. " കെ. കെ. സുകുമാരൻ "
11. ശ്രീമതി കെ. ബി. രാജമ്മ "

പ്രിന്റിംഗ്: പ്രീമിയർ ഓഫ്സെറ്റ് പ്രിന്റേഴ്സ്, കോട്ടയം

ഉള്ളടക്കം

- ഗ്രാമപഞ്ചായത്ത്: പൊതുവിവരണം 7
- ആമുഖം 8
- ഭൂപ്രകൃതിയും വിഭവങ്ങളും 10
- കൃഷിയും ജലസേചനവും 13
- മൃഗസംരക്ഷണം 15
- വ്യവസായം 17
- ഊർജ്ജം, ഗതാഗതം 18
- ആരോഗ്യം, കുടിവെള്ളം 23
- വിദ്യാഭ്യാസം 29
- പാർപ്പിടം സാമൂഹ്യക്ഷേമം 35
- വനിതാക്ഷേമം 38
- സഹകരണമേഖല 40
- പട്ടികജാതി പട്ടികവർഗ്ഗക്ഷേമം 45
- സംസ്കാരം 46
- വിഭവസമാഹരണം 49
- ഉപസംഹാരം 51

നെടുംകണ്ടം ഗ്രാമപഞ്ചായത്ത് ഭരണസമിതി

ശ്രീമതി. രമാ സുകുമാരൻ
(പ്രസിഡണ്ട്)



ജോയി അമ്പാട്
(വൈസ്. പ്രസിഡണ്ട്)

കെ. വിശ്വനാഥൻ
(സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ)

സെബാസ്റ്റ്യൻ വർക്കി

ജോയി ഉലഹന്നാൻ

സിനി കുര്യാക്കോസ്

ടി. ബി. ഷാജി

ടി. രാജേശ്വരി

പി. ഈ. മുഹമ്മദ് ബഷീർ

ടി. മോഹനൻ

വത്സമ്മ ആന്റണി

മോളി ജോസഫ്



ജോസ് തെക്കേൽ

എൻ. ശിവരാജൻ
(സെക്രട്ടറി)

സന്ദേശം

മണ്ണിനെ നോക്കണം വിണ്ണിനെ നോക്കണം
മാനവനേകുന്ന മാതൃകാസന്ദേശം
കർമ്മമാം തേരിലേറി തെളിച്ചുകൊണ്ടീ-
മണ്ണിന്റെ സ്വപ്നങ്ങൾ പൂവണിയിക്കുവാൻ
പോകുക പോകുക നാട്ടിൻപുറങ്ങളിൽ
പുത്തൻകിനാവിന്റെ പൂർണ്ണകുംഭങ്ങളായ്
ആസൂത്രിതമാം വികസന സന്ദേശം
ഗ്രാമത്തിനേകുന്നു നവവത്സരാശയം
കേരളമേകുന്ന പുത്തനാം മാതൃക
ഭാരതമാതാവെ നിന്നിൽ ലയിക്കട്ടെ
സൗഹൃദവേദിയിൽ സൗമ്യമാം ഭാഷയിൽ
ഒൻപതാം പദ്ധതി ജനകീയ പദ്ധതി
കർമ്മനിരതരായ് തീരുക നമ്മളും
കൈകോർത്തു പോകുക നാടിന്റെ മക്കളെ
ഈ മഹത്സന്ദേശം ഇതിഹാസമാകുവാൻ
മണ്ണിന്റെ സ്വപ്നം സഫലീകരിക്കുവാൻ
ധർമ്മശക്തിയാലുണരട്ടെ ഗ്രാമങ്ങൾ
ഇച്ഛാശക്തിയാൽ കാഹളം മുഴങ്ങട്ടെ

(ജില്ലാ പരിശീലന ക്യാമ്പിൽവച്ച് നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. വി.കെ. രാജപ്പൻ രചിച്ചത്)

ഓരോരുത്തരും അവരവരുടെ
നെറ്റി വിയർപ്പാക്കി
പണിയെടുത്തു ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി മാറുമായിരുന്നു.

-ഗാന്ധിജി

പ്രകൃതിനിയമങ്ങളെ
ബോധപൂർവ്വമോ അജ്ഞതകൊണ്ടോ
ലംഘിക്കുന്നതിൽനിന്നാണ്
സുഖക്കേടുകൾ ഉണ്ടാകുന്നത്.

-ഗാന്ധിജി

1

ഗ്രാമപഞ്ചായത്ത്: പൊതുവിവരണം

1.	പഞ്ചായത്തിന്റെ പേര്	:	നെടുംകണ്ടം ഗ്രാമപഞ്ചായത്ത്
2.	ഉൾപ്പെടുന്ന വില്ലേജുകൾ	:	കൽകൂന്തൽ, പാറത്തോട്
3.	ബ്ലോക്ക് പഞ്ചായത്ത്	:	നെടുംകണ്ടം
4.	താലൂക്ക്	:	ഉടുമ്പൻചോല
5.	അസംബ്ളി മണ്ഡലം	:	ഉടുമ്പൻചോല
6.	വിസ്തീർണ്ണം	:	71.95 ച.കി.മീ.
7.	അതിരുകൾ	:	വടക്ക് ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്. തെക്ക് പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്. കിഴക്ക് തമിഴ്നാട് സംസ്ഥാന അതിർത്തി. പടിഞ്ഞാറ് ഇരട്ടയാർ, വാത്തിക്കുടി ഗ്രാമപഞ്ചായത്തുകൾ
8.	ജനസംഖ്യ	:	36969 (1991 കനേഷ്മാരി)
	(a) പുരുഷൻമാർ	:	18736
	(b) സ്ത്രീകൾ	:	18233
	(c) ജനസാന്ദ്രത	:	513. 81./sqr.K.M.
	(d) അക്ഷരാഭ്യാസമുള്ളവർ	:	29024
9.	വാർഡുകളുടെ എണ്ണം	:	13
10.	പ്രസിഡണ്ടിന്റെ പേര്	:	ശ്രീമതി. രമാ സുകുമാരൻ
11.	വൈസ് പ്രസിഡണ്ട്	:	ശ്രീ. ജോയി അമ്പാട്ട്
12.	സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ	:	ശ്രീ. കെ. വിശ്വനാഥൻ
13.	ഭരണസമിതി അംഗങ്ങൾ		

1. ശ്രീ. സെബാസ്റ്റ്യൻ വർക്കി
2. ശ്രീ. ജോയി ഉലഹന്നാൻ
3. ശ്രീമതി. സിനി കുര്യാക്കോസ്
4. ശ്രീ. ഷാജി ഭാസ്കരൻ
5. ശ്രീമതി. രാജേശ്വരി എം.ടി.
6. ശ്രീ. മുഹമ്മദ് ബഷീർ
7. ശ്രീ. ടി. മോഹനൻ
8. ശ്രീമതി. വത്സമ്മ ആന്റണി
9. ശ്രീമതി. മോളി ജോസഫ്
10. ശ്രീ. ജോസ് തെക്കേൽ

2

ആമുഖം

പഞ്ചായത്തിരാജ് നിയമപ്രകാരം നെടുംകണ്ടം ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഭരണസമിതി 1995 ഒക്ടോബർ രണ്ടിന് നിലവിൽ വന്നു. പുതിയ ഭരണസമിതികൾ ജനങ്ങളിൽ വമ്പിച്ച പ്രതീക്ഷയാണ് ഉണർത്തിവിട്ടിരിക്കുന്നത്. അധികാരം ജനങ്ങളിലേക്ക് കൂടുതൽ കൂടുതൽ അടുത്തുവരുന്നു എന്നതാണ് പുതിയ ഭരണസമിതിയുടെ പ്രത്യേകത. എന്നാൽ ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് ഉയരാൻ ഈ ഭരണ സമിതിക്ക് കഴിയുന്നില്ല. അതിന്റെ പ്രധാന കാരണം സാമ്പത്തികമായ പരിമിതികളും ലളിതമല്ലാത്ത ഭരണനടപടികളുമാണ്. ഈ കുഴപ്പങ്ങൾ പരിഹരിക്കുന്നതിനാണ് കേരളസർക്കാർ ജനകീയാസൂത്രണ പദ്ധതിക്ക് രൂപം നല്കിയിരിക്കുന്നത്.

ഈ പദ്ധതി ജനങ്ങളെ സംബന്ധിച്ചിടത്തോളം പുതിയതാണ്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 40% തുക പഞ്ചായത്തുകൾക്ക് വീതിച്ച് നല്കികൊണ്ട് വിഭവ പരിമിതിക്ക് ഒരു പരിധിവരെ പരിഹാരം കണ്ടിരിക്കുന്നു. ജനങ്ങളുടെ ആവശ്യങ്ങളും പ്രാദേശിക പ്രത്യേകതകളും വിഭവ സാധ്യതകളും പരിഗണിക്കാതെ ഏതാനും വിദഗ്ദ്ധർ തയ്യാറാക്കി കെട്ടിയേൽപ്പിച്ചുകൊണ്ടുവരുന്ന പദ്ധതികളാണ് നമ്മുടെ നാട്ടിൽ നാളിതുവരെ നടപ്പാക്കിപ്പോന്നത്. അതിനു വിപരീതമായി ജനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ജനങ്ങളുടെ ആശയാഭിലാഷത്തിനൊത്ത് പ്രാദേശിക പ്രത്യേകതകൾ പൂർണ്ണമായും കണക്കിലെടുത്തുകൊണ്ടും അതാത് സ്ഥലത്ത് നിന്നും സമാഹരിക്കാവുന്ന വിഭവങ്ങൾ കൂടി കണക്കിലെടുത്ത് പദ്ധതികൾക്ക് രൂപം നല്കുന്നു. കൂടാതെ പദ്ധതികളുടെ എല്ലാ ഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നു. പദ്ധതിക്ക് വേണ്ടി ചെലവാകുന്ന പണത്തിന്റെ ശോഷണം പൂർണ്ണമായും തടയുന്നു. കൂടാതെ ഉല്പാദനത്തിനും വ്യവസായവൽക്കരണത്തിനും ഈ പദ്ധതി ഊന്നൽ നല്കുന്നു. അതുകൊണ്ട് ഗ്രാമീണ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്നതോടൊപ്പം ഒരു പുതിയ തൊഴിൽ സംസ്കാരവും രൂപപ്പെടുന്നു. ഗ്രാമങ്ങൾ ഇന്നനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് വലിയൊരളവുവരെ പരിഹാരം കാണാൻ ഈ പദ്ധതികൊണ്ട് കഴിയുന്നു. ചുരുക്കത്തിൽ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവച്ചുകൊണ്ട് ഇങ്ങനെ നാടിന്റെ പുരോഗതിക്കായി കോർത്തിണക്കുന്ന ഈ പദ്ധതി നമ്മുടെ നാട്ടിൽ ഒരു പുതിയ വികസന സംസ്കാരത്തിനും രാഷ്ട്രീയ സംസ്കാരത്തിനും തുടക്കം കുറിക്കുമെന്ന കാര്യത്തിൽ സംശയമേയില്ല.

കുടിയേറ്റ കർഷകരുടെ നാടാണ് നെടുംകണ്ടം ഗ്രാമപഞ്ചായത്ത്. 1949 മുതൽ ഇവിടെ കുടിയേറ്റം തുടങ്ങി. അന്ന് 20 കുടുംബങ്ങളാണ് കുടിയേറിയത്. അതിൽ തന്നെ പലരും തിരികെപ്പോയി. കുറവിലങ്ങാട്, രാമപുരം, അതിരമ്പുഴ, കോതമംഗലം, മറ്റക്കര, പെരുവന്താനം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വന്നവരായിരുന്നു ആദ്യ കുടിയേറ്റക്കാർ. മൂന്നാർ ശാന്തമ്പാറയിൽ എത്തി അവിടെ നിന്നും കാൽനടയായി, കുമളി, വണ്ടൻമേട്ടിൽ എത്തി അവിടെ നിന്നും കാൽനടയായും ആണ് കുടിയേറ്റക്കാർ എത്തിച്ചേർന്നത്. 1955-ൽ പട്ടം കോളനി നിലവിൽ വന്നതോടെയാണ് ഈ പ്രദേശത്ത് ജനവാസം കൂടിയത്. അതേതുടർന്ന് ഈ പ്രദേശത്തിന്റെ മുഖച്ഛായ തന്നെ മാറി. "ഗ്രോമോർഫുഡ്" പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പട്ടം കോളനി നിലവിൽ വന്നതെങ്കിലും ഇതിന്റെ പിന്നിൽ മറ്റു ചില വസ്തുതകളും ഒളിഞ്ഞുകിടപ്പുണ്ട്. തമിഴ്നാട്ടിലെ വനംകൊള്ളക്കാരുടെ കേളീരംഗമായിരുന്നു ഈ വനപ്രദേശം. ആനക്കൊമ്പ്, ഈട്ടി, തേക്ക് തുടങ്ങിയ വനസമ്പത്ത് അവർ യഥേഷ്ടം കൊള്ളയടിച്ചിരുന്നു. ജനങ്ങൾക്ക് പതിച്ച് നല്കിയില്ലായിരുന്നുവെങ്കിൽ ഈ പ്രദേശം തമിഴ്നാടിന്റെ ഭാഗമായിത്തീരുമായിരുന്നു.

1938-ൽ തന്നെ ഈ പഞ്ചായത്തിൽ ഉൾപ്പെട്ട മണപ്പാറ, പൊന്നാമല എന്നീ സ്ഥലങ്ങളിൽ തിരുവിതാംകൂറിലെ റാണി ലക്ഷ്മീഭായിയുടെ കാലത്ത് നല്കിയ പട്ടയ വസ്തുക്കളിൽ തമിഴ് വംശജരായ ആൾക്കാർ താമസിച്ചിരുന്നു. 1940 കാലഘട്ടത്തിൽ തമിഴ്നാട്ടുകാരനായ ആങ്കൂർ റാവുത്തർ ഈ പ്രദേശങ്ങളിൽ നിന്നും തടി കടത്തികൊണ്ട് പോകുന്നതിനായി കൂപ്പു റോഡുകൾ പണിതിരുന്നു. പിന്നീട് ശ്രീ വാട്സ് തിരുവിതാംകൂർ ദിവാനായിരുന്ന കാലത്താണ് ഗതാഗതയോഗ്യമായ റോഡ് നിർമ്മിച്ചത്.

അതുപോലെതന്നെ വാർത്ത വിനിമയ സൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്ന 1955-60 കാലഘട്ടത്തിൽ തമിഴ്നാട്ടിൽ നിന്നും ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ നാലാം വാർഡായ പാലാറ്റിൽ വരെ പാലാർ എസ്റ്റേറ്റ് ഉടമസ്ഥൻ ടെലഫോൺ ലൈൻ വലിച്ചിരുന്നു. പിന്നീട് കുടിയേറ്റക്കാരുടെ വർദ്ധിച്ച വരവോടുകൂടി വളരെ പ്രതാപശാലികളായ പാലാർ എസ്റ്റേറ്റ് ഉടമസ്ഥർ ടി സ്ഥലങ്ങൾ തു

ണ്ടുതുണ്ടായി വില്ക്കുകയും ഈ പ്രദേശത്ത് ജനവാസം ഏറുകയും ചെയ്തു.

ജനവാസം കൂടിയതോടെ പുതിയ താലൂക്കും പഞ്ചായത്തുകളും നിലവിൽ വന്നു. ദേവികുളം താലൂക്കിനെ വിഭജിച്ച് ഉടുമ്പൻചോല താലൂക്കും ഉടുമ്പൻചോല പഞ്ചായത്തിനെ വിഭജിച്ച് നെടുംകണ്ടം പഞ്ചായത്തും രൂപീകരിച്ചു. അങ്ങനെ 1-7-68-ലെ GO-(MS)No. 342/1/681/D എന്ന ഉത്തരവ് പ്രകാരം നെടുംകണ്ടം പഞ്ചായത്ത് നിലവിൽ വന്നു. ആദ്യകാലത്ത് ആഫീസുകൾ എല്ലാം തന്നെ ഉടുമ്പൻചോലയിലാണ് പ്രവർത്തിച്ചു വന്നത്. വോട്ട് ചെയ്യാൻപോലും ഉടുമ്പൻചോലയിൽ നടന്നുപോകേണ്ടി വന്നിരുന്നു. ജോർജ് ജോസഫ് എന്ന കോട്ടയം കലക്ടറുടെ മുൻകൈയ്യിലാണ് ജനനന്മയെ കരുതി നെടുംകണ്ടം താലൂക്ക് ആസ്ഥാനമായത്.

കാട്ടുമൃഗങ്ങളോടും കൊടും കാലാവസ്ഥയോടും രോഗങ്ങളോടും മല്ലടിക്കുന്ന ജനങ്ങൾ മറ്റെല്ലാം മറന്ന് ഒറ്റക്കെട്ടായിരുന്നു. പട്ടയത്തിനും മറ്റ് അത്യാവശ്യ സാഹചര്യങ്ങൾക്കും വേണ്ടി മലയോര കർഷകസംഘത്തിന്റെയും ഹൈലാൻഡ് കർഷക യൂണിയന്റെയും നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങൾ ഐക്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും പ്രതീകങ്ങൾ ആയിരുന്നു. കേരളത്തിന്റെ മിക്കവാറും എല്ലാ പ്രദേശങ്ങളിൽ നിന്നും വന്നിട്ടുള്ള ജനങ്ങൾ ഇടകലർന്ന് ജീവിക്കുന്ന ഈ പഞ്ചായത്ത് ഒരു സമ്മിശ്ര സംസ്കാരത്തിന്റെ സംഗമഭൂമിയാണ്. ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് ഈ പ്രദേശത്തിന്റെ വികസനം നടത്തിയിട്ടുള്ളത്.

ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശത്ത് ആദ്യമായുണ്ടായ വിദ്യാഭ്യാസ സ്ഥാപനം കല്ലാർ ഗവ. L.P. സ്കൂൾ ആണ്. ചില വ്യക്തികളുടെ ശ്രമഫലമായി നെടുംകണ്ടത്ത് സ്ഥാപിച്ച L.P. സ്കൂൾ ആണ് ഇന്നത്തെ പഞ്ചായത്ത് U.P. സ്കൂൾ ആയി മാറ്റിയത്. ഇന്ന് ഈ പഞ്ചായത്തിൽ സ്കൂൾ തലത്തിൽ പതിനഞ്ചും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്ത് ഒന്നും സാങ്കേതിക രംഗത്ത് അഞ്ചും കോളേജ് തലത്തിൽ രണ്ടും സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

ഈ പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ, ആരോഗ്യകേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റോഡുകൾ തുടങ്ങിയ എല്ലാ മേഖലകളിലും ജനങ്ങളുടെ കൂട്ടായ പരിശ്രമമുണ്ട്. എന്നാൽ ഈ ഐക്യത്തിന് ഇപ്പോൾ ചോർച്ച സംഭവിച്ചിരിക്കുന്നു എന്നത് വസ്തുതയാണ്.

ജനങ്ങളിൽ ബഹുഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരും കർഷകത്തൊഴിലാളികളുമാണ്. കാർഷിക മേഖലയായ നെടുംകണ്ടത്ത് ഈ മേഖലയോട് പുതിയ തലമുറ പുലർത്തുന്ന മനോഭാവം നിരാശാജനകമാണ്. പ്രധാന കൃഷിയായ കുരുമുളക് നാശോന്മുഖമായിരിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠത മണ്ണൊലിപ്പുമൂലം അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. പലതരത്തിലുള്ള രോഗങ്ങൾ കൃഷിയെ ബാധിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രതിസന്ധി നേരിടാൻ കർഷകർ കൂട്ടായി മുന്നോട്ടുവരികയും പരിഹാര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൃഷിഭവനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്.

പൊതുവിൽ ഈ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന വികസന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കാൻ നല്ലൊരവസരം കൈവന്നിരിക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തികൊണ്ട് നമ്മുടെ പിന്നോക്കാവസ്ഥ പരിഹരിച്ച് മുന്നേറാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

മുൻ പഞ്ചായത്ത് ഭരണസമിതികൾ

ആദ്യസമിതി 1-7-68 (നോമിനേറ്റഡ്)

ശ്രീ. A.L. ലാസർ പ്രസിഡണ്ട്
ശ്രീ. K.R.G. ഉണ്ണിത്താൻ
ശ്രീ. P. ഗോവിന്ദൻ ചെട്ടിയാർ
ശ്രീ. K.J. മാത്യു
ശ്രീ. മുഹമ്മദ്

1979

ശ്രീ E.K. തോമസ് പ്രസിഡണ്ട്
ശ്രീ. T.K. കൃഷ്ണൻ നായർ വൈസ് പ്രസിഡണ്ട്
ശ്രീ. V.S. ഹനീഫാ റാവുത്തർ
ശ്രീ. P.P. വറുഗീസ്
ശ്രീ. T.R. ദാസ്
ശ്രീ. D. രാധാകൃഷ്ണൻ
ശ്രീമതി. K.B. രാജമ്മ
ശ്രീ. തോമസ് ചിങ്ങന്തറ
ശ്രീ. E.C. ചാക്കോ

1988

ശ്രീ. P.C. തോമസ് പ്രസിഡണ്ട്
ശ്രീ. സ്വാമിനാഥൻ ഉണ്ണിത്താൻ വൈസ് പ്രസിഡണ്ട്
ശ്രീ. അഡ്വ. K.K. നാരായണൻ
ശ്രീ. M. സുകുമാരൻ
ശ്രീ. V.A. ഷാഹുൽ
ശ്രീ. T.B. ഷാജി
ശ്രീ. ജോസഫ് ചാക്കോ
ശ്രീ. ജോസഫ് തോമസ്
ശ്രീ. കുര്യൻ മൈക്കിൾ
ശ്രീ. M.R. തങ്കപ്പൻ
ശ്രീമതി. രുഗ്മിണിയമ്മ M.N.
ശ്രീ. മേരി ജോർജ്

★

3

ഭൂപ്രകൃതിയും വിഭവങ്ങളും

മലകൾ തിങ്ങിനിറഞ്ഞ് കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞതാണ് പൊതുവായ ഭൂപ്രകൃതി. കുന്നുകൾ, കുത്തനെയുള്ള ചരിവുകൾ, താഴ്വരകൾ ഇവ ഇടതൂർന്ന പ്രദേശമാണ് അത്. ആദ്യകാലത്തെ പ്രധാനകൃഷി നെല്ലും, മരച്ചീനിയും, വാഴ, ചേമ്പ്, കാച്ചിൽ തുടങ്ങിയവയുമായിരുന്നു. കാട്ടാന, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം പലപ്പോഴും കൃഷിനാശമുണ്ടാക്കിയിട്ടുണ്ട്. തുടർന്ന് കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, കൊക്കോ, ഇഞ്ചി, ഗ്രാമ്പു, തേയില, ഏലം, റബർ എന്നിവ കൃഷി ചെയ്യാൻ തുടങ്ങി. കുരുമുളകാണ് ഏറ്റവും പ്രധാന കൃഷി. ആദ്യകാലങ്ങളിൽ വിളവ് നല്ല രീതിയിൽ ലഭിച്ചിരുന്നു. അതിവർഷം, കാറ്റ്, വേനൽ എന്നിവ മാറിമാറി അനുഭവപ്പെടുന്നതു കൊണ്ടും പലതരം രോഗങ്ങൾ മൂലവും കുരുമുളക് കൃഷി ഇന്ന് ലാഭകരമല്ല. പഴയ കുരുമുളകു ചെടികളെല്ലാം നാശോന്മുഖമായപ്പോൾ പുതിയവ വച്ചുപിടിപ്പിക്കാൻ കർഷകർ വളരെ അധികം ബുദ്ധിമുട്ടുന്നുണ്ടെങ്കിലും കഴിയുന്നില്ല. തുരിശ്, കുമ്മായം, COC, എന്നീ കീടനാശിനിയും കുമിൾനാശിനിയും കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ടെങ്കിലും വ്യാപകമായും കൂട്ടായും ഉപയോഗിക്കാഞ്ഞതു കാരണം രോഗങ്ങളെ ഫലപ്രദമായി തടയാൻ കഴിയുന്നില്ല.

മണ്ണൊലിപ്പുകാരണം വളരെ വേഗം ഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നതു കാരണം എല്ലാ കൃഷിയിൽനിന്നും ആദായം കുറഞ്ഞുകൊണ്ടിരിക്കുന്നു. ജൈവ വളങ്ങളാണ് ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ വള പ്രയോഗം നടക്കുന്നില്ല. സ്ഥിരമോ ആദായകരമോ ആയ വില ഉല്പന്നങ്ങൾക്കു ലഭിക്കാത്തതുമൂലം കർഷകർ വലിയ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നു. എല്ലാത്തരം കൃഷിയുടേയും ഉല്പാദനക്ഷമത കാര്യമായി കുറഞ്ഞിട്ടുണ്ട്.

ജലസേചന സൗകര്യങ്ങൾ വളരെ കുറവാണ്. ചില ഏലത്തോട്ടങ്ങളിൽ മാത്രമാണ് തടങ്ങൾ നിർമ്മിച്ച് ജലസേചനം നടത്തുന്നത്. (പന്നിവേലി എസ്റ്റേറ്റ്, കൈലാസപ്പാറ എസ്റ്റേറ്റ്, വാൽപ്പാറ എസ്റ്റേറ്റ്) തൂക്കുപാലം നെടുംകണ്ടം എന്നിവിടമാണ് പ്രധാന വിപണനകേന്ദ്രം. ഇടത്തട്ടുകാരുടെ ചൂഷണം വ്യാപകമാണ്. ഒരു മാർക്കറ്റിങ്ങ് സൊസൈറ്റിമാത്രമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ വ്യാപ്തി പരിഗണിച്ചാൽ നെടുംകണ്ടത്തുള്ള ഈ സൊസൈറ്റിക്ക് കാര്യമായിട്ട് ഒന്നും ചെയ്യാനില്ല. കൃഷിയിടങ്ങളുടെ വലിപ്പചെറുപ്പ വിതരണത്തിന്റെ കണക്ക് താഴെകൊടുത്തിരിക്കുന്നു.

ഉടമസ്ഥരുടെ എണ്ണം

1-10 സെന്റ്	10-20 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5 ഏക്കറിനു മുകളിൽ	ആകെ
2250	1324	896	1137	1476	566	833	8482

കർഷകത്തൊഴിലാളി പുരുഷന്മാർക്ക് 75 രൂപയും സ്ത്രീകൾക്ക് 50 രൂപയും കൂലി ലഭിക്കുന്നുണ്ട്.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ അഞ്ചായി തിരിക്കാം.

1. കുന്നിൻ മുകൾ സമതലം
2. കുന്നിൻ ചരിവ്
3. താഴ്വര
4. കുന്നിൻ മുകൾ തരിശ്
5. പാറക്കെട്ട്

ഈ വിഭാഗത്തിൽ ഓരോന്നിന്റെയും വിസ്തൃതി ചുവടെ ചേർക്കുന്നു

ഭൂപ്രകൃതി	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1. കുന്നിൻ മുകൾ	322	4.48
2. കുന്നിൻ ചെരിവ്	5666	78-.76
3. താഴ്വര	451	6.26
4. കുന്നിൻ മുകൾ തരിശ്	527	7.32
5. പാറക്കെട്ട്	229	3.18
ആകെ	**7195**	**100.00**

കാലവർഷം നല്ല രീതിയിൽ ലഭിക്കുന്ന പ്രദേശമാണിത്. കാലവർഷത്തോടൊപ്പം ശക്തമായ കാറ്റും ഉരുൾപൊട്ടലും ഉണ്ടാകാറുണ്ട്. മെയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ

കാലത്ത് വന്പിച്ച കൃഷിനാശവും വ്യാപകമായി വീടുകൾ നശിക്കുകയും ചെയ്യുന്നു. സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ശക്തിയായ തുലാവർഷം ഉണ്ടാകുന്നു. ഡിസംബർ, ജനുവരി മാസങ്ങളിൽ മഞ്ഞും നല്ല തണുപ്പും അനുഭവപ്പെടുന്നു. ശരാശരി വാർഷിക ലഭ്യത. 1995–2019 മി.:മീ; 1996–206.15 മി.:മീ;

കാലാവസ്ഥ പട്ടിക

I. 1995

മാസം	പെയ്തമഴ	അന്തരീക്ഷ ഊഷ്മാവ്	
ജനുവരി	72.0	28.8	8.5
ഫെബ്രുവരി	4.0	29.0	9.8
മാർച്ച്	117.4	31.0	11.5
ഏപ്രിൽ	178.7	30.7	12.6
മെയ്	260.8	30.8	13.0
ജൂൺ	294.8	29.5	13.0
ജൂലൈ	435.4	28.4	12.0
ആഗസ്ത്	386.6	29.5	12.7
സെപ്റ്റംബർ	354.4	29.4	11.5
ഒക്ടോബർ	187.8	29.2	11.4
നവംബർ	130.4	30.2	12.2
ഡിസംബർ	0	26.4	7.8

II. 1996

മാസം	പെയ്തമഴ	അന്തരീക്ഷ ഊഷ്മാവ്	
ജനുവരി	64.6	25.8	7.2
ഫെബ്രുവരി	19.8	29.0	9.0
മാർച്ച്	17.0	30.0	10.4
ഏപ്രിൽ	235.8	33.0	15.0
മെയ്	2.0	32.2	15.4
ജൂൺ	444.6	29.6	13.8
ജൂലൈ	653.5	29.4	12.7
ആഗസ്ത്	242.3	27.6	14.8
സെപ്റ്റംബർ	231.8	28.2	13.6
ഒക്ടോബർ	562.4	28.4	13.2

മണ്ണിനെ ചരൽമണ്ണ്, കറുത്തമണ്ണ്, വനമണ്ണ്, തരിശ്, പാറക്കെട്ട് എന്ന് അഞ്ചായി തിരിക്കാം. പട്ടിക ചേർത്തിരിക്കുന്നു.

മണ്ണിന്റെ ഇനം

	മണ്ണിന്റെ ഇനം	ഹെക്ടർ
1.	ചരൽ കലർന്ന മണ്ണ്	2794
2.	കറുത്ത മണ്ണ്	3048
3.	വനമണ്ണ്	597
4.	തരിശുമണ്ണ്	527
5.	പാറക്കെട്ട്	229
	ആകെ	**7195**

പ്രധാന കൃഷി കുരുമുളകാണ്. കൂടാതെ ഏലം, തേയില എന്നിവ തോട്ടങ്ങളിലായി കൃഷിചെയ്യുന്നുണ്ട്. കാപ്പി, ഇഞ്ചി, വാഴ, തെങ്ങ്, കമുക്, കപ്പ, ചേന, ചേമ്പ്, കൊക്കോ, മാവ്, പ്ലാവ്, മഞ്ഞൾ എന്നിവ ഇടവിളകളായി കൃഷിചെയ്തുവരുന്നു.

വിളകൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ

കുരുമുളക് – ദ്രുതവാട്ടം, കുമിൾരോഗം,
കാപ്പി – കുമിൾ രോഗം, തണ്ടുതുരപ്പൻ
തെങ്ങ് – കൂമ്പു ചീയൽ, മഞ്ഞളിപ്പ്, കാറ്റു വീഴ്ച, ചെല്ലികുത്തൽ, മാഹാളി
കമുക് – കുമിൾരോഗം, മാഹാളി
ഏലം – കീടബാധ, തണ്ടുതുരപ്പൻ, ചീക്കൽ

ഭക്ഷ്യോൽപാദനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ഭക്ഷ്യസാധനങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ നിന്നുമാണ് കൊണ്ടുവരുന്നത്.

നെൽകൃഷി നാമമാത്രമാണ്. ഒരു കാലത്ത് വ്യാപകമായിരുന്ന കപ്പകൃഷി ഇന്നു നാമമാത്രമാണ്. ഭൂവിനിയോഗപ്പട്ടിക ചേർത്തിരിക്കുന്നു.

1991–ലെ കാനേഷുമാരി പ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ 36969 ആയിരുന്നു. ഇതിൽ 18736 പേർ പുരുഷന്മാരും 18233 പേർ സ്ത്രീകളുമാണ്. പട്ടികജാതിക്കാരുടെ എണ്ണം 2299 ആണ്. അതിൽ പുരുഷന്മാർ 1153ഉം സ്ത്രീകൾ 1146 ഉം ആണ്. പട്ടികവർഗ്ഗക്കാരുടെ എണ്ണം 142. അതിൽ പുരുഷന്മാരുടെ എണ്ണം 68ഉം സ്ത്രീകളുടെ എണ്ണം 74ഉം ആണ്. സാക്ഷരരുടെ എണ്ണം 29204. അതിൽ പുരുഷന്മാരുടെ എണ്ണം 15124ഉം സ്ത്രീകൾ 1480ഉം ആണ്.

തൊഴിലില്ലാത്തവർ 8377 പുരുഷന്മാരും 15915 സ്ത്രീകളും ഉൾപ്പെടെ 22292 ആണ്.

തൊഴിലില്ലായ്മ വളരെ രൂക്ഷമാണെന്നു കാണാം. ഏറ്റവും കൂടുതൽ തൊഴിൽ ലഭിക്കുന്നത് തോട്ടം, കൃഷി, ഭവനനിർമ്മാണം, റോഡ് എന്നീ മേഖലകളിലാണ്. ഏതാണ്ട് 110-ഓളം ആളുകൾ വിദേശത്തു ജോലി ചെ

ഭൂവിനിയോഗ പട്ടിക

നമ്പർ	വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	ശതമാനം
1.	നെല്ല്	8	0.11%
2.	പയർ	4	0.05%
3.	പച്ചക്കറികൾ	8	0.11%
4.	തെങ്ങ്	150	2.24%
5.	വാഴ	98	1.46%
6.	മരച്ചീനി	112	1.67%
7.	കുരുമുളക്	5115	76.70%
8.	കാപ്പി	440	6.59%
9.	റബ്ബർ	42	0.62%
10.	കവുങ്ങ്	51	0.76%
11.	ഏലം	597	8.95%
12.	ഇഞ്ചി	30	0.44%
13.	കൊക്കോ	8	0.11%
14.	മഞ്ഞൾ	5	0.07%
	ആകെ	6668	

യ്യുന്നു. പഞ്ചായത്തിലെ തൊഴിൽവിഭജനം സംബന്ധിച്ച പട്ടികചേർത്തിരിക്കുന്നു. (1991-ലെ കനേഷുമാരി അവലംബം.)

തൊഴിൽ വിഭജനം സംബന്ധിച്ച ചാർട്ട്

പ്രധാന ജോലി ക്കാർ		കൃഷി ചെയ്യുന്നവർ		കർഷക തൊഴിലാളികൾ		മൃഗ സംരക്ഷണം വനം, മത്സ്യ ബന്ധനം, വേട്ടയാടൽ, തോക്കു മേഖല		വനനം, കല്ലു പൊട്ടിക്കൽ		വീട്ടുപകരണങ്ങൾ ഉല്പാദനം സംസ്കരണം, അറ്റകുറ്റപ്പണി		വീട്ടുപകരണങ്ങൾ അല്ലാത്ത സാധന സാമഗ്രികളുടെ ഉല്പാദനം സംസ്കരണം അറ്റകുറ്റപ്പണി		നിർമ്മാണ ജോലി		വ്യവസായം വ്യാപാരം		ഗതാഗതം സംഭരണം വാർത്താ വിനിമയം		മറ്റു സേവന തുറ		ഭാഗികമായി തൊഴിലു ള്ളവർ		തൊഴിൽ രഹിതർ	
പു.	സ്ത്രീ.	പു.	സ്ത്രീ	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.	പു.	സ്ത്രീ.
9835	1529	689	70	920	254	5601	1017	54	9	69	12	290	9	160	6	1053	61	291	12	702	479	524	389	8377	15915

4-1

കൃഷിയും ജലസേചനവും

കുടിയേറ്റ കർഷകർ ആദ്യകാലത്ത് നെല്ല്, കപ്പ, ചേമ്പ്, കാച്ചിൽ തുടങ്ങിയവയായിരുന്നു കൃഷി ചെയ്തിരുന്നത്. ഇവയെല്ലാം ഇന്നു നാമമാത്രമായിരിക്കുന്നു. പകരം കുരുമുളക്, കാപ്പി, ഏലം, തെങ്ങ്, കമുക്, കൊക്കോ, ഇഞ്ചി, റബർ തുടങ്ങിയ നാണ്യവിളകളിലേക്കു മാറിയിരിക്കുന്നു. വന്യമൃഗങ്ങളുടെ ശല്യവും കാലാവസ്ഥയിൽ വന്ന മാറ്റവും മൂലമാണ് കൃഷിയിൽ മാറ്റമുണ്ടായത്.

കുരുമുളകാണ് പ്രധാന കൃഷി. മേൽക്കാണിച്ചിരിക്കുന്നവ ഇടവിളയായി കൃഷി ചെയ്യുകയാണ്. കൂടെകൂടെയുള്ള പ്രകൃതിക്ഷോഭവും, കാലാവസ്ഥാമാറ്റവും മൃഗങ്ങളുടെയും, കീടങ്ങളുടെയും ആക്രമണവും മൂലം കൃഷി ഉൽപാദനക്ഷമത കുറഞ്ഞിരിക്കുന്നു.

ജലസേചന സൗകര്യം വളരെക്കുറവാണ്. ഏലത്തോട്ടങ്ങളിൽ പരിമിതമായ ജലസേചന സൗകര്യമാണുള്ളത്. മഞ്ഞപ്പാറ, കാമാക്ഷീവിലാസം, മഞ്ഞപ്പെട്ടി, കൈലാസപ്പാറ തുടങ്ങിയ എസ്റ്റേറ്റുകളിൽ കുളം നിർമ്മിച്ചിട്ടുണ്ട്. പന്നിവേലി എസ്റ്റേറ്റിൽ തടയണ നിർമ്മിച്ചിട്ടുണ്ട്. ഏതാണ്ട് അമ്പതോളം ഹെക്ടറിൽ മാത്രമാണ് ജലസേചന സൗകര്യമുള്ളത്.

കർഷകർക്ക് ഉല്പന്നത്തിന് ന്യായവില ലഭിക്കുന്നില്ല. മാർക്കറ്റിൽ എത്തിക്കുന്നതിന് ഗതാഗത സൗകര്യമില്ല. വരുമാനത്തിന്റെ നല്ല അംശം ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതിന് ചെലവിടേണ്ടിവരുന്നു. നെടുംകണ്ടം, തൂക്കുപാലം തുടങ്ങിയവയാണ് പ്രധാന വിപണന കേന്ദ്രം. പഞ്ചായത്തിൽ നെടുങ്കണ്ടത്തു ഒരു മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നു. ഉല്പന്നങ്ങളുടെ വിലയിൽ ഗണ്യമായ ഒരു ഭാഗം ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നുണ്ട്.

ചെറുകിട നാമമാത്ര കർഷകരാണ് കൂടുതലും. രണ്ടേക്കറിൽ താഴെ ഭൂമിയുള്ളവരാണ് ബഹുഭൂരിപക്ഷവും. സ്വന്തം ഭൂമിയിൽ കൃഷിപ്പണിയെടുക്കുന്ന ആളുകളുടെ എണ്ണം നന്നേ കുറവാണ്. കർഷകത്തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. പുരുഷ തൊഴിലാളിക്ക് ശരാശരി 75 രൂപയും സ്ത്രീ തൊഴിലാളിക്ക് 50 രൂപയുമാണ് കൂലി.

ഏലത്തോട്ടം മേഖലയിലാണ് കുറെയെങ്കിലും ശാസ്ത്രീയ വളപ്രയോഗം നടക്കുന്നത്. സാധാരണ കർഷകർ ജൈവവളമാണ് ഉപയോഗിക്കുന്നത്. നാമമാത്രമായി കീടനാശിനികളും ഉപയോഗിക്കുന്നുണ്ട്. ശാസ്ത്രീയ കൃഷിരീതികളും നല്ലയിനം വിത്തും ഉപയോഗിക്കുന്നതിനാവശ്യമായ ഉപഭോഗനിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കണം. മണ്ണൊലിപ്പു തടയുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ കൃഷി വളരെ വേഗം നശിക്കാനിടയാകും.

പ്രശ്നങ്ങൾ

1. മണ്ണൊലിപ്പുമൂലം കൃഷിഭൂമിയുടെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുന്നു.
2. വിവിധ കാർഷിക വിളകൾക്കുണ്ടാകുന്ന നാശങ്ങൾ – എലി, കീടങ്ങൾ മുതലായവയുടെ ശല്യം
3. ജലസേചന സൗകര്യക്കുറവ്
4. ശാസ്ത്രീയമായ കൃഷിരീതിയുടെ അഭാവം, നല്ല വിത്തിനങ്ങളുടെ ലഭ്യത കുറവാണ്. മണ്ണു പരിശോധന നടത്തി ഉപയുക്തമായ വിള നിശ്ചയിക്കുന്നില്ല.
5. ഉല്പാദനക്ഷമതക്കുറവ്
6. പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശം
7. വിപണി സൗകര്യക്കുറവ്, ഇടത്തട്ടുകാരുടെ ചൂഷണം
8. കൃഷിഭവന്റെ സഹായം വേണ്ടത്ര ലഭിക്കുന്നില്ല
9. മതിയായ വില ലഭിക്കുന്നില്ല
10. ഗതാഗത സൗകര്യക്കുറവ്, കർഷകത്തൊഴിലാളികളുടെ കുറവ്
11. കടബാദ്ധ്യത
12. ശാസ്ത്രീയമായ വളപ്രയോഗത്തിന്റെ അഭാവം
13. സാമ്പത്തിക സഹായത്തിന്റെ കുറവ്
14. വിള ഇൻഷുറൻസ് പദ്ധതി ഇല്ല

സാദ്ധ്യതകൾ

1. മണ്ണു സംരക്ഷണ പദ്ധതി ജനപങ്കാളിത്തത്തോടെ അടിയന്തിരമായി നടപ്പാക്കുക
2. രോഗപ്രതിരോധ പ്രവർത്തനങ്ങളും കീടനശീകരണവും ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പാക്കുക.
3. വാട്ടർഷെഡ് പദ്ധതിയും ചെറുകിട ജലസേചന പദ്ധതികളും നടപ്പാക്കുക.

4. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ വിളകൾ കൃഷിചെയ്യുക. നല്ല വിത്തുകളും അനുയോജ്യമായ ശാസ്ത്രീയ വളപ്രയോഗവും നടത്തുക. കൃഷിനാശമുണ്ടായാൽ അടിയന്തിര സഹായം എത്തിക്കുക. ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക. അതാതു പ്രദേശത്താവശ്യമായ വിത്തിനങ്ങൾ പ്രാദേശികമായി ഉല്പാദിപ്പിക്കുക. ശാസ്ത്രീയ കൃഷിരീതികൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പാക്കാനാവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ ലഭ്യമാക്കുക. ഇതിനായി കൃഷിഭവനുകളെ പുന:സംഘടിപ്പിച്ച് ശക്തിപ്പെടുത്തേണ്ടതുണ്ട്. ഓരോ വാർഡിലും ഓരോ കൃഷി അസിസ്റ്റന്റുമാരെയെങ്കിലും നിയമിക്കണം. കുരുമുളകു സംരക്ഷണ സമിതി, കേരകർഷക സമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കണം.

5. ഓരോ വിളയ്ക്കും ആദായകരമായ വില എല്ലാക്കാലത്തും ലഭ്യമാകുമെന്ന് ഉറപ്പുവരുത്തണം. കർഷകന്റെ കടബാദ്ധ്യത കുറയ്ക്കാൻ ഇത് അത്യാവശ്യമാണ്. വാർഡ് അടിസ്ഥാനത്തിൽ കർഷക സംരക്ഷണ സമിതികൾ രൂപീകരിക്കണം. ഉല്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് ഈ സമിതികൾ വാങ്ങുകയും ന്യായവില ലഭ്യമാക്കുകയും ചെയ്താൽ കർഷകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കാം. ഇവയ്ക്കാവശ്യമായ സാമ്പത്തിക സഹായം ദേശവൽകൃത ബാങ്കുകളും കൃഷിവകുപ്പും ലഭ്യമാക്കണം. സഹകരണമേഖലയേയും ഇതിനായി പ്രയോജനപ്പെടുത്താം. കർഷകരെ സഹായിക്കാൻ ഇന്നു നിലവിലുള്ള സാമ്പത്തിക സഹായ പദ്ധതികൾ, ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവ കാലോചിതമായി പുന:സംവിധാനം ചെയ്യുകയും നടപടികൾ ലഘൂകരിക്കുകയും ചെയ്യുക.

6. കർഷകരുടെ ഉല്പന്നങ്ങൾ അതാതു സ്ഥലത്തു വിറ്റഴിക്കാൻ സൗകര്യം വേണം. ഉല്പന്നങ്ങൾ മാർക്കറ്റിലെത്തിക്കാൻ കർഷകർക്ക് നല്ല ഒരു തുക ചെലവിടേണ്ടിവരുന്നുണ്ട്. ഗതാഗത സൗകര്യക്കുറവാണിതിനു കാരണം.

7. എല്ലാ വിളകൾക്കും നാമമാത്രമായ ചെലവിൽ വിള ഇൻഷുറൻസ് ഏർപ്പെടുത്തണം.

8. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. ഓരോ വീട്ടിലും അടുക്കളതോട്ടങ്ങൾ ഉണ്ടാക്കാൻ വീട്ടമ്മമാരെ പ്രോത്സാഹിപ്പിക്കണം.

9. പാടങ്ങൾ, നികത്താനാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത കർശനമായി നിരോധിക്കണം.

10. ഏലം-ഓക്ഷൻ സെന്റർ നെടുംകണ്ടത്ത് ആരംഭിക്കണം.

നാടിന്റെ പുരോഗതിയ്ക്ക് നമ്മൾ ഒന്നായി

4-2

മൃഗസംരക്ഷണം

കാർഷികമേഖലയായ ഇവിടുത്തെ കർഷകരുടെ ഒരു പ്രധാന വരുമാന മാർഗ്ഗം കന്നുകാലി വളർത്തലാണ്. അടുത്ത കാലത്തായി കന്നുകാലി വളർത്തൽ വളരെയധികം വർദ്ധിച്ചിട്ടുണ്ട്. പശു, ആട്, എരുമ എന്നിവയെയാണ് കൂടുതലും വളർത്തുന്നത്. മുയൽ, പന്നി എന്നിവയെയും അങ്ങിങ്ങായി വളർത്തുന്നുണ്ട്. സങ്കര ഇനം പശുക്കളാണ് ഏറ്റവും കൂടുതലുള്ളത്. അത്യുൽപാദനശേഷിയുള്ള പശുക്കളുമുണ്ട്. പാൽ ഉല്പാദനശേഷി ക്രമേണ വർദ്ധിച്ചുവരുന്നുണ്ട്.

ഒരു മൃഗാശുപത്രി മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഇത് തീർത്തും അപര്യാപ്തമാണ്. പഞ്ചായത്തിന്റെ വിസ്തൃതിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും പരിഗണിച്ചു കൂടുതൽ മൃഗാശുപത്രികൾ സ്ഥാപിക്കേണ്ടതുണ്ട്. രോഗങ്ങൾ, രോഗം വന്നാൽ ചികിത്സിക്കാനുള്ള സൗകര്യക്കുറവ്, കാലിത്തീറ്റയുടെ അമിത വില, പാൽ കൃഷിയുടെ കുറവ്, പാലിന്റെ വിലക്കുറവ്, പുതിയ ഇനങ്ങളുടെ ലഭ്യതകുറവ് ഇവയെല്ലാം ഈ മേഖലയിലെ പ്രത്യേകതകളാണ്. പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടുതൽ വ്യാപകവും കാര്യക്ഷമവുമാകേണ്ടതുണ്ട്.

ശാസ്ത്രീയ കോഴിവളർത്തൽ ഈ പഞ്ചായത്തിൽ ഇല്ല. വീടുകളിൽ ചെറിയ തോതിൽ വളർത്തുന്നുണ്ട്. നല്ല ഇനം കോഴികളെ കിട്ടാനില്ല. വല്ലപ്പോഴും മൃഗാശുപത്രികളിൽ കൂടി കോഴിക്കുഞ്ഞുങ്ങളെ നാമമാത്രമായി വിതരണം ചെയ്യാറുണ്ട്. ഇറച്ചിക്കോഴികൾ ഇവിടെയില്ല.

മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനം അപര്യാപ്തമാണ്. രണ്ടു മൃഗാശുപത്രികളും ആവശ്യത്തിനും ബീജ സങ്കലനകേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ സ്ഥാപിച്ചാൽ ഇന്നത്തെ പ്രശ്നങ്ങൾക്കു കുറെയൊക്കെ പരിഹാരം കാണാൻ കഴിയും. കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ (1) പരാദരോഗങ്ങൾ (2) ദഹനസംബന്ധമായ (3) വന്ധ്യത (4) മുടന്തൻ പനി (5) പ്രത്യുൽപാദനപരം (6) ശ്വാസകോശ സംബന്ധം.

രോഗം സംബന്ധിച്ച പട്ടിക ചേർത്തിരിക്കുന്നു.

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി
1.	ദഹന സംബന്ധമായവ	909	106	368	14	48
2.	ശ്വാസകോശ സംബന്ധം	142	20	33	–	45
3.	ഉപാപചയ സംബന്ധം	6	–	–	–	–
4.	ത്വക്ക് രോഗങ്ങൾ	17	–	4	–	–
5.	ധാതുലവണങ്ങളുടെ അഭാവം	45	15	16	–	20
6	പരാദ രോഗങ്ങൾ	1997	80	277	–	–
7.	പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	264	38	49	–	–
8.	വന്ധ്യത	658	43	15	–	–
9.	അകിടുവീക്കം	91	5	15	–	–
10.	മുടന്തൻപനി	398	27	96	–	–

പ്രശ്നങ്ങൾ

1. അത്യുൽപാദനശേഷിയുള്ള കന്നുകാലികൾ കുറവാണ്.
2. കന്നുകാലികൾക്കു വിവിധയിന രോഗങ്ങളുണ്ടാകുന്നു.
3. പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയേ ഉള്ളു. ചികിത്സ, രോഗപ്രതിരോധ കുത്തിവയ്പ്, ബീജസങ്കലനം എന്നിവയ്ക്കും വേണ്ടത്ര സൗകര്യമില്ല. പെരിഞ്ഞാക്കുട്ടി, മഞ്ഞപ്പാറ, ഇലപ്പാറഎന്നീ സ്ഥലങ്ങളിൽ നിന്നു 10-17 Km സഞ്ചരിച്ചാണ് മൃഗാശുപത്രിയിൽ എത്തുന്നത്.
4. തീറ്റ പുൽകൃഷി നാമമാത്രമാണ്.
5. കാലിത്തീറ്റയുടെ അമിതവില
6. നല്ല കാലിത്തൊഴുത്തുകളില്ല.
7. പാലിനു മതിയായ വിലയില്ല.
8. മരുന്നിന്റെ അമിതവില
9. പല വാർഡുകളിലും വിപണന സൗകര്യമില്ല.
10. പേപ്പട്ടിശല്യം
11. കന്നുകാലി ചന്ത ഇല്ല.
12. ശാസ്ത്രീയ സൗകര്യമുള്ള അറവുശാലകൾ ഇല്ല.

സാധ്യതകൾ

1. അത്യുൽപാദന ശേഷിയുള്ള കന്നുകാലികളെ ലഭ്യമാക്കുക.
2. രോഗപ്രതിരോധന നടപടികൾ സ്വീകരിക്കണം. ചികിത്സ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. വിസ്തൃതമായ ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി മാത്രമാണുള്ളത്. വിസ്തൃതിയും, ബുദ്ധിമുട്ടും പരിഗണിച്ച് ഒരു മൃഗാശുപത്രിയെങ്കിലും ഈ പഞ്ചായത്തിൽ അനുവദിക്കണം. ബീജസങ്കലന കേന്ദ്രങ്ങൾ ഓരോ വാർഡിലും ആവശ്യമാണ്.
3. തീറ്റ, പുൽക്കൃഷി ഗ്രൂപ്പടിസ്ഥാനത്തിൽ നടത്താൻ വിത്തും സഹായവും നൽകുക, തരിശായി കിടക്കുന്നിടത്തും ഇത് സാദ്ധ്യമാണ്.
4. കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് മിൽമാ സൊസൈറ്റികളിലൂടെയും അവയില്ലാത്തിടത്ത് സഹകരണ സംഘങ്ങളിലൂടെയും ലഭ്യമാക്കണം.
5. നല്ല കാലികളെ വാങ്ങാനും കാലിത്തൊഴുത്ത് നിർമ്മിക്കാനും സബ്സിഡിയോടുകൂടിയ വായ്പ ആവശ്യാനുസരണം വിതരണം ചെയ്യണം.
6. സഹകരണ മേഖലയിൽ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും. വനിതകളെ ഈ ഭാഗത്തു കൂടുതൽ ഉപയോഗിക്കാൻ കഴിയും.
7. മത്സ്യമാർക്കറ്റുകൾ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം.
8. മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ എന്നിവ സഹകരണ മേഖലയിൽ തുടങ്ങുവാൻ സാധിക്കും. നല്ല വിപണന സാദ്ധ്യതയുണ്ട്.
9. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിൽ മൃഗ ഡോക്ടർമാരുടെ സേവനം അത്യന്താപേക്ഷിതമാണ്. ആയതിനു വേണ്ടി സഞ്ചരിക്കുന്ന മൃഗാശുപത്രി അനുവദിക്കേണ്ടതാണ്.
10. പാൽ സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാകുകയും പാലുല്പാദകർക്ക് ന്യായവില കിട്ടാനുള്ള ശ്രമം നടത്തുകയും ചെയ്യണം. പല പാൽ സൊസൈറ്റികളിലുമുള്ള അഴിമതി ഇല്ലാതാക്കാനുള്ള ശ്രമം നടക്കേണ്ടതാണ്.

വളർത്തുപക്ഷി സംഖ്യ

മേൽത്തരം കോഴി	നാടൻ കോഴി	താറാവ്
1114	25827	340

വളർത്തുമൃഗ സംഖ്യ

കാള നാടൻ	കാള സങ്കരം	പശു നാടൻ	പശു സങ്കരം	എരുമ	പോത്ത്	ആട്		പന്നി	പട്ടി
						പെൺ	ആൺ		
339	575	1943	14319	1132	159	4009	1623	1036	5021

വികസനജ്യോതിയുടെ പൊൻവെട്ടം

4-3

വ്യവസായം

ഹോളോബ്രിക്സ് ഫാക്ടറിയും ഒരു കാലിത്തീറ്റ ഫാക്ടറിയും (രണ്ടു സ്വകാര്യ വ്യക്തികളുടെ) ഒഴിച്ചാൽ മറ്റു വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. കയർ ഒഴികെയുള്ള പരമ്പരാഗത വ്യവസായങ്ങൾക്കൊന്നും ഈ പഞ്ചായത്തിൽ സാദ്ധ്യതയില്ല. കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ആധുനിക വ്യവസായങ്ങൾക്കാണ് ഏറെ സാധ്യതയുള്ളത്. മൂന്നാം വാർഡിൽ വനിതകൾ നടത്തിക്കൊണ്ടിരുന്ന ഒരു പട്ടുനൂൽ വ്യവസായ യൂണിറ്റും കറിപൗഡർ യൂണിറ്റും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ചെറുകിട ഫാക്ടറി അടിസ്ഥാനത്തിൽ കുരുമുളക് സംരക്ഷണവും ഏലം സംരക്ഷണവും നടത്താൻ കഴിയും. സഹകരണമേഖലയിൽ വനിതകൾക്ക് കോഴി വളർത്തൽ, തേനീച്ച വളർത്തൽ, കയർ, സാമ്പ്രാണി, മെഴുകുതിരി, അച്ചാറ്, ക്ഷീരോല്പന്നങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങാൻ കഴിയും. കരിങ്കല്ല്, കാലിത്തീറ്റ, തടിമില്ല്, ഫർണിച്ചർ, കെട്ടിടനിർമ്മാണോപകരണങ്ങൾ, കമ്പോസ്റ്റ് വളം, കൊപ്രാ ആട്ട്, കാപ്പിപ്പൊടി എന്നിവയിൽ താൽപര്യമുള്ളവരെ ധനസഹായം നല്കി, വേണ്ട പരിശീലനം കൊടുത്ത് പ്രോത്സാഹിപ്പിച്ചാൽ വ്യവസായിക പുരോഗതി നേടാനാകും.

പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിന് തയ്യാറുള്ളവർ ഉണ്ട്. ആവശ്യമായ വൈദ്യുതി വേണം.
2. മൂന്നാം വാർഡിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പട്ടുനൂൽ വ്യവസായവും കറിപൗഡർ യൂണിറ്റും പുനരുദ്ധരിക്കണം.
3. വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാൻ റെഡിമെയ്ഡ് വസ്ത്രങ്ങൾ, തയ്യൽ, പ്ലാസ്റ്റിക് നിർമ്മാണം, തീപ്പെട്ടി, മെഴുകുതിരി, ക്ഷീരോല്പന്നങ്ങൾ ഉല്പാദനം, വ്യവസായികാടിസ്ഥാനത്തിൽ കോഴി വളർത്തൽ എന്നിവ ആരംഭിക്കണം.
4. ഫാക്ടറി അടിസ്ഥാനത്തിൽ തടിമില്ല്, ഫർണിച്ചർ, കെട്ടിട നിർമ്മാണ സാമഗ്രികൾ, കമ്പോസ്റ്റ് വളം, പാക്ക് സംസ്കരണം, കുരുമുളക്, ഏലം സംസ്കരണം എന്നിവ നടത്തണം. കരിങ്കല്ല് പൊടിക്കുന്ന വ്യവസായത്തിനും സാധ്യതയുണ്ട്.
5. തെങ്ങുകൃഷി വ്യാപകമായി വരുന്നതിനാൽ കേരാധിഷ്ഠിത വ്യവസായങ്ങൾക്കും സാദ്ധ്യതയുണ്ട്.
6. വിദഗ്ദ്ധന്മാരുടെ അഭാവമുണ്ട്.

പരിഹാര നിർദ്ദേശങ്ങൾ

1. മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം
2. ജനപങ്കാളിത്തത്തോടെ സഹകരണമേഖലക്ക് പ്രാധാന്യം നല്കിവേണം വ്യവസായങ്ങൾ ആരംഭിക്കാൻ. ഇതിനാവശ്യമായ സമ്പത്ത് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കണ്ടെത്തണം. ഗ്രാമപഞ്ചായത്തുകൾ മുൻകൈയെടുത്ത് വിഭവസമാഹരണം നടത്തണം. ജനങ്ങളുടെ സഹകരണത്തോടെ സ്ഥലവും മറ്റു പശ്ചാത്തലസൗകര്യങ്ങളും സംഘടിപ്പിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന താല്പര്യമുള്ളവർക്ക് വിദഗ്ധ പരിശീലനം നല്കണം. വൈദ്യുതി ലഭ്യമാക്കണം.
3. താല്പര്യമുള്ള സ്വകാര്യവ്യക്തികൾക്ക് ആവശ്യമായ സഹകരണവും പിന്തുണയും നല്കണം.
4. സ്ത്രീകൾക്ക് പ്രത്യേകമായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായങ്ങൾ നടത്താവുന്നതാണ്.
5. വ്യവസായങ്ങൾക്ക് ലൈസൻസു ലഭിക്കാൻ ഇന്നുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും സമയബന്ധിതമായി ലൈസൻസു ലഭിക്കാൻ നിയമമുണ്ടാക്കുകയും ചെയ്യണം.
6. വിദ്യുച്ഛക്തി യഥാവസരം ലഭ്യമാക്കണം.
7. വിദേശത്ത് ജോലിചെയ്യുന്നവരുടെ സഹായം വ്യവസായത്തിൽ ലഭ്യമാക്കാൻ ശ്രമിക്കണം.
8. രാമക്കൽമെടും തൂവൽ വെള്ളച്ചാട്ടവും ടൂറിസ്റ്റുകേന്ദ്രമാക്കി വികസിപ്പിക്കണം.



4-4

ഊർജ്ജം, ഗതാഗതം

പഞ്ചായത്തിന്റെ ഭൂരിഭാഗവും അവികസിത പിന്നോക്ക പ്രദേശങ്ങളാണ്. മൂന്നിലൊന്നു പ്രദേശത്തുപോലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടില്ല. 11268 വീടുകളുള്ളതിൽ 3250 വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. ഇതിൽനിന്നും വൈദ്യുതീകരണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസിലാകും. മിനിമം ഗാരണ്ടി അടച്ചുകൊണ്ടിരിക്കുന്നവർക്കുപോലും കണക്ഷൻ കിട്ടിയിട്ടില്ല. വോൾട്ടേജ് ക്ഷാമം അതിരൂക്ഷമാണ്.

കാറ്റിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന ഒരു പദ്ധതിയുടെ ചില പ്രാരംഭപ്രവർത്തനങ്ങൾ രാമക്കൽമേട്ടിൽ നടന്നിരുന്നു. എന്നാൽ അത് ഉപേക്ഷിച്ച മട്ടാണെന്ന് തോന്നുന്നു. പുതിയ സാഹചര്യത്തിൽ ആ പദ്ധതി ഏറ്റെടുക്കാൻ നമ്മുടെ ജില്ലാ പഞ്ചായത്തിനു കഴിയും. ഇതു സജീവമായി പരിഗണിക്കുകയും നടപ്പിലാക്കുകയും ചെയ്താൽ ഈ പ്രദേശത്തെ ഊർജപ്രതിസന്ധി പരിഹരിക്കാൻ കഴിയും.

വീട്ടാവശ്യത്തിന് വിറകാണ് മഹാഭൂരിപക്ഷം ജനങ്ങളും ഉപയോഗിക്കുന്നത്. വിറകിനു വലിയ ക്ഷാമവും വിലവർദ്ധനവും അനുഭവപ്പെടുന്നു. തെങ്ങുകൃഷിയുള്ളതുകൊണ്ടാണ് വിറകിന്റെ ബുദ്ധിമുട്ട് അത്ര രൂക്ഷമായി അനുഭവപ്പെടാത്തത്.

ഗോബർഗ്യാസ് അങ്ങിങ്ങായിട്ട് ഉപയോഗിക്കുന്നുണ്ട്. കാലിവളർത്തൽ വ്യാപകമായിട്ടുള്ളതുകൊണ്ട് ഗോബർഗ്യാസ് പ്ലാന്റ് വ്യാപകമാക്കി ഊർജ്ജപ്രശ്നത്തിന് നല്ലൊരളവുവരെ പരിഹാരം കാണാൻ കഴിയും. ഇതിനായി കർഷകരെ സഹായിക്കാൻ ധനകാര്യസ്ഥാപനങ്ങൾ തയ്യാറാകണം. മണ്ണെണ്ണയാണ് വെളിച്ചത്തിനായി സാധാരണ ഉപയോഗിക്കുന്നത്, എന്നാൽ ആവശ്യാനുസരണം മണ്ണെണ്ണ ലഭ്യമല്ല. റേഷൻ വിഹിതം കുറച്ചിരിക്കുകയാണ്. പൊതുമാർക്കറ്റിൽ തീ വിലയാണ്. അപൂർവ്വമായി പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. കുക്കിംഗ് ഗ്യാസിന്റെ ഉപയോഗവും നാമമാത്രമാണ്. ദക്ഷതയേറിയ അടുപ്പുകളുടെ ഉപയോഗം അങ്ങിങ്ങായിട്ടുണ്ട്. ഇത് വ്യാപകമാക്കുന്നതിന് സാമൂഹ്യസംഘടനകളുടെ നേതൃത്വത്തിൽ ബോധവൽക്കരണം നടത്തണം. ഇത്തരം അടുപ്പുകൾ സ്ഥാപിച്ചാൽ വിറകിന്റെ ഉപയോഗം മൂന്നിലൊന്നു കണ്ട് കുറയ്ക്കാനും വീട്ടമ്മമാരുടെ ആരോഗ്യം സംരക്ഷിക്കാനും കഴിയും. 1988--നോടു കൂടിയാണ് പാചകവാതക ഉപയോഗം തുടങ്ങിയത്. ഉപയോഗം ഇപ്പോൾ കുറേ വർദ്ധിച്ചിട്ടുണ്ട്. 76 വെപ്പർ ലാമ്പും 15 ഫ്ലൂറസെന്റ് റ്റ്യൂബും 75 ബൾബുകളും ഉൾപ്പെടെ 166 തെരുവുവിളക്കുകളാണ് പഞ്ചായത്തിലാകെ ഉള്ളത്.

മുഖ്യ പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും വൈദ്യുതി എത്തിക്കുക. താരതമ്യേന സാമ്പത്തികമായി ഉയർന്നവർക്കാണ് വൈദ്യുതി കണക്ഷൻ ലഭിക്കുന്നത്. ഹരിജൻ കോളനികളിലും ലക്ഷം വീടുകളിലും വൈദ്യുതി ഇല്ല. മിനിമം ഗാരണ്ടി ഒപ്പുവച്ചിട്ടുള്ള എല്ലാവർക്കും ഉടനടി കണക്ഷൻ നല്കുക.
2. വോൾട്ടേജ് വളരെ കുറവാണ് പ്രസരണ നഷ്ടമുണ്ട്.
3. സ്ട്രീറ്റു ലൈറ്റുകൾ ഇല്ല.
4. ബയോഗ്യാസു പ്ലാന്റുകൾ സ്ഥാപിക്കുക. കിട്ടിക്കൊണ്ടിരുന്ന 4500 രൂപ സബ്സിഡി പുനഃസ്ഥാപിക്കുക.
5. പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കുക.
6. ഇന്ധനങ്ങൾ
   1. വിറകിന്റെ അമിതമായ വില. വിറകു കിട്ടാനുള്ള ബുദ്ധിമുട്ട്
   2. മണ്ണെണ്ണ ആവശ്യത്തിനു ലഭിക്കുന്നില്ല.

പരിഹാര നിർദ്ദേശങ്ങൾ

1. കാറ്റിൽ നിന്നും വൈദ്യുതി

   ഊർജ്ജവകുപ്പിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിലെ സുബാഷ് ടർബൽ പ്രോജക്ട് കമ്പനിയും ചേർന്ന് കാറ്റിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിക്കായി അണക്കരമെട്ടിലെ 293 ഏക്കറും മഞ്ചനമെട്ട് രാമക്കൽമെട്ട് ഉൾപ്പെടുന്ന 85 ഏക്കർ സ്ഥലവും ഉൾപ്പെടെ 378 ഏക്കർ സ്ഥലം സർവ്വേ നടത്തി അധികാരികൾക്കു സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി ആവിഷ്കരിച്ച് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

2. തൂവൽ ജലവൈദ്യുത പദ്ധതി

   തൂവൽ അരുവിയിലുള്ള വെള്ളച്ചാട്ടത്തിൽ നിന്ന്

വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയും. ഈ മിനി ജല വൈദ്യുതപദ്ധതി പൂർത്തിയാക്കിയാൽ ഈ പ്രദേശത്തെ വൈദ്യുതി ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

3. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായവർക്കെല്ലാം വൈദ്യുതി കണക്ഷൻ നല്കുന്നതിനും വേണ്ടി നെടുങ്കണ്ടത്ത് ഒരു സബ്സ്റ്റേഷൻ പണിയുകയും ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും ചെയ്യുക. പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
4. ബയോഗ്യാസ് പ്ലാന്റുകൾ കാലിവളർത്തുന്ന എല്ലാ വീടുകളിലും സ്ഥാപിക്കാനുള്ള ഒരു പദ്ധതിക്ക് രൂപം നല്കുക. അതിനായി ഖാദിബോർഡ്, അനർട്ട് തുടങ്ങിയ ഏജൻസികളെ ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ നടത്താവുന്നതാണ്. അതുപോലെ സോളാർ വിളക്കുകൾ, കോബായ്ട് ഫ്ളൂറസന്റ് ലാമ്പുകൾ എന്നിവയും സ്ഥാപിക്കാവുന്നതാണ്.
5. പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക. വിറകിന്റെ ക്ഷാമം പരിഹരിക്കുന്നതിന് വനത്തിൽ വീണു കിടന്നു നശിക്കുന്ന തടി ശേഖരിച്ച് ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ വിറകു ഡിപ്പോ നടത്താവുന്നതാണ്. സാമൂഹ്യവനവൽക്കരണത്തിലൂടെയും വിറകിന്റെ ക്ഷാമം പരിഹരിക്കാം.

സ്വയപ്രയത്നത്തിന്റെ പുനരർപ്പണം

ഗതാഗതം

വിസ്തൃതമായ ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യം വളരെ കുറവാണ്. നല്ല റോഡുകളുടെ അഭാവമാണ് ഇതിനു കാരണം. ഗ്രാമീണ ചെമ്മൺ റോഡുകളാണ് ഭൂരിപക്ഷം. കല്ലാർ രാമക്കൽ മേട് (12 കി.മീ.) കുമളി- മൂന്നാർ റോഡ് (6 കി.മീ.) ചേമ്പളം എഴുകും വയൽ റോഡ് (5 കി.മീ.) നെടുംകണ്ടം താന്നിമൂട് റോഡ് (1½ കി.മീ.) എന്നിവയാണ് P.W.D ഏറ്റെടുത്തിട്ടുള്ളത്. മറ്റു റോഡുകൾ എല്ലാം തന്നെ പഞ്ചായത്തുറോഡുകൾ ആണ്. റോഡുകളുടെ ആകെ നീളം 246.934 കി.മീ. ആണ്.

പ്രധാന റോഡുകൾ വിട്ടാൽ ബസ് ഗതാഗതസൗകര്യമുള്ള സ്ഥലങ്ങൾ നാമമാത്രമാണ്. ജീപ്പിനെ ആശ്രയിച്ചാണ് മറ്റ് എല്ലാ സ്ഥലങ്ങളിലും യാത്ര ചെയ്യുന്നത്. നെടുംകണ്ടത്ത് ഒരു ബസ്സ്റ്റാൻഡ് ഉണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. ടാക്സി, ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ ഇവയില്ല. യാത്രക്കാർക്കാവശ്യമായ വെയിറ്റിംഗ് ഷെഡ്ഡോ, മൂത്രപ്പുരയോ ഈ പഞ്ചായത്തിലില്ല. റോഡുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്തുന്നില്ല. റോഡുകൾക്ക് ഓടകൾ ഇല്ലാത്തതുകൊണ്ട് മലവെള്ളപാച്ചിലിൽ റോഡ് ഒലിച്ചു പോകുന്നു.

പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം. ആവശ്യമായവ പുതിയതായി നിർമ്മിക്കണം.
2. റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം. വശങ്ങൾ കെട്ടി ബലപ്പെടുത്തണം.
3. കലുങ്കുകളും, ചപ്പാത്തുകളും, പാലങ്ങളും, നടപ്പാലങ്ങളും നിർമ്മിക്കണം.
4. റോഡുകളുടെ അറ്റകുറ്റപ്പണികൾ വാർഷികമായി നടത്തണം.
5. വെയിറ്റിംഗ് ഷെഡ്, മൂത്രപ്പുര ഇവ നിർമ്മിക്കണം.
6. ബസ്സ്റ്റാൻഡിന്റെ പണി അടിയന്തിരമായി പൂർത്തീകരിക്കണം.
7. ടാക്സി, ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ പ്രത്യേകമായി നിർമ്മിക്കണം.

റോഡുകൾ: പ്രശ്നങ്ങളും പരിഹാരങ്ങളും

വാർഡ് I – പ്രശ്നങ്ങൾ

ഈ വാർഡിൽ ഗതാഗത സൗകര്യം തീർത്തും കുറവാണ്. റോഡുകളെല്ലാം തകർന്ന നിലയിൽ.

പരിഹാരനിർദ്ദേശങ്ങൾ

1982-ൽ NREP- സ്കീമിൽ പണിതുടങ്ങിയ 13.5 കി.മീ. കൽകൂന്തൽ-പെരിഞ്ചാംകുട്ടി റോഡിൽ 3. കി.മീ. ടാർ ചെയ്തിട്ടുണ്ട്. അതും തകർന്ന നിലയിൽ ആണ്. ഈ റോഡ് അടിയന്തിരമായി പണി പൂർത്തിയാക്കി ബസ് ഗതാഗതത്തിന് യോഗ്യമാക്കണം. ഇതിനെ നെടുംകണ്ടം -എറണാകുളം സ്റ്റേറ്റ് ഹൈവേയോട് ബന്ധിപ്പിക്കാം. ഈ റോഡിന്റെ 5-ാം കി.മീ.നിന്ന് (കർമ്മലഗിരിയിൽ നിന്ന്) മാവടിവഴി കാരിത്തോട്ടിലേയ്ക്കുള്ള 5. കി.മീ. റോഡിന്റെ പണി പൂർത്തിയാക്കണം. മാവടിപള്ളി സിറ്റിയിൽനിന്നും കൽകൂന്തൽ പെരിഞ്ചാംകുട്ടി റോഡിന്റെ പൊന്നാമലയിൽ ചേരുന്ന അതിപ്രാധാന്യമുള്ള റോഡിന്റെ പണി പൂർത്തിയാക്കണം. പെരിഞ്ചാംകുട്ടി-മേലേചിന്നാർ റോഡ് 6 മീറ്റർ വീതിയിൽ മൺപണി നടത്തിയിട്ടുണ്ട്. ബാക്കിപണി പൂർത്തിയാക്കണം. കർമ്മലഗിരി മാവടി റോഡിൽ നിന്നും കാലാക്കാട് വഴി 1-ാം നമ്പറിൽ ചേരുന്ന റോഡിന്റെ പകുതി മൺപണി തീർന്നിരിക്കുന്നു. അടിയന്തിരമായി ബാക്കി പണി പൂർത്തിയാക്കണം. പൊന്നാമല-മേലേചിന്നാർ, പൊന്നാമല-കാരിത്തോട്, ബഥേൽ -മന്നങ്കാമുടി റോഡുകൾ പൂർത്തിയാക്കണം.

നേതാജിനഗർ, കാരിത്തോട് ഇവിടങ്ങളിൽ നടപ്പാലവും, പെരിഞ്ചാംകുടി, ബഥേൽ എന്നിവിടങ്ങളിൽ പാലങ്ങളും നിർമ്മിക്കുന്നതോടൊപ്പം റോഡുകൾക്കാവശ്യമായ ഓടകൾ നിർമ്മിക്കുകയും വേണം.

കൽകൂന്തൽ പെരിഞ്ചാംകുട്ടി റോഡിൽ 2-ാം കി.മീ റ്ററിൽ നീർകെട്ടുമാറ്റണം.

വാർഡ് II - പ്രശ്നങ്ങൾ

22 കി.മീ. റോഡുകൾ ഉള്ളതിൽ 16. കി.മീ. ചെമ്മൺ റോഡാണ്. ഗതാഗത യോഗ്യമല്ല.

പരിഹാരനിർദ്ദേശങ്ങൾ

കൽകൂന്തൽ-ചാറൽമേട്- കാമാക്ഷി വിലാസം റോഡ്-പുതുതായി പണിയണം. കുരിശുപാറ, ചീനിപ്പാറ, ചിന്നപ്പച്ചടി -DFO കാട്, കുരിശുപാറ-മഞ്ഞപ്പാറ, കുരിശുപാറ-ചീനിപ്പാറ എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കണം. മഞ്ഞപ്പെട്ടി എസ്റ്റേറ്റുഭാഗത്ത് ഒരു കലുങ്കുപാലവും ആവശ്യമാണ്. കൽകൂന്തൽ-മഞ്ഞപ്പെട്ടി റോഡിലും, പുതുപ്പള്ളിപ്പടി-ചെമ്പക്കുഴി റോഡിലും നീർകെട്ട് ഒഴിവാക്കാൻ കലുങ്കുകൾ വേണം.

വാർഡ് III - പ്രശ്നങ്ങൾ

വാർഡിലുള്ള ഒരു റോഡും ഗതാഗത യോഗ്യമല്ല. പുതിയറോഡ് ആവശ്യമാണ്.

പരിഹാരനിർദ്ദേശങ്ങൾ

ഗുരുമന്ദിരം-പരിവർത്തനമെട്ട്, നെടുംകണ്ടം LHDP കോളനി- കൈലാസപ്പാറ, പഴയബസ്സ്റ്റാൻഡ്-പരിവർത്തനമെട്ട്, പഞ്ചായത്തു പടി- CSI പള്ളിറോഡ്, കിഴക്കേക്കവല CSI പള്ളിറോഡ്, എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കണം.

പുതുതായി കരടി വളവുമെട്ട്- കൈലാസപ്പാറ, പരിവർത്തനവെട്ട്- കൈലാസപാറ, SNDP ജംഗ്ഷൻ-ലക്ഷംവീട്-ബസ്സ്റ്റാൻഡ് എന്നീ റോഡുകൾ വേണം.

വാർഡ് IV - പ്രശ്നങ്ങൾ

താന്നിമൂട് മുതൽ കോമ്പയാർ വരെ മാത്രമേ ഗതാഗതമുള്ളൂ.

പരിഹാരനിർദ്ദേശങ്ങൾ

താന്നിമൂട്-തേവാരംമെട്ട് PWD ഏറ്റെടുക്കണം. കോമ്പയാർ പുതുപ്പള്ളിപ്പടിയിൽ നിന്നും ആരംഭിക്കുന്ന റോഡ് പൊന്നാംകാണി- സ്വർണ്ണക്കുഴിവഴി പാറത്തോടുമായി ബന്ധിപ്പിക്കണം. ആനക്കല്ല്-ശൂലപ്പാറ റോഡ് പണിയണം. പാലാർഭാഗത്ത് വാർഡ് 4,5 വാർഡുകൾ ബന്ധിപ്പിക്കുന്ന നടപ്പാലം വേണം.

താന്നിമൂട്-തേവാരംമെട്ട് റോഡിൽ ദിവാകരൻപടി വരെ മാത്രമേ മെറ്റൽ ഇട്ടിട്ടുള്ളൂ. ബാക്കി തേവാരം മെട്ടുവരെയുള്ള റോഡ് എത്രയും വേഗം പണി നടത്തണം. പട്ടത്തിമുക്ക്-പൊന്നാങ്കാണി-സ്വർണ്ണക്കുഴി-ആനക്കല്ല് വഴി തേവാരം മെട്ട് റോഡ് പണിയണം. കോമ്പയാർ (ഷാപ്പുപടി) മുതൽ പൊന്നാങ്കാണി വരെയുള്ള റോഡ് ആവശ്യമാണ്. തങ്ങൾപ്പടി പൊന്നാങ്കാണി റോഡ് വേണം. ഈ പറഞ്ഞ റോഡുകൾക്ക് ആവശ്യമായ കലുങ്ക്, പാലം, ചപ്പാത്ത് ഇവ നിർമ്മിക്കണം.

വാർഡ് V - പ്രശ്നങ്ങൾ

വാർഡിലുള്ള 30 കി.മീ. റോഡും ചെമ്മണ്ണാണ്. ഗതാഗത യോഗ്യമല്ല.

പരിഹാരനിർദ്ദേശങ്ങൾ

തൂക്കുപാലം-പുഷ്പകണ്ടം റോഡ് അടിയന്തിരമായി ഗതാഗത യോഗ്യമാക്കണം. തൂക്കുപാലം-പുഷ്പകണ്ടം-തേവാരംമെട്ട്, കോമ്പയാർ- പുഷ്പകണ്ടം, കട്ടേക്കാനം-അണക്കര, പാലാർ ആനക്കല്ല്, ആനക്കല്ല്, ശൂലപ്പാറ, പുഷ്പകണ്ടം-പാലാർ എന്നീ റോഡുകൾക്ക് ആവശ്യമായ കലുങ്കുകളും, പാലവും, ചപ്പാത്തുകളും തീർത്ത് പണി പൂർത്തിയാക്കണം. അണക്കര-പുഷ്പകണ്ടം ഷോട്ട്കട്ട് റോഡിൽ വാസുപ്പടിയിൽ നടപ്പാലം വേണം. കട്ടപ്പനപ്പടി റോഡിലും, അറയ്ക്കൽപ്പടി റോഡിലും, രവി എസ്റ്റേറ്റു പടിയ്ക്കലും പാലം ആവശ്യമാണ്.

വാർഡ് VI - പ്രശ്നങ്ങൾ

വാർഡിൽ പഞ്ചായത്തു മൺറോഡുകൾ 12 എണ്ണമുണ്ട്. ഗതാഗതയോഗ്യമായ ഒരു റോഡു മാത്രമാണുള്ളത്. അത് രാമക്കൽ മേട്ടിൽ അവസാനിക്കുന്നതാണ്. ഇവിടെ KSRTC ഉൾപ്പെടെ നിരവധി ബസ്സുകൾ സർവ്വീസ് നടത്തിയിരുന്നു. അവയെല്ലാം തന്നെ സർവ്വീസ് നിർത്തിയിരിക്കുന്നു.

താഴെപ്പറയുന്ന റോഡുകൾ വാഹനഗതാഗതയോഗ്യമാക്കണം

വെസ്റ്റ്പാറ-കുഴിപ്പെട്ടി-അണക്കരറോഡ്, വെസ്റ്റ്പാറ-അട്ടേക്കാനം റോഡ്, വെസ്റ്റ്പാറ-മങ്കരമെട്ട്റോഡ്, തുളസിപ്പാറ-മന്തിപ്പാററോഡ്, ചോറ്റുപാറ- സന്യാസിപ്പാറ റോഡ്, മന്തിപ്പാറ-ഈയോച്ചൻമെട്ട്, പടിഞ്ഞാറേതോവാളപ്പടി-മഞ്ചനമെട്ട്, കിഴക്കേ തോവാളപ്പടി-മഞ്ചനമെട്ട്, കോമ്പമുക്ക്-ആനക്കല്ല്, കുഴിപ്പെട്ടി-പള്ളിമെട്ട്, കോമ്പമുക്ക്-ഉദയപുരം കോളനി, സിദ്ധാർത്ഥൻ പടി-സുകുമാരൻപടി എന്നീ റോഡുകൾ ആവശ്യമാണ്. കൂടാതെ ആവശ്യമായ കലുങ്കുകളും ഓടകളും തീർക്കണം. നിർത്തലാക്കിയ ബസ്സ്സർവ്വീസുകൾ പുനരാരംഭിക്കണം.

വാർഡ് VII - പ്രശ്നങ്ങൾ

വാർഡിൽ ഗതാഗതയോഗ്യമായ റോഡുകൾ തുലോം പരിമിതമാണ്. എല്ലാം ചെമ്മൺ റോഡുകളാണ്.

പരിഹാരനിർദ്ദേശങ്ങൾ

തൂക്കുപാലം-കോമ്പയാർ, മൂന്നുമുക്കു-താന്നിമൂട്, മുണ്ടിയെരുമ- കായംകുളം പടിറോഡ്, മൂന്നുമുക്ക്-രാഘവൻപടി, മുരുകൻപാറ- മൂന്നുമുക്ക്, തൂക്കുപാലം-പുത്തരിക്കണ്ടം, വെസ്റ്റ്പാറ-ലക്ഷം വീടുകോളനി-പാമ്പുംമുക്ക്, വെസ്റ്റ്പാറ-ചെന്നാപ്പാറ, മരുതാനിപ്പടി- ആറ്റുതീരം റോഡ് (ചപ്പാത്തുവേണം) തൂക്കുപാലം-പുഷ്പകണ്ടം, കല്ലുന്മേൽക്കല്ല്-മുണ്ടിയെരുമ, എന്നീ റോഡുകൾ ഗതാഗത യോഗ്യമാക്കണം. ഉവൈദ്യരുപടി പാലത്തിന്റെ ആറ്റുസൈഡ് കെട്ടണം, മുണ്ടിയെരുമ പാലത്തിന്റെ സൈഡ് കെട്ടി കായംകുളംപടി റോഡുമായി ബന്ധിപ്പിക്കണം. ആശ്രമംപടി-ആറ്റുകടവ്, അംഗൻവാടി-കോമ്പയാർ റോഡുകളിൽ ഫുട്പാത്ത് വേണം. മുണ്ടിയെരുമ, തൂക്കുപാലം എന്നിവിടങ്ങളിൽ വെയിറ്റിംഗ്ഷെഡ് വേണം. മണിമലപ്പടി-കല്ലുമ്മേക്കല്ല് റോഡ്, മൂന്നുമുക്കു പള്ളിമെട്ടുറോഡ്, തിട്ടേപ്പടിയിൽ ഫുട്പാത്ത്, ആറ്റുകടവ്-ആശ്രമംപടി റോഡ്, പുത്തരിക്കണ്ടം-ചെന്നാപ്പാറ റോഡ് ഇവ വേണം.

വാർഡ് - VIII പ്രശ്നങ്ങൾ

27 കി.മീ. റോഡിൽ 3 കി.മീ. റോഡു മാത്രമേ ടാറിട്ടിട്ടുള്ളൂ. റോഡുകളുടെ സ്ഥിതി പരിതാപകരമാണ്.

പരിഹാരനിർദ്ദേശങ്ങൾ

താന്നിമൂട്-കല്ലാർ റോഡ്, പെട്രോൾ പമ്പ് പടിയിൽ നിന്നും തിരുവല്ലാപടിയുമായി ബന്ധിപ്പിക്കുന്ന റോഡ്, കോമ്പ്രേറ്റുകുന്ന്- അമ്പലപ്പാററോഡ്-ഇല്ലിക്കാനം റോഡുമായി ബന്ധിപ്പിക്കണം. താന്നിമൂട് ജംഗ്ഷൻ പമ്പ്ഹൗസ് റോഡ് ടാർ ചെയ്യുകയും, താന്നിമൂട് പാലം അടിയന്തിരമായി പണിതീർക്കുകയും ചെയ്യുക. നെടുംകണ്ടം- കൈലാസപ്പാറ, താന്നിമൂട്-കാലായിൽപ്പടി-മേട്ടയിൽ, തിരുവല്ലാപ്പടി- അഞ്ചേക്കർക്കാനം, തിരുവല്ലാപ്പടി-മേട്ടയിൽ, പള്ളിപ്പടി-വാസുകുട്ടൻപാറ, കുന്നുകുഴി-പൊന്നാങ്കാണി, അഡ്വേക്കേറ്റ്സ്പടി-SDA റോഡ്, വാസുകുട്ടൻ പാറ- കൊട്ടാരപ്പടി, മേട്ടയിൽ-കൈലാസപ്പാറ,

ഇല്ലിക്കാനം-കുന്നുകുഴി എന്നീ റോഡുകൾ ഗതാഗത യോഗ്യമാക്കണം.

P.P. വർഗ്ഗീസ് പടി, കാലായിൽപ്പടി, വാസുകുട്ടൻ കൊട്ടാരത്തിൽപ്പടി, ചാക്കോച്ചൻപടി, തുളസീധരൻപടി ഇല്ലിക്കാനം, മൂപ്പാരിപ്പടി എന്നിവിടങ്ങളിൽ കലുങ്കുകൾ നിർമ്മിക്കണം.

വാർഡ് - IX പ്രശ്നങ്ങൾ

വാർഡിലുള്ള പഞ്ചായത്തുറോഡുകൾ ഭൂരിഭാഗവും ഗതാഗതയോഗ്യമല്ല

പരിഹാരനിർദ്ദേശങ്ങൾ

നെടുംകണ്ടം-ചക്കക്കാനം-ഗവൺമെന്റ് ഹൈസ്ക്കൂൾ വഴി, ചക്കക്കാനം, അമ്പിളിയമ്മാൻ കാനം-പച്ചടി, കല്ലാർപാറ- അമ്പിളിയമ്മാൻ കാനം, നെടുംകണ്ടം-മേവിടമെട്ട്, മൈനർസിറ്റി-സതീശൻപടി-തോട്ടുവാപ്പടി, നെടുംകണ്ടം കരുണാശുപത്രി-ചക്കക്കാനം, അമ്പിളിയമ്മാൻകാനം- തൂവൽ, ഉമ്മാക്കട-തോട്ടുവാക്കട, ചക്കക്കാനം, കരുണാശുപത്രി- ഗവൺമെന്റു ഹൈസ്കൂൾ (പാടക്കരയിൽക്കൂടി), ഗുരുനഗർ, നെല്ലിമല, അമ്പിളിയമ്മാൻ കാനം, നെടുംകണ്ടം-ചാറൽമേട്, ഹരിജൻ കോളനി, ചക്കക്കാനം കുരിശുമല, ഗുരുമന്ദിരം റോഡ്, ചക്കക്കാനം, പ്ലാമൂട്ടിൽ- പുളിക്കൽ-കുരിശുപള്ളി, മൈനർസിറ്റി, പാറമട-സതീശൻപടി ലിങ്ക് റോഡ് ((വാട്ടർ ടാങ്ക് വരെ) എന്നീ റോഡുകൾ ഗതാഗതയോഗ്യമാക്കണം. ചക്കക്കാനം പച്ചടി റോഡിൽ തോട്ടുവാപ്പടി, പുത്തോലി ജംഗ്ഷൻ, ചക്കക്കാനം ജംഗ്ഷൻ, G.H.S. ആശാരിക്കണ്ടം റോഡ് എന്നിവയിൽ കലുങ്കുകൾ വേണം. കൂടാതെ നെടുംകണ്ടം ചിന്നാർ റോഡും ആവശ്യമുണ്ട്.

വാർഡ് - X പ്രശ്നങ്ങൾ

ഗതാഗത സൗകര്യം-നന്നേ പരിമിതമാണ്

പരിഹാരനിർദ്ദേശങ്ങൾ

അരിശപ്പൊതി-ചെന്നാപ്പാറ, ഇല്ലിപ്പാലം-പുളിയന്മലക്കാട്, ഇല്ലിപ്പാലം- അരിശപ്പൊതി എന്നീ പുതിയ റോഡുകൾ നിർമ്മിക്കണം. ചേമ്പളം- ഞാവള്ളിക്കാട്, കവുന്തി-കുഴിക്കാനം എന്നീ റോഡുകൾ ടാർ ചെയ്യണം. റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം. റോഡുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തണം.

വാർഡ് - XI പ്രശ്നങ്ങൾ

25 K.M. റോഡുള്ളതിൽ 3 കി.മീ. ഒഴിവാക്കിയാൽ വാഹനസൗകര്യം ഇല്ല

പരിഹാരനിർദ്ദേശങ്ങൾ

ഗവ. ഹൈസ്കൂൾ, അമ്പാട്ടുപടി, എഴുകുംവയൽ-ആശാരിക്കവല, എഴുകുംവയൽ മേട്ടിലേയ്ക്ക് തൂവൽ ഞൊണ്ടൻമാക്കൽ പടിയിൽനിന്നും മഞ്ഞപ്പാറ റോഡിലേയ്ക്ക് ഈ റോഡുകൾ ഗതാഗതയോഗ്യമാക്കണം. തൂവൽ-എഴുകുംവയൽ, കവുന്തി-പുന്നക്കവല തൂവൽ ഈട്ടിത്തോപ്പ് എന്നീ റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തണം. ആശാരിക്കവല വിരിപ്പിൻപടി പണത്തുപാറ-നരിക്കുഴപ്പടി റോഡും ആവശ്യമാണ്.

വാർഡ് - XII പ്രശ്നങ്ങൾ

ഈ വാർഡിൽ ഗതാഗത സൗകര്യം തീർത്തും അപര്യാപ്തമാണ്. ടാർ ചെയ്ത റോഡ് 2 കി.മീ. മാത്രമാണ്.

പരിഹാരനിർദ്ദേശങ്ങൾ

തോട്ടുവാക്കട, മുതൽ മഞ്ഞപ്പാറ വരെയുള്ള റോഡ് ടാർ ചെയ്യണം. പോസ്റ്റ് ആഫീസ്-അരുവിമുക്കുവരെയുള്ള റോഡ് മെയിന്റനൻസ് നടത്തണം. പള്ളിക്കവല-തൂവൽറോഡ് മെയിന്റനൻസ് നടത്തണം. മൂന്നാംബ്ലോക്ക് തൂവൽറോഡ് ടാർ ചെയ്യണം. മാങ്കയം റോഡ് മെയിന്റനൻസ് നടത്തണം. തൂവലാറിന് പാലം നിർമ്മിക്കണം. മാങ്കയംപാലം പണി തീർക്കുക. അരുവിയ്ക്കടിവശം പാലം തീർക്കുക, പോസ്റ്റോഫീസ് പത്തുവളവ് റോഡിന്റെ പണി പൂർത്തിയാക്കണം. തോട്ടുവാക്കടയിലെ കലുങ്കിന്റെ പണി അത്യാവശ്യമായി തീർക്കണം. തൂവലിലെ രണ്ടു കലുങ്കിന്റെ പണി അത്യാവശ്യമായി തീർക്കണം.

വാർഡ് - XIII പ്രശ്നങ്ങൾ

ഈ വാർഡിൽ ഗതാഗത യോഗ്യമായ റോഡുകൾ ഒന്നുമില്ല. സഞ്ചാരയോഗ്യമല്ലാത്ത 20 കി.മീ. റോഡ് ഈ വാർഡിലുണ്ട്. കല്ലാർ മുക്ക്, കാക്കാക്കട, ചിന്നാർ, രാജഗിരി, തൊട്ടിക്കാട്, പതിന്നാലുകൂട്ടി, പൊന്നാമല എന്നീ പ്രദേശങ്ങളിൽ ഗതാഗതസൗകര്യം ഒട്ടും ഇല്ല.

പരിഹാരനിർദ്ദേശങ്ങൾ

മഞ്ഞപ്പാറ -കല്ലാർ മുക്ക് റോഡ്, കല്ലാർമുക്ക്-ചിന്നാർറോഡ്, മഞ്ഞപ്പാറ വെട്ടുവഴി ചിന്നാർ റോഡ് എന്നിവ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.

മഞ്ഞപ്പാറ കുഴിക്കൊമ്പ് റോഡിലെ കലുങ്കുപണി അടിയന്തിരമായി പൂർത്തിയാക്കണം. കല്ലാർ മുക്ക്-കാക്കാക്കട റോഡിൽ 4 കലുങ്കുകൾ ആവശ്യമാണ്. മഞ്ഞപ്പാറ-ചിന്നാർ റോഡിൽ 4 കലുങ്കുകളും, ചിന്നാർ ആറിനു കുറുകെ ഒരു പാലവും അത്യാവശ്യമാണ്. കല്ലാർ അരുവിക്കുഴിയിൽ ഒരു നടപ്പാലം, കല്ലാർ മുക്കിലൊരു പാലം, കർമ്മലഗിരി-ലൂർദ്ദ്മൗണ്ട്-മഞ്ഞപ്പാറ റോഡിൽ 2 കലുങ്ക് എന്നിവ ആവശ്യമാണ്. ചിന്നാർ നെടുംകണ്ടം റോഡ് ടാറിംഗ് നടത്തണം. കൽക്കൂന്തൽ-പെരിഞ്ചാംകുടി റോഡി അടിയന്തിരമായി പൂർത്തിയാക്കി ബസ് സർവ്വീസിന് അനുയോജ്യമാക്കണം.

നിർദ്ദിഷ്ട ആലപ്പുഴ-മധുര സ്റ്റേറ്റ് ഹൈവേ, ചിന്നാർ-മഞ്ഞപ്പാറ, ചക്കക്കാനം, നെടുംകണ്ടം വഴി കടന്നുപോകുവാൻ നടപടി സ്വീകരിക്കണം.

4-5

ആരോഗ്യം, കുടിവെള്ളം

ഏതൊരു പ്രദേശത്തെയും ആരോഗ്യപ്രശ്നങ്ങളെ മരണനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ജനനനിരക്ക് എന്നിവയെ ആധാരമാക്കിയാണു വിലയിരുത്തുന്നത്.

ഈ പഞ്ചായത്തിലെ മരണനിരക്ക് 3.57 ആണ്. കേരളത്തിലെ പൊതുമരണനിരക്കിനേക്കാൾ കുറവാണ് ശിശുമരണ നിരക്കും, മാതൃമരണനിരക്കും വളരെ താഴ്ന്നതാണ്. ജനന നിരക്ക് 36 ആണ്.

ജനനമരണ വിവരങ്ങൾ

ജനനം	ജനനം	മരണം	ചാപിള്ള ജനനം
1993-94	1374	146	6
1994-95	1460	127	4
1945-96	1336	132	3

ഒരു വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 405 ആണ്. അതിൽ 373 എണ്ണത്തിന് പ്രതിരോധ കുത്തിവയ്പ് നടത്തിയിട്ടുള്ളതായാണ് കണക്ക്. കുട്ടികളുടെ ആരോഗ്യപോഷണ നിലവാര പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പ്രായം	നോർമൽ		1-ാം ഗ്രേഡ്		2-ാം ഗ്രേഡ്		3-ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1 വയസിനു താഴെ	92	76	63	69	14	21	-	-
1-3 വയസ്സ്	135	141	87	79	44	38	1	1
3-6 വയസ്സ്	181	179	110	126	39	36	1	-

1-ാം ഗ്രേഡ് ലഘുവായ പോഷണക്കുറവുള്ളവൻ
2-ാം ഗ്രേഡ് മിതമായ പോഷണക്കുറവുള്ളവൻ
3-ാം ഗ്രേഡ് ഗുരുതരമായ പോഷണക്കുറവുള്ളവൻ

അംഗവൈകല്യനിരക്ക് 2.5 ആണ്. മന്ദബുദ്ധികളുടെ എണ്ണം

പ്രായം	എണ്ണം
a. 0-5	4
b. 6-10	7
c. 11-15	14
d. 16ന് മേൽ	2

ക്ഷയരോഗികൾ 12 എണ്ണമുണ്ട്. കുഷ്ടം, മലമ്പനി എന്നീ രോഗങ്ങൾ റിപ്പോർട്ടു ചെയ്തിട്ടില്ല. പ്രായാടിസ്ഥാനത്തിൽ ദമ്പതികളുടെ കണക്ക് താഴെക്കൊടുക്കുന്നു.

a.	15-19	397
b.	20-24	1011
c.	25-29	1600
d.	30-34	1726
e.	35-39	1100
f.	40-44	755

അമ്മമാരുടെ എണ്ണം
(കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a.	1 കുട്ടി	1059
b.	2 കുട്ടികൾ	2935
c.	2-ൽ കൂടുതൽ കുട്ടികൾ	2187

കുടുംബാസൂത്രണമാർഗം സ്വീകരിച്ച അമ്മമാർ

a.	1 കുട്ടി	1182
b.	2 കുട്ടികൾ	1991
c.	2-ൽ കൂടുതൽ കുട്ടികൾ	2090

സ്ഥായിയായ രോഗബാധിതർ 862 ആണ്.

പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററും ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഒരു ഹോമിയോ ആശുപത്രിയും ഒരു ആയുർവ്വേദ ഡിസ്പെൻസറിയുമുണ്ട്.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ഇനം	കെട്ടിടം സ്വന്തം/ വാടക	ഉദ്യോഗ സ്ഥരുടെ എണ്ണം	സ്ഥാപിച്ച വർഷം	സ്ഥാപന പരമായ പ്രശ്നങ്ങൾ
1.	പ്രൈമറി ഹെൽത്ത് സെന്റർ കല്ലാർപട്ടം കോളനി. (ഇതിന്റെ കീഴിൽ 8 സബ് സെന്ററുകൾ ഉണ്ട്)	അലോപ്പതി	സ്വന്തം	28	1956	സ്ഥാപനപരമായ പ്രശ്നങ്ങൾ പ്രത്യേകം ചേർത്തിരിക്കുന്നു.
2.	കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നെടുംകണ്ടം	do	സ്വന്തം	42	1982	
3.	ഹോമിയോ ആശുപത്രി പുഷ്പക്കണ്ടം	ഹോമിയോ	സ്വന്തം	16	1973 1950-ൽ 25 കിടക്കകളോടു കൂടിയ ആശുപത്രിയായി	
4.	ഗവ. ആയുർവേദ ഡിസ്പെൻസറി. പച്ചടി	ആയുർവേദം	സ്വന്തം	4	1991	

സ്ഥാപനപരമായ പ്രശ്നങ്ങൾ

I. P.H.C. കല്ലാർപട്ടം കോളനി

ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത് പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിലാണെങ്കിലും പ്രവർത്തനമേഖല നെടുംകണ്ടം ഗ്രാമപഞ്ചായത്തിന്റേതാണ്. ഡോക്ടറെ നിയമിച്ചെങ്കിലും ദീർഘകാല അവധിയിലാണ്. മൂന്നു പഞ്ചായത്തിലെ ജനങ്ങൾക്കു പ്രയോജനപ്പെടുന്ന ഈ സ്ഥാപനത്തിൽ നാട്ടുകാർ നിർമ്മിച്ചു നൽകിയ വാർഡും 26 കിടക്കകളും ഉപയോഗിക്കാതെ കിടക്കുന്നു. O.P-.യും I.P-.യും പ്രവർത്തിക്കുന്നില്ല. ജലവിതരണ സംവിധാനമില്ല. ലാബ് ഇല്ല. ഫീൽഡ് ്റാഫിനു ഇരിക്കുന്നതിനോ കോൺഫറൻസിനോ സൗകര്യങ്ങളില്ല. ഒരു

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിന്റെയും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെയും ഒഴിവുകളുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നില്ല. ഈ സ്ഥാപനത്തിന്റെ 1995-96-ലെ ആകെ ചെലവ് 1132203 രൂപയാണ്.

II. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നെടുംകണ്ടം

നിലവിൽ താഴെപ്പറയുന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു

1. റേഡിയോ ഗ്രാഫർ	1
2. ഓഫ്താൽമിക് അസിസ്റ്റന്റ്	1
3. സിവിൽ സർജൻ	2
4. സ്റ്റാഫ് നഴ്സ്	1
5. ഫാർമസിസ്റ്റ്	1
6. പാർട്ട്ടൈം സ്വീപ്പർ	2

ഇപ്പോഴുള്ള ജീവനക്കാർ പര്യാപ്തമല്ല. താഴെപ്പറയുന്ന തസ്തികകൾ അത്യാവശ്യമാണ്.

1. ജനറൽ സർജൻ	1
2. സ്റ്റാഫ് നഴ്സ്	4
3. അനസ്തേഷ്യോളജിസ്റ്റ്	1
4. അറ്റൻഡർ ഗ്രേഡ് II	2
5. " ഗ്രേഡ് I	1
6. ഫാർമസിസ്റ്റ് കം സ്റ്റോർകീപ്പർ	1
7. ലേസെക്രട്ടറി ആന്റ് ട്രഷറർ	1

8. ആഫീസ് സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കണം. താഴെപ്പറയുന്ന സൗകര്യങ്ങൾ അടിയന്തിരമായി വേണം ഒരു ജനറേറ്റർ വേണം.

X-Ray പ്ലാന്റ് പ്രവർത്തിക്കാൻ തുടങ്ങിയിട്ടില്ല. (ഉപകരണം 10 വർഷത്തോളമായി വെറുതേ ഇരിക്കുന്നു). ലാബിനു ആവശ്യത്തിനു സൗകര്യങ്ങളില്ല. ബോയിൽ അപ്പാരറ്റസ് ഇല്ല. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ഇല്ല. ആവശ്യമായ സ്ഥലം ഉണ്ട്.

1995-96 ലെ ആകെ ചെലവ് 2068027 രൂപയാണ്. ഇതിൽ രോഗികളുടെ ഭക്ഷണത്തിനായി 191831 രൂപ ചെലവാക്കി.

III. ഹോമിയോ ആശുപത്രി പുഷ്പക്കണ്ടം

25 കിടക്കകളുള്ള ആശുപത്രിയാണെങ്കിലും കിടക്കകൾ ഇടാൻ കെട്ടിടത്തിനു സൗകര്യമില്ല. അടുക്കളക്ക് ചിമ്മിനിയില്ലാത്തതുകൊണ്ട് രോഗികൾക്കു പുക ശല്യമുണ്ടാക്കുന്നു. അടുക്കളയോടനുബന്ധിച്ചു സ്റ്റോർ ഇല്ല.

വാർഡിൽ നിന്നും കക്കൂസിലേക്കുള്ള ഭാഗത്തു മേൽക്കൂരയില്ലാത്തതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. കിണറിനു ആഴം കൂട്ടി റിംഗ് ഇറക്കണം. ആശുപത്രിയിലേക്കുള്ള റോഡിൽ 60 മീറ്റർ കൂടി കല്ലു പാകണം. ആശുപത്രി കോമ്പൗണ്ടിനു ചുറ്റുമതിൽ വേണം. കിണറ്റിൻകരയിൽ നിന്നും വാർഡിലേക്കു പടികൾ കെട്ടണം. മരുന്നു സൂക്ഷിക്കാൻ അലമാരകൾ അത്യാവശ്യമാണ്. കെട്ടിടം ചോരുന്നുണ്ട്. അറ്റകുറ്റപ്പണികൾ നടത്തണം നിലവിലുള്ള ഒഴിവുകൾ നികത്തണം.

മെഡിക്കൽ ആഫീസർ	1
ലാബ് ടെക്നീഷ്യൻ	1
ലാബ് അസിസ്റ്റന്റ്	1
കൺസൾട്ടിംഗ് റൂം	രണ്ടെണ്ണം വേണം
ഭരണച്ചെലവ് 95-96	540092 രൂപ
ഭക്ഷണച്ചെലവ്	40000 രൂപ

IV. ഗവ. ആയുർവേദ ഡിസ്പെൻസറി പച്ചടി

25 സെന്റ് സ്ഥലമുണ്ട്. സ്ഥലം വേലികെട്ടി സംരക്ഷിക്കണം. ആശുപത്രിക്കു കോമ്പൗണ്ടുകൾ വേണം. സ്ഥലം നാട്ടുകാർ കയ്യേറി കൃഷിചെയ്തുകൊണ്ടിരിക്കുന്നു. വെള്ളത്തിനു സൗകര്യം ഏർപ്പെടുത്തണം. മെഡിക്കലാഫീസറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. ചാർജ്ജുള്ള മെഡിക്കൽ ആഫീസർ ആഴ്ചയിൽ രണ്ടു ദിവസമാണ് വരുന്നത്. വൈദ്യുതി ഇല്ല. ആവശ്യത്തിനു പാത്രങ്ങളില്ല. ആവശ്യമായ രജിസ്റ്ററുകളൊന്നുമില്ല. ആകെച്ചെലവ് 95-96 139393 രൂപ. ഹോമിയോ ആശുപത്രി, ആയുർവ്വേദ ഡിസ്പെൻസറി എന്നീ ആരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ

കക്കൂസുകൾ ഉള്ള വീടുകളുടെ എണ്ണം 8313

സെപ്റ്റിക്ക് ടാങ്ക്	329
ഈ.എസ്.പി.	743
മറ്റുള്ളവ	7241

ഏതാണ്ട് 25% ആളുകൾക്ക് കക്കൂസില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടാണ് നിർമ്മിക്കാത്തത്. നെടുംങ്കണ്ടം ടൗണിൽ 2 പൊതു കംഫർട്ട്സ്റ്റേഷന്റെ അത്യാവശ്യമുണ്ട്.

ഏറ്റവും കൂടുതൽ ഉള്ള രോഗം ആസ്മാ ആണ്. പ്രമേഹരോഗികളും ശ്വാസകോശ സംബന്ധമായ രോഗങ്ങളും ധാരാളമുണ്ട്. വിരശല്യം മൂലം ഉണ്ടാകുന്ന രക്തക്കുറവും അതേത്തുടർന്നുള്ള രോഗങ്ങളും വ്യാപകമായിട്ടുണ്ട്.

വർഷം	ഇൻ പേഷ്യന്റ് എണ്ണം	ഔട്ട് പേഷ്യന്റ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷ എണ്ണം					
			ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ള രോഗങ്ങൾ	ആകെ
1992-93	7322	43445	10708	14367	4943	-	20749	50767
1993-94	6223	40408	12824	15585	7926	-	10296	46631
1994-95	4738	40883	12220	17289	7230	-	8882	45621
1995-96	3827	41809	11266	120740	5781	-	16515	45636

പഞ്ചായത്തിന്റെ 7, 8 എന്നീ വാർഡുകളും അതിർത്തിയിലൂടെ കല്ലാർ നദി ഒഴുകുന്നു. 12 മാസവും വെള്ളം കിട്ടുന്ന നദികളോ തോടുകളോ ഈ പഞ്ചായത്തിലില്ല. എല്ലാ ഭാഗത്തും ജലദൗർലഭ്യം ഉണ്ട്. വാട്ടർ അതോറിറ്റി നടത്തുന്ന രണ്ട് ജലവിതരണ ശൃംഖലയുണ്ട്. 3,7-,8,9 എന്നീ വാർഡുകളിൽ ഭാഗികമായി മാത്രമേ ഈ പദ്ധതി പ്രയോജനപ്പെടുന്നുള്ളു. ഈ പദ്ധതി വിപുലീകരിക്കേണ്ടതുണ്ട്. രണ്ടാം വാർഡിൽ ചാറൽമേട്ടിലുള്ള പദ്ധതി കാര്യക്ഷമമല്ല. അറ്റകുറ്റപ്പണികൾ നടത്തി വിപുലീകരിക്കേണ്ടതുണ്ട്. മുഖ്യ കുടിവെള്ള സ്രോതസ് കിണറുകളും കുളങ്ങളുമാണ്. ഭൂഗർഭ ജലവകുപ്പ് നിർമ്മിച്ചിരിക്കുന്ന കുഴൽകിണറുകൾ വറ്റാത്ത കിണറിന്റെയും വാട്ടർടാപ്പിന്റെയും സമീപത്താണ്.

പൊതുസ്ഥലങ്ങൾ വൃത്തിയാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടെങ്കിലും വേണ്ടത്ര ഫലപ്രദമല്ല. നെടുംങ്കണ്ടം പടിഞ്ഞാറേക്കവലയിലുള്ള തോട് മാലിന്യങ്ങളുടെ ഒരു കേന്ദ്രമാണ്. ഹോട്ടലുകളിൽ നിന്നും മറ്റും ഒഴുകുന്ന മാലിന്യങ്ങൾ ഈ തോട്ടിലേക്കാണ് ഒഴുക്കിവിടുന്നത്. ദുർഗന്ധം വമിക്കുന്ന ഈ തോട് ഈച്ചയുടെയും കൊതുകിന്റെയും ഉറവിടങ്ങളാണ്. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം. പച്ച മത്സ്യമാർക്കറ്റ് പ്രത്യേകം നിർമ്മിച്ച് നൽകി ടൗണിലെ ദുർഗന്ധം ഒഴിവാക്കണം.

പ്രശ്നങ്ങൾ

1. വിസ്തൃതമായ ഈ പഞ്ചായത്തിന്റെ പല പ്രദേശങ്ങളിൽനിന്നും ആശുപത്രികളിലെത്താൻ 17 KM. വരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു.
2. ആശുപത്രികളിൽ ഡോക്ടറന്മാരും നഴ്സുമാരും മറ്റു ആരോഗ്യപ്രവർത്തകരും ആവശ്യത്തിനില്ല.
3. പ്രൈമറി ഹെൽത്തു സെന്ററിന്റെ കീഴിലുള്ള സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ആരോ

ഗൃപ്രവർത്തകർ ഭവനസന്ദർശനം നടത്താറില്ല. ആരോഗ്യക്ലാസുകൾ നടത്താറില്ല.

4. പകർച്ചവ്യാധികൾ പെരുകുന്നുണ്ട്.
5. പോഷകാഹാരക്കുറവ്
6. കക്കൂസുകൾ എല്ലാ വീട്ടിലും ഇല്ല
7. മരുന്നുകൾ ആവശ്യത്തിനില്ല
8. മലിനജലം. ചപ്പുചവറുകൾ ഇപ രോഗം പരത്തുന്നു.
9. ഹോട്ടലുകൾ വേണ്ടത്ര ശുചിത്വം പാലിക്കുന്നില്ല.
10. നിലവിലുള്ള ജലവിതരണ സംവിധാനം കാര്യക്ഷമമല്ല.

8. ഹോട്ടലുകളിലെ ശുചിത്വം കർശനമായി പരിശോധിക്കുക
9. രോഗപ്രതിരോധ നടപടികൾ കാര്യക്ഷമമാക്കണം. ചോറ്റുപാറയിലുള്ള ഹോമിയോ ആശുപത്രിക്ക് ലബോറട്ടറി കെട്ടിടം പണിയുക. കല്ലാർ P.H-.C-. യിൽ 28 ജീവനക്കാരുണ്ട്. സർക്കാരിന് ലക്ഷക്കണക്കിനു രൂപ പ്രതിവർഷം ചിലവുവരുന്നുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ സേവനം ലഭ്യമാകുന്നില്ല. ഇവിടെ ഒരു ഡോക്ടറെ സ്ഥിരമായി നിയമിക്കണം.

PHC കല്ലാർ പട്ടം കോളനിക്കു കീഴിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകൾ (പട്ടിക -1)

				ജീവനക്കാർ	സ്ഥാപിച്ച വർഷം
കോമ്പയാർ	സബ് സെന്റർ	സ്വന്തം	2	2	1990
താന്നിമൂട്	"	"	2	"	"
കൽകൂന്തൽ	"	"	2	"	"
പച്ചടി	"	വാടക		1	"
കൈലാസപ്പാറ	"	"	2	"	"
എഴുകുംവയൽ	"	"	2	"	"
മെയിൻ സെന്റർ മുണ്ടിയെരുമ	മെയിൻ സെന്റർ	സ്വന്തം	1	"	"
പുഷ്പക്കണ്ടം	സബ് സെന്റർ	വാടക	2	"	"

നിർദ്ദേശങ്ങൾ:

1. നെടുംങ്കണ്ടം പഞ്ചായത്തിൽ 2 ഡിസ്പെൻസറികൾ ആരംഭിക്കണം.
2. കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ തുടങ്ങണം
3. കല്ലാർ PHC, പച്ചടി ആയുർവ്വേദ ആശുപത്രി, പുഷ്പക്കണ്ടം ഹോമിയോ ആശുപത്രി എന്നിവിടങ്ങളിൽ ഡോക്ടറന്മാരെ നിയമിക്കണം. നെടുംങ്കണ്ടം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രണ്ടു സിവിൽസർജനേയും ഒരു ജനറൽ സർജനേയും ഒരു പീടിയാട്രീഷനേയും ഒരു അനസ്തേഷ്യോളജിസ്റ്റിനേയും നിയമിക്കണം. ആശുപത്രികളിൽ ഒഴിവുള്ള തസ്തികകൾ നികത്തുകയും ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യുക.
4. സബ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
5. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകളിലും അവ നിർമ്മിക്കാൻ സഹായിക്കുക.
6. പകർച്ചവ്യാധികൾ ഇല്ലാതാക്കാനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ആവശ്യത്തിനു മരുന്നുകൾ എത്തിക്കുന്നതിനും നടപടികൾ സ്വീകരിക്കണം.
7. പൊതു നിരത്തുകളും ഓടയും തോടും വൃത്തിയാക്കുക.

കുടിവെള്ളം

പ്രശ്നങ്ങൾ

വാർഡ് - I. കുടിവെള്ളപ്രശ്നം രൂക്ഷമാണ്. പൊന്നാമല, വണങ്കാമുടി, കുഴിക്കൊമ്പ്, ചീനിപ്പാറ, കാമാക്ഷി വിലാസം, മഞ്ഞപ്പെട്ടി, മേലേചിന്നാർ, പെരിഞ്ചാംകുട്ടി എന്നിവിടങ്ങളിൽ

II. മഞ്ഞപ്പെട്ടി, പിന്നപ്പച്ചടി, കുരിശുപാറ, ചെമ്പകക്കുഴി എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്

III. വാർഡിൽ ശക്തമായ ജലക്ഷാമമുണ്ട്

IV. കോമ്പയാർ, പൊന്നാങ്കാണി, കനകപ്പാറ, സ്വർണ്ണക്കുഴി, ആനക്കല്ല് എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്

V. വാർഡിൽ മൊത്തമായി കുടിവെള്ളക്ഷാമമുണ്ട്

VI. തോവാളപ്പടി, ചോറ്റുപാറ, കാനത്തിൻകര, ചെന്നാപ്പാറ, സന്യാസി ഓട, കുഴിപ്പെട്ടി എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

VII. 95% സ്ഥലത്തും കുടിവെള്ളക്ഷാമമുണ്ട്

VIII. ജലക്ഷാമം രൂക്ഷമാണ്

IX. കുരിശുമല മെട്ട്, മൈൻസിറ്റി, ആശാരിക്കണ്ടം, അമ്പിളിയമ്മൻ കാനം, ചക്കകാനം, മേവിടമെട്ട് എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്

X. കൗന്തി, ചെന്നാപ്പാറ, അരിശപ്പൊതി മെട്ട്, കല്ലാർ KSEB എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം ക്ഷാമം രൂക്ഷമാണ്

XI. ഈറ്റോലിക്കവല, എഴുകുംവയൽ, ചക്രപാണിമെട്ട്, ത്തൂവലിന്റെ മുകൾഭാഗം ആശാരിക്കവലമെട്ട്, സ്കൂൾ പരിസരം എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമമുണ്ട്

XII. പച്ചടി, തോട്ടുവാക്കട, കുരിശുപാറ, റേഷൻകട, പള്ളിക്കാട്, പള്ളിവളവ് ഹരിജൻ കോളനി, തൂവൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമമുണ്ട്

XIII. പള്ളിമെട്ട് ചീനിപ്പാറ, കുഴിക്കൊമ്പ് എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

പരിഹാരനിർദ്ദേശങ്ങൾ

വാർഡ് I. വണങ്കാമുടിയിൽ ടാങ്കുകെട്ടുക. ചിന്നാറ്റിൽ നിന്നും വെള്ളം പമ്പു ചെയ്ത് ടി. ടാങ്കിൽ എത്തിച്ച് കാമാക്ഷി വിലാസം, മഞ്ഞപ്പെട്ടി ഒഴിച്ചുള്ള ഭാഗങ്ങളിൽ വെള്ളമെത്തിക്കാം. കാമാക്ഷിവിലാസം, മഞ്ഞപ്പെട്ടി ഇവിടങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുക

II. DFO കാടിൽ കളം കുഴിച്ച് വെള്ളം വിതരണം നടത്താം. ചാരൽമേട് ജലവിതരണ പദ്ധതി കാര്യക്ഷമമാക്കണം. ചിന്നപ്പച്ചടി, കുരിശുപാറ ഭാഗത്തുള്ള കുളത്തിൽ നിന്നും ജലവിതരണം നടത്തുക. കുരിശുപാറ ചെമ്പകക്കുഴി ഭാഗങ്ങളിൽ ജലവിതരണം. കാലാച്ചിറമേട്ടിൽ വലിയ കുളം കുഴിച്ചാൽ പമ്പുചെയ്യാതെ തന്നെ 1,2,13,9 എന്നീ വാർഡുകളിലും 3,8 എന്നീ വാർഡുകളിൽ ഭാഗികമായും ജലവിതരണം നടത്താം. ടി. സ്ഥലം പഞ്ചായത്തിന് സറണ്ടർ ചെയ്തിട്ടുള്ളതുമാണ്.

III. കൽക്കൂന്തൽ ബേർഡ് എസ്റ്റേറ്റിൽ നിന്നും വെള്ളം എത്തിക്കാം. കൈലാസപ്പാറയിൽ നിലവിലുള്ള ജലവിതരണ പദ്ധതി പുനരുജ്ജീവിപ്പിക്കണം.

IV. സ്വർണ്ണക്കുഴിയിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണ പദ്ധതി പ്രവർത്തിപ്പിക്കണം. ഈ ലൈൻ കോമ്പയാർ, പൊന്നാങ്കാണി, കനകപ്പാറ, പട്ടത്തിമുക്ക് എന്നീ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം. ആനക്കല്ലിൽ ചെക്ക്ഡാം നിർമ്മിക്കണം. ആനക്കല്ല് ഹരിജൻ കോളനിയിൽ കുളം കുത്തി വെള്ളമെത്തിക്കുക. ശൂലപ്പാറമേട്ടിൽ ടാങ്കുകെട്ടി പമ്പുചെയ്യാതെ വിസ്തൃതമായ പ്രദേശത്ത് ജലമെത്തിക്കാം. കുളം കുഴിക്കാൻ സൗകര്യമുണ്ട്.

V. ശൂലപ്പാറ, രത്നക്കുഴി, അണക്കര, പുഷ്പക്കണ്ടം, അട്ടേക്കാനം, പള്ളിമെട്ട്, അണക്കര നോർത്ത്, പള്ളിക്കാട് (കോമ്പയാർ) എന്നിവിടങ്ങളിൽ കുളം കുഴിക്കണം. അണക്കര, പുഷ്പക്കണ്ടം ഇവിടങ്ങളിൽ ടാങ്കുകെട്ടി മോട്ടർ ഉപയോഗിച്ച് വെള്ളം പമ്പു ചെയ്ത് ശുദ്ധജലവിതരണം നടത്താം. (കുളം കുഴിക്കാൻ സ്ഥലമുണ്ട്.)

VI. വടക്കില്ലം ഗോപിനാഥന്റെ പറമ്പിൽ കുളംകുത്തി, അമ്പലത്തിന്റെ മുകളിൽ ടാങ്ക് ഉണ്ടാക്കി ജലവിതരണം നടത്തുക. മങ്കരമേട്ടിൽ കുളംകുത്തി ഹോസ് വഴിയും 200 കുടുംബങ്ങൾക്ക് വെള്ളം എത്തിക്കാം. കുഴിപ്പെട്ടി, ചെന്നാപ്പാറ, തോവാളപ്പടി എന്നിവിടങ്ങളിൽ കുഴൽക്കിണർ നിർമ്മിക്കണം. ശ്രമദാനമായി മഞ്ചനമെട്ടിൽ ഒരു കുളം കുഴിക്കുന്നുണ്ട്. ആവശ്യമായ സാമ്പത്തിക സഹായം ചെയ്യണം. 1988-ൽ കരുണാപുരം, പാറത്തോട്, പാമ്പാടുംപാറ വില്ലേജുകളിൽ വാട്ടർ അതോറിറ്റിയുടെ ഇൻവെസ്റ്റിഗേഷൻ പ്ലാനിങ് ഡിസൈൻ വിഭാഗം സർവ്വേ നടത്തിയിട്ടുള്ള പദ്ധതി നടപ്പിലാക്കിയാൽ ഈ വാർഡിലെ ജലക്ഷാമം പരിഹരിക്കാം. വാട്ടർ സപ്ലൈയുടെ സബ്ഡിവിഷൻ ഓഫീസ് നെടുംകണ്ടം പഞ്ചായത്തിൽ ഉണ്ടാക്കണം.

VII. കല്ലുമ്മേക്കല്ലിൽ കുളം കുഴിക്കുക. പള്ളിമെട്ട്, പണാരംപടി, ചെന്നാപ്പാറ, മുരുകൻപ്പാറ എന്നിവിടങ്ങളിൽ കുളം കുഴിക്കുക. 125 നമ്പർ ബ്ലോക്ക്, പാമ്പുംമുക്ക്, തൂക്കുപാലം മുണ്ടിയെരുമ റോഡ് എന്നിവിടങ്ങളിൽ കുഴൽകിണർ നിർമ്മിക്കുക. പൈപ്പുലൈൻ നീട്ടുക.

VIII. കൈലാസപ്പാറമെട്ടിൽ രണ്ടു കുളങ്ങളിലെ വെള്ളവും പൊന്നാങ്കാണി മെട്ടിലെ കുളത്തിൽനിന്നും വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനം വേണം. കൈലാസപ്പാറമെട്ടിലെ പമ്പ് പ്രവർത്തനക്ഷമമാക്കുക.

IX. ചക്കകാനം, മാണിസാറിന്റെ സ്ഥലത്ത് അല്ലെങ്കിൽ ഉറുമ്പേൽ കുഞ്ഞേട്ടന്റെ സ്ഥലത്ത് വലിയകുളം കുത്തി കുരിശുമലയിൽ ടാങ്കുകെട്ടി ജലമെത്തിക്കാം. കല്ലോലിമറ്റം കുഞ്ഞുമോന്റെ സ്ഥലത്ത് കുളം കുത്തി മൈനർസിറ്റിമേട്ടിൽ ടാങ്കുകെട്ടുക. ആശാരിക്കണ്ടം കോളനിയിൽ കണ്ടത്തിൽ കുളം കുത്തി ആശാരിക്കണ്ടം മേട്ടിൽ ടാങ്കു കെട്ടുക. അമ്പിളിയമ്മൻകാനം പടിഞ്ഞാറേമുറി കുഞ്ഞച്ചന്റെ പുരയിടത്തിലുള്ള പദ്ധതി വിപുലീകരിക്കുക. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതി വിപുലീകരിക്കുക.

X. ചെന്നാപ്പാറ, അരിശപ്പൊതിയിൽ തകടിപ്പുറം ജോസ് സ്ഥിരമായി വെള്ളം കിട്ടുന്ന രണ്ടു സെന്റു സ്ഥലം പഞ്ചായത്തിനു സറണ്ടർ ചെയ്തുകൊടുത്തിട്ടുണ്ട്. ടാങ്കു കെട്ടാനും സ്ഥലം നല്കും. ഈ പദ്ധതി പൂർത്തിയാക്കി ജലം എത്തിക്കണം. കല്ലാർ KSEB അടുത്ത് രണ്ടു സെന്റ് സ്ഥലം തോണക്കര ജോയി സറണ്ടർ ചെയ്യാൻ സന്നദ്ധമാണ് കുളം കുഴിച്ച് ജലവിതരണ സംവിധാനം ഏർപ്പെടുത്തിയാൽ 75 കുടുംബങ്ങൾക്ക് വെള്ളം എത്തിക്കാം. ചേമ്പളത്തെ

നിലവിലുള്ള ജലവിതരണ പദ്ധതി വാട്ടർ അതോറിറ്റി ഏറ്റെടുത്തു വിപുലീകരിക്കണം.

XI. നിലവിലുള്ള കുളത്തിന്റെയും പമ്പുസെറ്റിന്റെയും അറ്റകുറ്റപ്പണി നടത്തണം. കുഴൽകിണർ സ്ഥാപിക്കണം. കൗന്തി പുന്നക്കവല എന്നിവിടങ്ങളിൽ.

XII. DFO കാട്ടിൽ കുളവും ടാങ്കും നിർമ്മിച്ച് പൈപ്പു ലൈൻ സ്ഥാപിക്കണം. തൂവൽ ആറിന്റെ തീരത്ത് കുളം നിർമ്മിച്ച് കോളനിയിൽ ടാങ്കുകെട്ടി ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാം. പച്ചടി പള്ളിക്കവല, തൂവൽ, പള്ളിവളവ് എന്നിവിടങ്ങളിൽ വെള്ളമെത്തിക്കാൻ കുഴൽകിണർ വേണം

XIII. പള്ളിമെട്ടിൽ വെള്ളമെത്തിക്കുന്നതിനുള്ള കുളത്തിൽ നിന്നും വെള്ളം പമ്പ് ചെയ്ത് വിതരണം നടത്തണം. പതിനാലുക്കുടി ഭാഗത്ത് കുളം നിർമ്മിച്ച് സിറ്റിയിലും പരിസരപ്രദേശത്തും വെള്ളമെത്തിക്കും. തെക്കേൽ ജോസിന്റെ കുളത്തിൽനിന്നും വെള്ളം പമ്പുചെയ്തു വിതരണം നടത്തണം. കാലാച്ചിറയിൽ വലിയകുളം കുത്തിയാൽ 1,2,13,12,9 വാർഡുകളിലും 8- ാം വാർഡിന്റെയും 3-ാം വാർഡിന്റെയും കുറച്ച് ഭാഗങ്ങളിലും പമ്പുചെയ്യാതെ ജലമെത്തിക്കാം.

ജനകീയാസൂത്രണ പത്രികാ പ്രകാശനം

4-6

വിദ്യാഭ്യാസം

കുടിയേറ്റ പ്രദേശമായ നെടുംങ്കണ്ടം പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ കുട്ടികൾക്കു പഠിക്കുവാൻ യാതൊരു സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. ഈ പ്രദേശത്ത് ആദ്യമായി സ്ഥാപിതമായ സ്കൂൾ കല്ലാർ ഗവ.എൽ.പി. സ്കൂളാണ്. 4 ക്ലാസുകളിൽ പഠിപ്പിക്കാൻ ഒരാളാണ് അന്നുണ്ടായിരുന്നത്. തുടർന്ന് ചില വ്യക്തികൾ ചേർന്ന് നെടുംങ്കണ്ടത്തു സ്ഥാപിച്ച പ്രൈമറിസ്കൂളാണ് നെടുംങ്കണ്ടം പഞ്ചായത്ത് യു.പി. സ്കൂളായിമാറിയത്. തുടർന്ന് കല്ലാർ ഗവ.ഹൈസ്കൂൾ, നെടുംങ്കണ്ടം ഗവ. ഹൈസ്കൂൾ, എഴുകുംവയൽ ഗവ.ഹൈസ്കൂൾ, ഗവ.എൽ.പി. സ്കൂൾ പുഷ്പകണ്ടം തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളും സെന്റ് സെബാസ്റ്റ്യൻസ് സ്കൂൾ, മഞ്ഞപ്പാറ സി.ആർ.യു.പി. സ്കൂൾ, സെന്റ് തോമസ് എൽ.പി. സ്കൂൾ, കോമ്പയാർ തുടങ്ങിയ എയ്ഡഡ് സ്കൂളുകളും നിലവിൽ വന്നു. വിദ്യാഭ്യാസ മേഖലയിൽ സാമുദായിക സംഘടനകളുടെ സംഭാവന നിർണായകമാണ്.

ഇപ്പോഴും പല വാർഡുകളിലും ആവശ്യത്തിന് സ്കൂളുകളില്ല. I. IV, V, VI, XII, XIII എന്നീ വാർഡുകളിൽ നിന്നും കുട്ടികൾ 8 മുതൽ 17 കിലോമീറ്റർ വരെ കാൽനടയായിട്ടാണ് സ്കൂളിൽ എത്തുന്നത്. ഇക്കാരണത്താൽ എല്ലാ കുട്ടികളും സ്കൂളിലെത്തുന്നില്ല. കൊഴിഞ്ഞുപോക്കു സംബന്ധിച്ച പട്ടിക ചേർത്തിട്ടുണ്ട് (പട്ടിക–1).

പഞ്ചായത്തിൽ മൊത്തം 15 സ്കൂളുകളുണ്ട്. ഇവയിൽ 6228 കുട്ടികൾ പഠിക്കുന്നുണ്ട്. പട്ടിക ചേർത്തിരിക്കുന്നു (പട്ടിക – 2). സർക്കാർ മേഖലയൽ 4 സ്കൂളുകൾ ഉണ്ട്. ഇവയിൽ രണ്ടെണ്ണം ഹൈസ്കൂളുകളാണ്. ഒരു ഹൈസ്കൂളിനോടു ചേർന്നു തൊഴിലധിഷ്ഠിത

പട്ടിക - 1

പഠനം നിർത്തിയവരുടെ വിവരം (96–97)

	SC/ST			മറ്റുള്ളവർ		
ക്ലാസ്	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	–	–	–	1	1	2
II	–	–	–	1	4	5
III	1	–	1	1	–	1
IV	–	1	1	–	–	–
V	–	–	–	2	–	2
VI	1	–	1	3	–	3
VII	3	2	5	8	9	17
IX	2	1	3	7	4	11
X	1	2	3	4	3	7
ആകെ	11	6	17	31	22	53

പട്ടിക - 2
വിദ്യാർത്ഥികൾ - അദ്ധ്യാപകർ

ക്രമ നമ്പർ	സ്കൂൾ	മാനേജ്മെന്റ്	Lp Up HS	വിദ്യാർത്ഥികൾ			SC/ST വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, നെടുംകണ്ടം	ഗവൺമെന്റ്	HS	326	346	672	31	35	66	85	19	27
2.	ഗവ.എൽ.പി. സ്കൂൾ, കല്ലാർ	do	LP	163	178	341	25	32	57	5	5	10
3.	പഞ്ചായത്ത് യു.പി.സ്കൂൾ, നെടുംകണ്ടം	പഞ്ചായത്ത് എയ്ഡഡ്	UP	289	275	564	71	66	137	4	15	19
4.	സെന്റ് സെബാസ്റ്റ്യൻസ് യു.പി.എസ്.	എയ്ഡഡ്-കോർപ്പറേറ്റ് കോതമംഗലം രൂപത	UP	539	539	1078	20	24	44	9	18	27
5.	" " L.P.S. നെടുംകണ്ടം	അംഗീകാരം ഇല്ല കോതമംഗലം രൂപത	LP	371	338	709	19	21	40	4	12	16
6.	" " H.S. നെടുംകണ്ടം	അൺ-എയ്ഡഡ് കോതമംഗലം രൂപത	HS	419	482	901	7	12	19	7	14	21
7.	S.N.L.P.S. പച്ചടി	എയ്ഡഡ് S.N.D.P.	LP	123	89	212	18	11	29	3	3	6
8.	C.R.U.P.S. മഞ്ഞപ്പാറ	എയ്ഡഡ് കോതമംഗലം രൂപത	UP	194	167	361	10	14	24	3	9	12
9.	സെ.തോമസ് U.P.S. മാവടി	അംഗീകാരം ഇല്ല	UP	115	117	232	8	7	15	2	6	8
10.	G.H.S. എഴുകുംവയൽ	സർക്കാർ	HS	141	162	303	6	7	13	8	4	12
11	G.L.P.S. പുഷ്പക്കണ്ടം	do	LP	70	80	150	5	7	12	2	1	3
12.	ഗ്രേയ്സ് ഫെലോഷിപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, നെടുംകണ്ടം	അംഗീകാരം ഇല്ല	UP	94	69	163	5	3	8	5	8	13
13.	ഹോളിക്രോസ് പബ്ലിക് സ്കൂൾ, നെടുംകണ്ടം	do	UP	80	41	121	-	-	-	2	9	11
14.	സെന്റ് തോമസ് L.P.S. കോമ്പയാർ	എയ്ഡഡ് M.C.B.S.	LP	119	122	241	6	5	11	1	8	9
15.	S.D.A. ഇംഗ്ലീഷ് മീഡിയം സ്കൂൾ, നെടുംകണ്ടം	1-7-S.D.A. 8-10 അംഗീകൃതം	H.S.	112	68	180	19	1	20	4	14	18
		ആകെ		**3155**	**3073**	**6228**	**250**	**245**	**495**	**67**	**145**	**212**

കോഴ്സുകളും നടത്തുന്നുണ്ട്. അത്യാവശ്യ സൗകര്യങ്ങളുടെയും അദ്ധ്യാപകരുടെയും അഭാവം സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങൾ, താഴെ ക്ലാസ്സുകളിലെ പഠനനിലവാരകുറവ് ഇവയെല്ലാം S.S.L.C. വിജയശതമാനത്തെ ബാധിക്കുന്നുണ്ട് (പട്ടിക - 3).

പട്ടിക - 3

എസ്.എസ്.എൽ.സി. വിജയശതമാനം 95-96

S.S.L.C.	V.H.S.S. നെടും കണ്ടം	G.H.S. എഴുകും വയൽ	S.S.H.S.	S.D.A.
പരീക്ഷ എഴുതിയ കുട്ടികൾ	230	50	168	7
%	30%	60%	95%	100

3 ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ പഞ്ചായത്തിൽ ഉണ്ട്. ആകെ വിദ്യാർത്ഥികളിൽ 7.45% പേർ മാത്രമേ ഈ സ്കൂളുകളിൽ അഭ്യസനം നടത്തുന്നുള്ളു. 13 സ്കൂളുകളിലും പി.റ്റി.എ. പ്രവർത്തിക്കുന്നു എന്നുള്ളത് ആശാവഹമാണ്. 10 സ്കൂളുകളിൽ മാതൃസംഘങ്ങളും ഉണ്ട്. പി.റ്റി.എ. കാര്യക്ഷമമായ വിദ്യാലയങ്ങളിൽ സ്കൂളിന്റെ ഭൗതീക സാഹചര്യം വികസിപ്പിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ മാനേജ്മെന്റിൽ ഉള്ള സ്കൂളാണ് നെടുംങ്കണ്ടം പഞ്ചായത്ത് യു.പി.സ്കൂൾ. പഞ്ചായത്തിലെ സാധാരണക്കാരുടെ മക്കളുടെ ആശ്രയമാണീ സ്കൂൾ. 564 വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. ഈ സ്കൂളിൽ മാതൃസംഘവും P.T.A.യും ഉണ്ടെങ്കിലും സജീവമായ പ്രവർത്തനം ഇല്ല. അക്കാഡമിക് സൗകര്യങ്ങളിൽ വളരെ പിന്നോക്കം ആണ്. ഭൗതീക സൗകര്യങ്ങളുടെ കാര്യങ്ങളിൽ ശരാശരിയാണ്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ, സാങ്കേതിക സ്ഥാപനങ്ങളോ, പഞ്ചായത്തിൽ ഇല്ല. പാമ്പാടുംപാറ പഞ്ചായത്തിലെ എം.ഈ.എസ്. (M.E.S.) കോളേജിനെയാണ് ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്നത്. സാങ്കേതിക രംഗത്തെ വിദ്യാഭ്യാസത്തിന് വിദ്യാർത്ഥികൾ കട്ടപ്പനയിൽ പോകേണ്ടിവരുന്നു. ഉപരിവിദ്യാഭ്യാസത്തിനായി കോട്ടയം, എറണാകുളം, ചങ്ങനാശ്ശേരി എന്നീ സ്ഥലങ്ങളെ ആശ്രയിക്കുന്നു.

ഉപരിവിദ്യാഭ്യാസരംഗത്ത് സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെ സംഭാവന നൽകുന്നുണ്ട്. സഹകരണ മേഖലയിലുള്ള ബ്ലോക്ക് കോ- ഓപ്പറേറ്റീവ് കോളേജിന്റെ പ്രവർത്തനം പ്രശംസാർഹമാണ്. ഇവിടെയും ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമം അല്ല. പ്രശംസാർഹമായ നിലയിൽ പ്രവർത്തിക്കുന്ന വായനശാലകൾ 2 എണ്ണം മാത്രമാണ്. വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം ഇല്ല.

സ്കൂളിൽ അക്കാഡമിക് സൗകര്യങ്ങളുടെ അപര്യാപ്തത ഇളംതലമുറയുടെ വളർച്ചയെ വിപരീതമായി ബാധിക്കുന്നു. ലൈബ്രറി സൗകര്യം ഇല്ലാത്ത 6ഉം, ലാബ് സൗകര്യം ഇല്ലാത്ത 9 സ്കൂളുകളും പഞ്ചായത്തിൽ ഉണ്ട്. (പട്ടിക 4)

5 സ്കൂളുകളിൽ മാതൃസംഘങ്ങളും 2 സ്കൂളുകളിൽ പി.ടി.എകളും പ്രവർത്തിക്കുന്നില്ല. ഈ കുറവുകൾ പരിഹരിക്കേണ്ടത് പരമപ്രധാനം ആണ്.

കുട്ടികൾക്ക് പഠനത്തിനായുള്ള ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തത വിദ്യാഭ്യാസ മേഖലയുടെ പോരായ്മയാണ്. മൂത്രപ്പുരയില്ലാത്ത 3 സ്കൂളുകളും കക്കൂസില്ലാത്ത 4 സ്കൂളുകളും ഉണ്ട്. അദ്ധ്യാപകർക്ക് സ്റ്റാഫ് റൂംഇല്ലാത്ത 3 സ്കൂളുകൾ ഉണ്ട്. 4 സ്കൂളുകളിൽ കുടിവെള്ളം ലഭ്യമാകുന്നതിനായുള്ള സംവിധാനം ഇല്ല.

ആകെയുള്ള അദ്ധ്യാപകരിൽ 50% ഉം മറ്റു ജില്ലകളിൽ നിന്നുള്ളവരാണ്. ഇവർക്ക് താമസസൗകര്യം ഇല്ല.

കലാകായികരംഗങ്ങളിൽ ജില്ലാ-സംസ്ഥാനതലങ്ങളിൽ പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ശോഭിക്കുവാൻ കഴിഞ്ഞിട്ടില്ല. കായികരംഗത്തെ അദ്ധ്യാപകരുടെ കുറവു ചൂണ്ടിക്കാണിക്കപ്പെടേണ്ടതുണ്ട്.

നഴ്സറി സ്കൂളിന്റെ പ്രവർത്തനം നെടുംങ്കണ്ടം ടൗൺ പ്രദേശത്ത് ഉണ്ട്. പഞ്ചായത്തിന്റെ 39 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാ

പട്ടിക - 4

ഗവ.സ്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ.അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളിലെ വിദ്യാർത്ഥികൾ	ശതമാനം
210	50	23.80	6228	1466	23.54

പട്ടിക - 5

അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത 96-97

	ലൈബ്രറി	ലാബ്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രോജക്ടർ	സ്ലൈസ് പ്രൊജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ	ഓവർഹെഡ് പ്രോജക്ടർ	കംപ്യൂട്ടർ
ഉള്ളത്	9	6	8	10	10	2	1	1	10	10	13	1	4
ഇല്ലാത്തത്	6	9	7	5	5	13	14	14	5	5	2	14	1

ത്തതിനാൽ പ്രവർത്തനം പലതിന്റെയും കാര്യക്ഷമം അല്ല. കൂടാതെ കളിക്കോപ്പുകളുടെ അപര്യാപ്തതയും ഉണ്ട്.

വിദ്യാഭ്യാസസമ്പ്രദായത്തെ ആകർഷകമാക്കുന്നതോടൊപ്പം കുട്ടികൾക്ക് അറിവ് സ്വായത്തമാക്കുവാനുള്ള ഭൗതീക സാഹചര്യങ്ങളും ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വകാര്യ സ്കൂളുകൾ അവികസിതമായ ഈ മേഖലയിൽ വിജ്ഞാന വ്യാപനത്തിന് നിർണ്ണായകമായ ഘടകം ആണ്. അതുകൊണ്ടുതന്നെ ഗ്രാമസഭാ റിപ്പോർട്ടുകൾ പരിശോധിച്ചതിൽനിന്നും സ്വകാര്യ സ്കൂളുകൾ പലയിടങ്ങളിലും ആരംഭിച്ചാൽ അത് പഞ്ചായത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൽ സഹായിക്കുന്ന ഘടകം ആണെന്ന് കാണാം. എന്നാൽ കച്ചവടക്കണ്ണുകളോടെ നമ്മുടെ നാടിന് അനുഗുണമല്ലാത്ത സംസ്കാരം വളർത്തുന്ന സ്ഥാപനങ്ങൾ ഇനിയും ആവശ്യമുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ലഭിച്ചിട്ടുള്ളത്.

1. മഞ്ഞപ്പാറയിൽ L.P. H.S. സ്കൂളുകൾ സ്ഥാപിക്കുകയോ, നിലവിൽ ഉള്ള CRUPS സ്കൂൾ അപ്ഗ്രേഡു ചെയ്യുകയോ ചെയ്യുക.
2. പച്ചടി S.N.L.P.S. കോമ്പയാർ സെന്റ് തോമസ് L.P. സ്കൂൾ, പുഷ്പക്കണ്ടം ഗവ.എൽ.പി. സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്യുക.
3. കുഴിപ്പെട്ടി, ആനക്കല്ല് എന്നിവടങ്ങളിൽ L.P. സ്കൂൾ തുടങ്ങുക
4. കോമ്പയാർ സ്കൂളിൽ തമിഴ് അദ്ധ്യാപകന്റെ പോസ്റ്റ് അനുവദിക്കുക.
5. പുഷ്പകണ്ടം എഴുകുംവയൽ സ്കൂളുകൾക്ക് ആവശ്യത്തിന് കെട്ടിടം പണിയുക. ഇവയ്ക്ക് ഗ്രൗണ്ടുകൾ പണിയുക.
6. മുണ്ടിയെരുമ ഗവ.എൽ.പി. സ്കൂൾ, നെടുംങ്കണ്ടം പഞ്ചായത്ത് യു.പി. സ്കൂൾ എന്നിവയ്ക്ക് ചുറ്റുമതിൽ പണിയുക.
7. ഭൗതീകസാഹചര്യങ്ങൾ പ്രത്യേകിച്ച് കുടിവെള്ള സംവിധാനം, കക്കൂസ്, മൂത്രപ്പുര എന്നിവ ഇല്ലാത്ത സ്കൂളുകളിൽ അവ നിർമ്മിക്കണം.
8. സാങ്കേതിക രംഗത്ത് വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കുക. നെടുംങ്കണ്ടം, ചോറ്റുപാറ എന്നിവിടങ്ങളിൽ പോളിടെക്നിക്ക്, ITI സ്ഥാപനങ്ങൾ ആരംഭിക്കുക.
9. കായികാധ്യാപകരുടെ കുറവ് പരിഹരിക്കുക.
10. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നതിനായുള്ള നടപടി ആരംഭിക്കുക.

പട്ടിക - 6

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് 96-99

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1653	149	9.01	2519	228	9.05	2056	118	5.74
							ആകെ	7.95

പട്ടിക - 7

പെൺകുട്ടികളുടെ വിവരങ്ങൾ 96-97

ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	%
6228	3155	3073	49.34

പട്ടിക - 8

ഭൗതിക സാഹചര്യങ്ങൾ

നമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1.	ഗവ.വൊക്കേഷണൽ ഹയർ സെക്കൺറി, നെടുംങ്കണ്ടം	672	27	2	2	കിണർ 1	ഉണ്ട്
2.	പഞ്ചായത്ത് യു.പി.എസ്. നെടുംകണ്ടം	564	19	ഇല്ല	1	ഇല്ല	"
3.	എസ്.എസ്.എൽ.പി.എസ്. നെടുംകണ്ടം	709	16	"	2	പൈപ്പ്	"
4.	എസ്.എസ്.യു.പി.എസ്. "	1078	27	3	3	"	"
5.	എസ്.എസ്. ഹൈസ്കൂൾ "	901	21	2	5	"	"
6.	എസ്.എൻ.എൽ.പി.എസ്. പച്ചടി	212	6	1	ഇല്ല	ഇല്ല	ഇല്ല
7.	സി.ആർ.യു.പി.എസ്. മഞ്ഞപ്പാറ	361	12	2	2	കിണർ	ഉണ്ട്
8.	സെന്റ് തോമസ് യു.പി.എസ്. മാവടി	232	8	2	ഇല്ല	ഇല്ല	ഇല്ല
9.	ഗവ.ഹൈസ്കൂൾ എഴുകുംവയൽ	303	12	2	ഇല്ല	പൈപ്പ്	ഉണ്ട്
10.	ഗ്രേഡ് ഫെല്ലോഷിപ്പ് ഇംഗ്ലീഷ് മീഡിയം നെടുംകണ്ടം	163	13	2	2	കിണർ	"
11.	ഹോളിക്രോസ് ഇംഗ്ലീഷ് മീഡിയം നെടുംകണ്ടം	121	11	2	2	പൈപ്പ്	"
12.	സെന്റ് തോമസ് എൽ.പി.എസ്. കോമ്പയാർ	241	9	ഇല്ല	ഇല്ല	കിണർ	ഇല്ല
13.	ഗവ.എൽ.പി.എസ്. പുഷ്പകണ്ടം	150	3	1	1	ഇല്ല	"
14.	ഗവ.എൽ.പി.എസ്. കല്ലാർ	341	8	2	1	ഇല്ല	"
15.	എസ്.ഡി.എ.ഇംഗ്ലീഷ് മീഡിയം നെടുംങ്കണ്ടം	180	18	2	2	പൈപ്പ്	ഉണ്ട്
	ആകെ	6228	210	23	23		

സെന്റ് തോമസ് യു.പി.എസ്. മാവടി, ഗ്രേസ് ഫെല്ലോഷിപ്പ്, ഹോളിക്രോസ്, എസ്.ഡി.എ. നെടുംകണ്ടം. ഈ 4 സ്കൂളുകൾക്ക് ചുറ്റുമതിൽ ഭാഗികമായുണ്ട്. ബാക്കിയുള്ള സ്കൂളുകൾക്ക് ചുറ്റുമതിൽ ഇല്ല

11. സാക്ഷരതാ പരിപാടിയുടെ ഭാഗമായുള്ള തുടർ വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനം സജീവം ആക്കുക.
12. പഞ്ചായത്ത് തലത്തിൽ അദ്ധ്യാപകർക്ക് റിഫ്രെഷ്മെന്റ് കോഴ്സുകൾ സംഘടിപ്പിക്കണം.
13. സ്കൂളുകളിൽ പി.ടി.എ.ക്ക് പുറമെ സ്കൂളിനോടു താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തി കമ്മറ്റികൾ രൂപീകരിക്കണം.
14. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ ആവശ്യത്തെ മുന്നിൽ കണ്ടുകൊണ്ട് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് നോട്ടുബുക്ക് നിർമ്മാണ പരിശീലനം നൽകണം.

പട്ടിക - 9

സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം

മെറിറ്റ് സ്കോളർഷിപ്പ്	ലംപ്സം ഗ്രാൻഡ്	മുസ്ലിം പെൺകുട്ടികളുടെ	വികലാംഗ സ്കോളർഷിപ്പ്	ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം
26	523	51	23	1

15. കഴിഞ്ഞ 16 വർഷമായി മാവടിയിൽ പ്രവർത്തിക്കുന്ന സെന്റ് തോമസ് യു.പി. സ്കൂളിൽ ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. ടി. സ്കൂൾ ഒരു എയ്ഡഡ് സ്കൂൾ ആകേണ്ടതാണ്.
16. ഗവ.ഹൈസ്കൂൾ ഏഴുകുംവയലിൽ ഇപ്പോൾ നിലവിലുള്ള കംപ്യൂട്ടർ കോഴ്സിൽ പുറത്തുനിന്നുള്ള കുട്ടികൾക്കുകൂടി പ്രവേശനം നല്കണം.

വിദ്യാർത്ഥികളിൽ പാഠ്യേതര വിഷയങ്ങളിൽ താല്പര്യം വളർത്തുവാൻ ഉപകരിക്കുന്ന രീതിയിൽ എല്ലാ സ്കൂളുകളിലേയും സാഹിത്യസമാജങ്ങൾ സജീവം ആക്കുകയും കലാ-കായികരംഗത്ത് പ്രോത്സാഹനം നൽകുകയും വേണം. ഒപ്പം പാഠ്യരംഗങ്ങളിലും പ്രോത്സാഹനം നൽകണം. കൂടാതെ പൂന്തോട്ടം, പച്ചക്കറി തോട്ട നിർമ്മാണം എന്നിവ സംഘടിപ്പിക്കണം. കൈയ്യെഴുത്ത് മാസിക, പഠന പര്യടനപരിപാടികൾ സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം എന്നിവയും ആരംഭിക്കാവുന്നതാണ്.

അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ഈ രംഗത്ത് സംഭാവന നൽകുവാൻ കഴിയുന്ന വ്യക്തികളുടെയും സഹകരണത്തോടെ പി.റ്റി.എ.കളും മാതൃസംഘടനകളും സജീവം ആയാൽ വിദ്യാഭ്യാസരംഗത്ത് വളരെ കാര്യങ്ങൾ ചെയ്യുവാൻ നമ്മൾക്ക് കഴിയും.

കേട്ടറിവും നാട്ടറിവും - ഈ നാടിനുവേണ്ടി പ്രയത്നിച്ചവർ

4-7

പാർപ്പിടം സാമൂഹ്യക്ഷേമം

പതിനായിരത്തിലധികം വീടുകൾ പഞ്ചായത്തിലുണ്ട്. വീടുകളിൽ ഭൂരിപക്ഷവും ഓല, കോറഷീറ്റ് ഇവ ഉപയോഗിച്ചു മേഞ്ഞിരിക്കുന്നു. ഏതാണ്ട് രണ്ടായിരത്തോളം വീടുകൾ ഓടു മേഞ്ഞതും കോൺക്രീറ്റുമാണ്. എല്ലാ വാർഡുകളിലും വീടില്ലാത്ത ആളുകൾ ഉണ്ട്. വിവിധ ഭവനനിർമ്മാണപദ്ധതികളിൽ ഉൾപ്പെടുത്തി വീടുകൾ നൽകിവരുന്നുണ്ട്. അവ ശേഷിക്കുന്നവർക്ക് വീടു നിർമ്മിക്കാൻ സഹായധനം നൽകണം.

പഞ്ചായത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി മാത്രമാണുള്ളത്. ഹൗസിംഗ് ലോണിന് ഈടാക്കുന്ന പലിശ വളരെ കൂടുതലാണ്. 3, ലക്ഷം വീടു കോളനിയും 12 മറ്റു കോളനികളും ഉണ്ട്.

പഞ്ചായത്തിലെ അംഗീകൃത കോളനികൾ

കോളനിയുടെ പേര്	കുടുംബങ്ങളുടെ എണ്ണം
1. കൽകൂന്തൽമെട്ട്	22
2. കല്ലാർ	17
3. മഞ്ഞപ്പാറ	16
4. പച്ചടി	37
5. പൊന്നാംകാണി	28
6. പരിവർത്തനമേട്	20
7. രാമക്കൽമേട്	13
8. തൂവൽ IHDP	33
9. കോമ്പയാർ	20
10. ഉദയഗിരി	15
11. ആനക്കല്ല്	20
12. നെടുംങ്കണ്ടം IHDP	41

ഈ കോളനികളിൽ ആവശ്യമായ ജീവിതസാഹചര്യങ്ങൾ ഇല്ല. കുടിവെള്ളം, ഗതാഗതം, വൈദ്യുതി, കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ ഈ കോളനികളിൽ ഇല്ല

തമിഴ്നാട്ടിൽ നിന്നും കുടിയേറിയ തൊഴിലാളികൾ എസ്റ്റേറ്റുകളിലാണ് ജോലിചെയ്യുന്നത്. അവർക്കു ലയങ്ങൾ ഉണ്ട്. ഈ ലയങ്ങൾ വേണ്ടത്ര സൗകര്യമുള്ളവയല്ല.

ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല. കോൺക്രീറ്റു കെട്ടിടങ്ങളോടാണ് ജനങ്ങൾക്കു കൂടുതൽ പ്രിയം. കെട്ടിടനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നില്ല. സാമഗ്രികളിലേറെയും തമിഴ്നാട്ടിൽനിന്നും മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുകയാണ്. സിമന്റിഷ്ടിക ഉണ്ടാക്കുന്ന ഒരു ഫാക്ടറിയും ചൂടു ഇഷ്ടിക ഉണ്ടാക്കുന്ന ഏതാനും കളങ്ങളും ഉണ്ട്. നിർമ്മാണത്തൊഴിലാളികൾ വേണ്ടത്രയില്ല. തൊഴിലാളികളുടെ കൂലി നിരക്കിൽ വർധന ഉണ്ടായിട്ടുണ്ട്. വിദഗ്ദ്ധ പുരുഷതൊഴിലാളികൾക്ക് 125-150 രൂപ കൂലിയും സഹായിതൊഴിലാളിക്ക് 100 രൂപയും സ്ത്രീ തൊഴിലാളിക്ക് 75 രൂപയും കൂലിയുണ്ട്. വേണ്ടത്ര വൈദഗ്ധ്യമുള്ളവർ കുറവാണ്. വീടുകൾ സ്വന്തമായി പണിയിപ്പിക്കുകയാണ് കോൺട്രാക്റ്റു സമ്പ്രദായം കുറവാണ്.

വീടുകൾ സംബന്ധിച്ച വിവരങ്ങൾ ഇപ്രകാരമാണ് (a) കോൺക്രീറ്റ് 718, (b) ഓടിട്ടത് 1236, (c) പുല്ല്, ഓല മേഞ്ഞത് 7969 (d) കുടിൽ 1345 താന്നിമൂട് ലക്ഷം വീടു കോളനി, ചോറ്റുപാറ ലക്ഷം വീടുകോളനി, പച്ചടി ലക്ഷം വീടുകോളനി ഇവിടങ്ങളിൽ ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. വീടുകളുടെ അവസ്ഥ ശോചനീയമാണ്.

ലക്ഷം വീടുകോളനികളുടെ വിവരം

1. താന്നിമൂട് - 30 വീടുകൾ
2. ചോറ്റുപാറ - 22 വീടുകൾ
3. പച്ചടി - 9 വീടുകൾ

പ്രശ്നങ്ങൾ

1. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം കെട്ടിടനിർമ്മാണം വളരെ ശ്രമകരമാണ്. ഭൂമിയുടെ വില കൂടുതൽ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ അഭൂതപൂർവ്വമായ വിലക്കയറ്റം, തൊഴിലാളികളുടെ കൂലി കൂടുതൽ, ആവശ്യത്തിനു തൊഴിലാളികളെ കിട്ടാനുള്ള പ്രയാസം, വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട്, അമിതപലിശ ഇവയെല്ലാമാണ് കാരണങ്ങൾ.
2. നിലവിലുള്ള കോളനികളിൽ പശ്ചാത്തല സൗകര്യങ്ങൾ വേണ്ടത്രയില്ല.
3. കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്നില്ല.

4. ചെലവു കുറഞ്ഞ വീടുകളെ സംബന്ധിച്ച അറിവില്ലായ്മ, അത്തരം വീടുനിർമ്മിക്കാനുള്ള വിദഗ്ധരുടെ കുറവ്.
5. വിവിധ ഹൗസിംഗ് സ്കീമുകളെ സംയോജിപ്പിക്കുന്നില്ല.
6. ഹൗസിംഗ് സൊസൈറ്റികളുടെ അപര്യാപ്തത

സാധ്യതകൾ

1. ചെലവു കുറഞ്ഞ വീടുകളെ സംബന്ധിച്ച് ബോധവൽകരണം നടത്തുകയും ദുർവ്യയം ഒഴിവാക്കി വീടു നിർമ്മിക്കാനാവശ്യമായ വൈദഗ്ധ്യം തേടുകയും ചെയ്യുക.
2. ഹൗസിംഗ് സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും നടപടികൾ ലഘൂകരിക്കുകയും പലിശ കുറക്കുകയും ചെയ്യണം.
3. നിർമ്മാണ സാമഗ്രികൾ പ്രാദേശികതലത്തിൽ നിർമ്മിച്ചു കുറഞ്ഞവിലക്കു ലഭ്യമാക്കണം.
4. കോളനികളുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

സാമൂഹ്യക്ഷേമം

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള കുടുംബങ്ങളിൽ ഒരു നല്ല ശതമാനം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരാണ്. ഇതിൽ ഭൂരിപക്ഷവും മുന്നോക്ക ജാതിവിഭാഗത്തിൽപെട്ടവരാണ്. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് നിരവധി സാമൂഹ്യക്ഷേമപരിപാടികൾ നടത്തുന്നുണ്ട്. എന്നാൽ മുന്നോക്ക ജാതിയിൽപെട്ട പാവപ്പെട്ടവർക്ക് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ ഗുണം വളരെ കുറച്ചുമാത്രമേ ലഭിക്കുന്നുള്ളു. നാമമാത്ര കൃഷിക്കാരും കർഷകത്തൊഴിലാളികളും കൈത്തൊഴിലാളികളും ധാരാളമുള്ള ഈ പ്രദേശത്ത് ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ അപര്യാപ്തമാണ്. കാർഷിക മേഖലയുടെ തകർച്ച തന്നെയാണ് അടിസ്ഥാന കാരണം.

ട്രൈസം. DWCRA തുടങ്ങിയ പദ്ധതികളുടെ ഗുണഭോക്താക്കൾ നാമമാത്രമാണ്.

DRCRA പദ്ധതിപ്രകാരം 92-93, 93-94 എന്നീ വർഷങ്ങളിൽ 25 വീതം അംഗങ്ങൾക്കു സഹായം നൽകി. അതിനുശേഷം ഈ പദ്ധതിപ്രകാരം ആർക്കും സഹായം നൽകിയിട്ടില്ല. വിവിധ ഭവന നിർമ്മാണപദ്ധതികൾ പ്രകാരം നിർമ്മിച്ചിട്ടുള്ള വീടുകളുടെ എണ്ണം 138 ആണ്. 1992-നുശേഷം വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുള്ള കക്കൂസുകളുടെ എണ്ണം 45 മാത്രമാണ്.

വിധവകളുടെ പെൺമക്കളെ വിവാഹം ചെയ്യുന്നതി

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബാംഗങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
4596	244	378	147	280	4316

ട്രൈസം പരിശീലനം നേടിയവരുടെ വിവരം

പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലിൽ ഏർപ്പെട്ടിരുന്നവർ	അവശേഷിക്കുന്നവർ
ആട്ടോ മൊബൈൽ	2	-	2	-
റേഡിയോ & ടി.വി. റിപ്പയറിംഗ്	2	1	1	-
കമ്പ്യൂട്ടർ ട്രെയിനിംഗ്	12	-	12	-
പ്ലംബിംഗ്	-	1	-	
എംബ്രോയിഡറി	6	-	6	-
ടൈപ്പ്റൈറ്റിംഗ്	4	-	4	-
കമ്പോസിംഗ്	5	-	5	-

നുള്ള ധനസഹായം. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ വിതരണം ചെയ്യുന്നുണ്ടെങ്കിലും അർഹമായ എല്ലാവർക്കും കിട്ടുന്നില്ല. ഇതു സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് അർഹരായവർ പലരും അപേക്ഷിക്കുന്നുപോലുമില്ല. നിരവധി അപേക്ഷകർക്കു പെൻഷൻ ലഭിക്കുന്നില്ലെന്നുള്ള പരാതി എല്ലാ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്.

പല സ്ഥലങ്ങളിലും മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നില്ല. ഉള്ളവയുടെ തന്നെ പ്രവർത്തനം തൃപ്തികരമല്ല. ബാലവാടികളിൽ വേണ്ടത്ര സൗകര്യങ്ങളില്ല.

സാമൂഹ്യക്ഷേമ വകുപ്പുവഴി അന്ധർക്കും, വികലാംഗർക്കും മന്ദബുദ്ധികൾക്കും വേണ്ടി നടപ്പാക്കുന്ന വിവിധ സ്കീമുകൾ ഈ പഞ്ചായത്തിൽ വേണ്ട രീതിയിൽ നടപ്പാക്കുന്നില്ല.

പെൻഷനും ധനസഹായവും സംബന്ധിച്ച പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പെൻഷനും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ

വിധവാ പെൻഷൻ	83
വികലാംഗ പെൻഷൻ	35
വാർധക്യ കാലപെൻഷൻ	8
ക്ഷയരോഗി പെൻഷൻ	10
ക്യാൻസർ പെൻഷൻ	10
കർഷകത്തൊഴിലാളി പെൻഷൻ	66

പഞ്ചായത്തു തലത്തിൽ സർവ്വേ നടത്തി അർഹരായവരെ മുഴുവൻ കണ്ടെത്തണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ മാത്രമേയുള്ളു

നിർദ്ദേശങ്ങൾ

1. ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ വിവിധ സാമൂഹ്യക്ഷേമ ദാരിദ്ര്യനിർമാർജന പദ്ധതികൾ നാമമാത്രവും അപര്യാപ്തവുമാണ്. ആയതിനാൽ ഇവ കാലോചിതമായി പരിഷ്കരിക്കണം.
2. സാമൂഹ്യസംഘടനകൾ മുൻകയ്യെടുത്തത് പദ്ധതികളെ സംബന്ധിച്ച് അറിവു നൽകുക.
3. ട്രൈസം തൊഴിൽ പരിശീലനം വ്യാപകമാക്കുക. പരിശീലനം ലഭിച്ചവർക്ക് തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. അങ്കനവാടികളും ബാലവാടികളും ആവശ്യമായ കളിക്കോപ്പുകളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തി വിപുലീകരിക്കുക. കെട്ടിടമില്ലാത്തിടത്ത് സ്വന്തം കെട്ടിടം നിർമ്മിക്കുക.
5. ഉള്ള ആനുകൂല്യങ്ങൾ യഥാസമയം അർഹരായവർക്ക് ലഭ്യമാക്കുക.
6. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജനകീയ കമ്മറ്റികൾ രൂപീകരിക്കുക.
7. മഹിളാ സമാജങ്ങളെ ശക്തിപ്പെടുത്തുക. അവരുടെ ആഭിമുഖ്യത്തിൽ പോഷകാഹാര പരിപാടികളും പ്രതിരോധ ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുകയും ആരോഗ്യക്ലാസുകൾ നടത്തുകയും ചെയ്യുക.
8. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബിനികൾക്കായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ കുടിൽ വ്യവസായങ്ങൾ നടത്താൻ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
9. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ മറ്റു സാമൂഹ്യക്ഷേമപരിപാടികളുടെയും നടപടിക്രമങ്ങൾ ലഘൂകരിക്കുക.
10. അങ്കനവാടി വർക്കർമാരെയും ഹെൽപ്പറന്മാരെയും സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സേവന-വേതന ഘടന പരിഷ്കരിക്കുക.
11. കർഷകത്തൊഴിലാളി ക്ഷേമനിധി കാര്യക്ഷമമായി നടപ്പാക്കുക. അതുപോലെ കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി, കൈത്തൊഴിലാളികൾ വിദഗ്ദ്ധ തൊഴിലാളികൾ എന്നിവർക്ക് ക്ഷേമനിധി നടപ്പാക്കണം.
12. IRDP സർവ്വെ 3 വർഷത്തിലൊരിക്കലെങ്കിലും നടത്തണം

4-8

വനിതാക്ഷേമം

കേരളത്തിലെ ജനസംഖ്യയിൽ ഭൂരിപക്ഷം സ്ത്രീകളാണെങ്കിലും വിവിധ മേഖലകളിൽ അവരുടെ പങ്കാളിത്തം ആശാവഹമല്ലായെന്നതാണ് നമ്മുടെ ദൗർബല്യം. നെടുംങ്കണ്ടം പഞ്ചായത്തിനെ സംബന്ധിച്ച് ഇതു ശരിയാണ്. 1991-ലെ സെൻസസ് അനുസരിച്ച് പുരുഷന്മാർ അല്പം കൂടുതലാണ് (503) തൊഴിൽ രംഗങ്ങളിൽ സ്ത്രീകളുടെ എണ്ണം വളരെ പുറകിലാണെന്നു കാണാം. സാക്ഷരതയുടെ കാര്യത്തിലും അവസ്ഥ വ്യത്യസ്ഥമല്ല.

ഏലത്തോട്ടം, കാർഷിക, കെട്ടിട നിർമ്മാണമേഖലകളിലാണ് സ്ത്രീകൾ പണിയെടുക്കുന്നത്. തോട്ടം മേഖലയിൽ 50 രൂപയും കാർഷിക മേഖലയിൽ 40 രൂപയും കെട്ടിടനിർമ്മാണ മേഖലയിൽ 75 രൂപയുമാണ് ശരാശരി കൂലി. പുരുഷന്മാർക്കുള്ളതിനേക്കാൾ കൂലി കുറവാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കണക്കെടുത്താൽ പെൺകുട്ടികളുടെ എണ്ണം 3073-ഉം ആൺകുട്ടികളുടേത് 3155ഉം ആണ്. ആരോഗ്യസ്ഥിതിയിൽ സ്ത്രീകൾ ആണു പിന്നിൽ. വിദ്യാഭ്യാസ കുടുംബക്ഷേമരംഗങ്ങളിൽ സ്ത്രീകൾ നേട്ടങ്ങൾ കൈവരിച്ചപ്പോഴും സ്വന്തമായ വരുമാനമുണ്ടാക്കുന്ന തൊഴിൽ മേഖലകളിൽ സ്ത്രീകൾ പിന്തള്ളപ്പെടുന്നു. അതുകൊണ്ടുതന്നെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയരുന്നില്ല. സ്ത്രീകൾക്കു പ്രാമുഖ്യമുള്ള ഏകമേഖല അദ്ധ്യാപനമാണെന്നു കാണാം.

പ്രത്യേകിച്ചു തൊഴിലില്ലാത്ത വീട്ടമ്മമാരായ സ്ത്രീകൾ നിരവധി ജോലികൾ തങ്ങളുടെ വീടുമായി ബന്ധപ്പെട്ടു ചെയ്യുന്നുണ്ട്. തങ്ങളുടെ കൃഷിയിടങ്ങളിൽ കൃഷിപ്പണിയിൽ സഹായിക്കുന്നു. കന്നുകാലി വളർത്തലിനുള്ള ഏതാണ്ടെല്ലാ പണികളും സ്ത്രീകൾ തന്നെയാണു ചെയ്യുന്നത്. സ്ത്രീകൾ കുടുംബനാഥകളായ കുടുംബങ്ങൾ 500-ഓളം ഉണ്ട്. വിധവാ പെൻഷൻ കിട്ടുന്നവരുടെ എണ്ണം 83 ആണ്.

പഞ്ചായത്തിൽ 39 അങ്കനവാടികളുണ്ട്. പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം 429 ആണ്. ഇവരിൽ പ്രത്യേക പരിചരണമാവശ്യമുള്ളവർ 241 ആണ്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 285. അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 200. അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം 202 ആണ്. എല്ലാ ഗർഭിണികൾക്കും ആവശ്യമായ പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കുന്നില്ല.

(1996 ഒക്ടോബർ സർവ്വേ അനുസരിച്ച്)

പഞ്ചായത്തിൽ 18 DWCRA യൂണിറ്റുകൾ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. ട്രൈസം-തൊഴിൽ പരിശീലനം ലഭിച്ചവർ 15 ആണ്. സ്ത്രീകൾക്കു നേരെയുള്ള ആക്രമണം പൊതുവേ കുറവാണെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്. സ്ത്രീധനപീഠനങ്ങളും കുറവാണ്. പൊതുജനസംഘടനകളിൽ സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും നേതൃത്വത്തിൽ കാര്യമായ പങ്കാളിത്തമില്ല.

ഗ്രാമസഭകളിലും ജനകീയാസൂത്രണ പരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം സാമാന്യം തൃപ്തികരമായിരുന്നു. ബോധപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്താം.

പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ അതിരൂക്ഷമാണ്.
2. തൊഴിൽ മേഖലയിൽ വിദ്യാഭ്യാസരംഗം ഒഴിച്ചാൽ മറ്റെല്ലാമേഖലകളിലും സ്ത്രീകൾ അവഗണന നേരിടുന്നു.
3. കൂലിനിരക്കിൽ വലിയ അന്തരം ഉണ്ട്.
4. സ്ത്രീപീഡനം നിലനില്ക്കുന്നു.
5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.
6. പൊതുരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും നേതൃത്വവും കുറവാണ്.

അദ്ധ്യാപനം		പ്രധാന തൊഴിൽ		കർഷക തൊഴിലാളികൾ		വ്യാപാരം വ്യവസായം		തൊഴിൽ രഹിതർ		നിരക്ഷരർ	
പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ	പു.	സ്ത്രീ
607	145	9835	1929	920	254	1053	61	8377	15915	15124	14080

7. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ല.
8. തൊഴിൽ പരിചയമോ നേതൃത്വ പരിശീലനമോ ഇല്ല.
9. സ്വയം തൊഴിൽ കണ്ടെത്താനുള്ള പദ്ധതി സംബന്ധിച്ച അറിവില്ലായ്മ.
10. കൂടുതൽ സമയം ജോലി ചെയ്യേണ്ടിവരുന്നു.

സാദ്ധ്യതകൾ

1. സ്ത്രീകൾക്കു മാത്രമായി കൂട്ടായി തൊഴിൽ ചെയ്യാൻ കഴിയുന്ന മേഖലകളെപ്പറ്റി അറിവ് നല്കുകയും അവ തുടങ്ങുവാനാവശ്യമായ സഹായസഹകരണങ്ങൾ നൽകുക. നേതൃത്വ പരിശീലനപരിപാടി ആവിഷ്കരിക്കുക.
2. തൊഴിൽമേഖലകളിൽ സ്ത്രീകൾക്കു സംവരണം ഏർപ്പെടുത്തുക.
3. കൂലിനിരക്കിലുള്ള അന്തരം കുറയ്ക്കുക.
4. മദ്യപാനം, സ്ത്രീധനം, സ്ത്രീപീഡനം എന്നിവയ്ക്കെതിരെ സാമൂഹ്യബോധവൽക്കരണം നടത്തുക. ഇതിനായി സന്നദ്ധ സംഘടനകളെ ഏകോപിപ്പിക്കുക.
5. സ്ത്രീകൾ കൂടുതലായി ജോലിചെയ്യുന്ന മേഖലകളിൽ ക്രഷുകളും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുക.

നാടിന്റെ സ്ഥിതിവിവരകണക്ക് അറിയുവാനായി

4-9

സഹകരണമേഖല

ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം കടന്നു വന്നിട്ടുണ്ട്. കാർഷിക മേഖലയായ നെടുകണ്ടം ഗ്രാമപഞ്ചായത്തിൽ കർഷകരുടെ ഏതാവശ്യങ്ങളും നിറവേറ്റാൻ കഴിയുന്ന സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. കാർഷിക മേഖലയിൽ എല്ലാ ആവശ്യങ്ങൾക്കും ഇന്നു വായ്പകൾ ലഭ്യമാണ്. വായ്പകൾ ദീർഘകാലം, മധ്യകാലം, ഹ്രസ്വകാല അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നു. ഹൗസിംഗ് സൊസൈറ്റിയിലൂടെ വീടുകൾ നിർമ്മിക്കാനും അറ്റകുറ്റപ്പണികൾ നടത്താനും ലോണുകൾ ലഭ്യമാണ്. കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങാൻ മാർക്കറ്റിംഗ് സൊസൈറ്റിയും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങൾ വ്യാപകമായി പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിൽ ആദ്യമായി രൂപീകരിച്ച സഹകരണ സംഘം നെടുംകണ്ടം സർവ്വീസ് സഹകരണ സംഘമാണ്. ഈ സംഘത്തിന്റെ ചീഫ് പ്രമോട്ടർ ശ്രീ. ഇ.എ. യൂസുഫ് സാഹിബ് ആയിരുന്നു.

ആദ്യഭരണസമിതി 7-3-69-ലാണ് നിലവിൽ വന്നത്. ഭരണസമിതി അംഗങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

ശ്രീ.	ഇ.എ. യൂസുഫ് സാഹിബ്	(പ്രസിഡന്റ്)
"	എ.എൽ. ലാസർ	(സെക്രട്ടറി)
"	ടി. ജോസ്	(ഡയറക്ടർ)
"	പി.എം. ദേവസ്യാ	(")
"	കെ.എം. മുഹമ്മദാലി റാവുത്തർ	(")
"	കെ.ടി. തോമസ്	(")
"	എം.എം. നാഗൂർകനി റാവുത്തർ	(")
"	പി.എം. നാരായണക്കുറുപ്പ്	(")
	സഹകരണ സംഘം ആഫീസർ	
	ഉടുമ്പൻചോല	(ഗവ. നോമിനി)
	ആഡിറ്റർ	"
	ഇൻസ്പെക്ടർ	"

ഇന്ന് ഈ സംഘത്തിന്റെ പ്രസിഡന്റ് ശ്രീ. P. N. വിജയനും വൈ. പ്രസിഡന്റ് ശ്രീ. പി.എം. ആന്റണിയും സെക്രട്ടറിയായി ശ്രീ. എം. സുകുമാരനുമാണ്. കേരളത്തിലെ ഒന്നാംകിട സർവ്വീസ് സഹ. സംഘങ്ങളിലൊന്നായ ഇത് നെടുകണ്ടം പഞ്ചായത്ത് നിവാസികളുടെ ആശാകേന്ദ്രമാണ്.

നല്ല നിലയിൽ പ്രവർത്തിക്കുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് മലനാട് കാർഷിക ഗ്രാമവികസന ബാങ്ക്. ഉടുമ്പൻചോല, പീരുമേട് താലൂക്കുകൾ ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിലുണ്ട്.

നെടുംകണ്ടം കേന്ദ്രമാക്കി പഞ്ചായത്തും താലൂക്കും ജില്ലയും കേന്ദ്രീകരിച്ച് 12 സംഘങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ 3 എണ്ണം ഒഴിച്ചാൽ ബാക്കി സംഘങ്ങളെല്ലാം പ്രവർത്തിക്കുന്നുണ്ട്. പാൽ സൊസൈറ്റികളിൽ 9 എണ്ണം ആപ്കോസ് ആണ്. മലനാട് ഡവലപ്മെന്റ് സൊസൈറ്റിവക 4 എണ്ണവും പ്രവർത്തിക്കുന്നു. ഈ സൊസൈറ്റികൾ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ അനുഗ്രഹമാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരിൽ നിന്നും നേരിട്ട് പാൽ വാങ്ങുകയും കന്നുകാലി സംരക്ഷണത്തിനു വേണ്ട സഹായങ്ങളും ചെയ്യുന്നുണ്ട്. എങ്കിലും ഈ സൊസൈറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ചു നിരവധി ആക്ഷേപങ്ങൾ കർഷകർക്കുണ്ട്. സ്ത്രീകൾക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉടുമ്പൻചോല താലൂക്ക് വനിതാ വിവിധോദ്ദേശ സഹകരണസംഘത്തെക്കുറിച്ച് പ്രത്യേകം പരാമർശിക്കാതിരിക്കാൻ കഴിയില്ല.

ഉടുമ്പൻചോല താലൂക്ക് വനിതാ വിവിധോദ്ദേശ സഹകരണ സംഘം നെടുംകണ്ടം കേന്ദ്രമായി പ്രവർത്തിച്ചിരുന്നു. സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്താനുതകുന്ന ഉപകരണങ്ങൾ വിതരണം ചെയ്യാനും അതിനാവശ്യമായ പരിശീലനം നൽകാനും ഈ സൊസൈറ്റിക്കു കഴിഞ്ഞിരുന്നു. എന്നാൽ അതു പ്രവർത്തനരഹിതമായിട്ട് വർഷങ്ങളായി. ഈ സൊസൈറ്റി പുനരുജ്ജീവിപ്പിച്ച് പുതിയ പദ്ധതികൾ ഏറ്റെടുത്ത് നല്ല രീതിയിൽ നടത്തേണ്ടതാണ്.

ഇപ്പോൾ ഇതിന്റെ ഭരണം അഡ്മിനിസ്ട്രേറ്ററാണ് നടത്തുന്നത്. ഇതിൽ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭരണസമിതിയുണ്ടാവണം. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും പശ്ചാത്തലത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും പദവിയും ഉയർത്താൻ ഇത്തരം സംരംഭങ്ങൾക്കു കഴിയും. പുതിയ സാഹചര്യത്തിൽ ഈ സൊസൈറ്റിക്കു നിരവധി പദ്ധതികൾ ഏറ്റെടുക്കാം. വ്യാവസായിക അടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കോഴിവളർത്തൽ, കൃഷി, കറി പൗഡർ തുടങ്ങി അനവധി സാധ്യതകൾ ഉണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയണം. ഇവിടെ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളെ സംബന്ധിച്ച പട്ടിക ചുവടെ

സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പദ്ധതി	അംഗങ്ങളുടെ എണ്ണം	പ്രവർത്തനം ആരംഭിച്ച വർഷം	പിരിഞ്ഞ മൂലധനം	സർക്കാർ ഓഹരി	പരമാവധി കടം എടുക്കാനുള്ള ഓഹരി	ലാഭം/ നഷ്ടം
1.	നെടുംകണ്ടം സർവ്വീസ് സഹകരണ ബാങ്ക്	വാർഡ് XI ഒഴിച്ച് നെടുങ്കണ്ടം പഞ്ചായത്ത്	15095	1969	29,69,416	581821	20 കോടി	"
2.	ഏഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക്	നെടുങ്കണ്ടം പഞ്ചായത്ത് XI-ാം വാർഡ്	3563	1977	591640	39000	15766000	"
3.	മലനാട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്	ഉടുമ്പുഞ്ചോല, പീരുമേട് താലൂക്കുകൾ	19777	1971	163.78 ലക്ഷം	16.5 ലക്ഷം	-	"
4.	ഇടുക്കി ഡിസ്ട്രിക്റ്റ് ഡീലേഴ്സ് സഹകരണ ബാങ്ക്	കൊക്കയാർ, മറയൂർ പഞ്ചായത്തുകളൊഴിച്ച് ഇടുക്കി ജില്ല	1015	1992	388170	-	ഓഹരി മൂലധനത്തിന്റെ റിസർവ് ഫണ്ടിന്റെയും 30 ഇരട്ടി തുക.	"
5.	നെടുംകണ്ടം സഹ. അർബൻ ബാങ്ക്	നെടുങ്കണ്ടം, ശാന്തമ്പാറ, ചിന്നക്കനാൽ കരുണാപുരം, ഉടുമ്പുഞ്ചോല, സേനാപതി, പാമ്പാടുംപാറ പഞ്ചായത്തുകൾ	4038	1977	867230	-		
6.	നെടുംകണ്ടം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി	കട്ടപ്പന, ഇരട്ടയാർ ഒഴിച്ചുള്ള ഉടുമ്പുഞ്ചോല താലൂക്ക്	1086	1972	842480	102500	പരിധി ഇല്ല	
7.	നെടുംകണ്ടം ബ്ലോക്ക് ജനറൽ മാർക്കറ്റിംഗ് സഹകരണസംഘം	നെടുംകണ്ടം ബ്ലോക്ക്	647	1988	346975	139000	1,21,00,000	"
8.	ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണസംഘം	ഇടുക്കി ജില്ല	513	1987	609800	-	9147000	
9.	ഉടുമ്പൻചോല താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ഉടുമ്പൻചോല താലൂക്ക്	662	668780	1984	9000	6845345	"
10.	ഉടുമ്പൻചോല താലൂക്ക് ഗിരിജൻ സൊസൈറ്റി	റിക്കാർഡുകൾ ലഭ്യമല്ല.						
11.	ഉടുമ്പൻചോല താലൂക്ക് വികലാംഗ സഹകരണ സംഘം	റിക്കാർഡുകൾ ലഭ്യമല്ല.						
12.	ഉടുമ്പൻചോല താലൂക്ക് വനിതാ വിവിധോദ്ദേശ സഹകരണസംഘം	പ്രവർത്തനമില്ല.						

ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ

നമ്പർ	സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ആരംഭിച്ച വർഷം	പിരിഞ്ഞു കിട്ടിയ ഓഹരി	അംഗങ്ങൾ	സംഭരിക്കുന്ന പാൽ	പഞ്ചായത്തിൽ ഉപയോഗിക്കുന്നത്	പുറത്തേക്കു കൊടുക്കുന്ന പാൽ
1.	നെടുങ്കണ്ടം ആപ്കോസ്	നെടുങ്കണ്ടം പഞ്ചാ: 3, 9, 8, 2 വാർഡുകൾ	1976	14920	633	700 ലി	100 ലി	600 ലി
2.	മഞ്ഞപ്പാറ ആപ്കോസ്	നെടുങ്കണ്ടം പഞ്ചാ: XIII വാർഡ്	1994	2290	229	300 ലി	15 ലി	285 ലി
3.	ചോറ്റുപാറ ക്ഷീരോല്പാദന സഹകരണ സംഘം	നെടുങ്കണ്ടം കരുണാപുരം പഞ്ചായത്ത്	1991	2910	291	600 ലി	10 ലി	590 ലി
4.	തൂക്കുപാലം ആപ്കോസ്	നെടുങ്കണ്ടം പഞ്ചായത്ത് 6, 7 വാർഡ്	1985	9370	937	1000 ലി	300 ലി	700 ലി
5.	എഴുകുംവയൽ ആപ്കോസ്	നെടുംകണ്ടം പഞ്ചായത്ത് 10, 11 വാർഡ്	1992	9310	533	807 ലി	20 ലി	787 ലി
6.	പുഷ്പക്കണ്ടം ആപ്കോസ്	നെടുങ്കണ്ടം പഞ്ചായത്ത് V, VII വാർഡ്	1995	3970	397	1000 ലി	15 ലി	985 ലി
7.	പാലാർ ആപ്കോസ്		1995		392	677 ലി	53 ലി	624 ലി
8.	പട്ടം കോളനി ക്ഷീരോല്പാദക സഹകരണ സംഘം	നെടുങ്കണ്ടം പഞ്ചായത്തിന്റെ 7-ാം വാർഡ്	1974	16250	1020	750	60	690
9.	പച്ചടി ആപ്കോസ്	നെടുങ്കണ്ടം പഞ്ചായത്ത് 12, 2 വാർഡുകൾ	1994	2400	240	500	40	460

M.D.S. സംഘങ്ങൾ

1.	പുഷ്പക്കണ്ടം മലനാട് പ്രോജക്ട്	നെടുങ്കണ്ടം പഞ്ചായത്ത് V, VI, VII വാർഡുകൾ	1996	2000	80	320 K.G.	25 K.G.	295 K.G.
2.	താന്നിമൂട് മലനാട് ഡവലപ്മെന്റ് സൊസൈറ്റി	-	1995	-	40	150 ലി	30 ലി	120 ലി
3.	പാലാർ മലനാട് മിൽക്ക് സൊസൈറ്റി	പൊന്നാങ്കാണി പാലാർ പട്ടത്തിമുക്ക്	1995	3920	392	677 ലി	53 ലി	624 ലി
4.	പട്ടത്തിമുക്ക് മലനാട് മിൽക്ക് സൊസൈറ്റി		വിവരം ലഭിച്ചില്ല.					

കാർഷിക സഹകരണ സംഘങ്ങൾ നൽകിയ വായ്പയുടെ വിവരങ്ങൾ

സഹകരണസംഘം	കാർഷിക വായ്പ	ഡയറി	മൈനർ ഇറിഗേഷൻ	I.R.D.P	സ്വർണ്ണ പണയം	ബിസിനസ്	പ്ലാന്റേഷൻ	മറ്റുള്ളവ
നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്ക്	18769744	2056260	952672	661238	6143359	10834320	562076	13644874
എഴുകുംവയൽ സർവ്വീസ് സഹകരണ ബാങ്ക്	5880081	-	-	20470	1128335	137200	-	1034593

സഹകരണ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടു കിട്ടാനുള്ളവ

സംഘത്തിന്റെ പേര്	കാർഷിക വായ്പ	ഡയറി	മൈനർ ഇറിഗേഷൻ	I.R.D.P	സ്വർണ്ണ പണയം	ബിസിനസ്	പ്ലാന്റേഷൻ	മറ്റുള്ളവ	ഭവനനിർമ്മാണവായ്പ
നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്ക്	3501838	333585	160852	408372	——	1432107	——	3537546	——
നെടുങ്കണ്ടം സഹ. അർബൻ ബാങ്ക്	——	——	——	24744		1106483	——	——	——
നെടുംകണ്ടം കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി	——	——	——	——	——	——	——	——	821012.90
ഇടുക്കി ജില്ലാ ഡീലേഴ്സ് സഹ. ബാങ്ക്	——	——	——	——	——	300000	——	198000	——
ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം	——	——	——	——	——	——	——	100000	——

സഹകരണസ്ഥാപനങ്ങൾ കർഷകർക്കാവശ്യമായ വളം കീടനാശിനി മുതലായവ വിതരണം ചെയ്യുന്നുണ്ട്. അംഗങ്ങൾക്കുവേണ്ടി ബോധവൽക്കരണ ക്ലാസുകളും കാർഷിക സെമിനാറുകളും നടത്തുന്നുണ്ട്. അംഗങ്ങളുടെ ഇടയിൽ മിതത്വം, സ്വയം പര്യാപ്തതാബോധം പരസ്പര സേവന മനോഭാവം എന്നിവ വളർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ആവശ്യത്തിനു ലോണുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല. അർഹരായ എല്ലാവർക്കും അംഗത്വം ലഭിക്കുന്നില്ലെന്ന പരാതിയുമുണ്ട്.
2. എടുക്കുന്ന വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നില്ല.
3. പലിശ കൂടുതലാണ്.
4. വ്യവസായ സഹകരണസംഘം, റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം, കാർഷികോല്പാദന സംഭരണ സഹകരണസംഘം എന്നിവ തുടങ്ങണം. ഒപ്പം സഹകരണ മാവേലിസ്റ്റോറും.
5. മാനേജ്മെന്റിന്റെ കാര്യക്ഷമത ഇല്ലായ്മ നിലനില്ക്കുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം വേണം.

ബാധ്യതകൾ

1. പുതിയ സഹകരണസംഘങ്ങൾ രൂപീകരിക്കുക
2. നിലവിലുള്ള സഹകരണസംഘങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കണം. ഇതിനായി ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകണം.
3. ബോധവൽക്കരണത്തിലൂടെ നിക്ഷേപങ്ങൾ വർദ്ധിപ്പിക്കണം.
4. പ്രവർത്തനരഹിതമായ സംഘങ്ങളിൽ പുതിയ തെരഞ്ഞെടുപ്പു നടത്തി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക.
5. വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് പ്രേരിപ്പിക്കുകയും വായ്പാപലിശ കുറയ്ക്കുകയും ചെയ്യുക. പലിശ സബ്സിഡി അനുവദിക്കണം.
6. അഴിമതി, ദുർവ്യയം എന്നിവ ഒഴിവാക്കുക.



നാടിന്റെ വികസനത്തിന് ഒത്തുചേരുന്നു. ഗ്രാമസഭ ഒരു ദൃശ്യം

4-10

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ പട്ടിക ജാതിയിൽ പെട്ട 1153 പുരുഷന്മാരും 1146 സ്ത്രീകളും പട്ടികവർഗ്ഗത്തിൽ പെട്ട 68 പുരുഷന്മാരും 74 സ്ത്രീകളും ഉണ്ട്. ഈ പഞ്ചായത്തിൽ 12 കോളനികളും 3 ലക്ഷംവീടു കോളനികളുമുണ്ട്. ഇവയുടെ പൊതുസ്ഥിതി മെച്ചമാണെന്നു പറയാൻ കഴിയില്ല. കുടിവെള്ളം, വെളിച്ചം, കക്കൂസ്, യാത്രാസൗകര്യം എന്നീ കാര്യങ്ങളിൽ നില മെച്ചമല്ല. IRDP സർവ്വെ പ്രകാരം 1015 കക്കൂസുകൾ വേണ്ടിടത്ത് 45 എണ്ണമാണ് അനുവദിച്ചിട്ടുള്ളത്. കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം 1870 ആണ്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ 1313 ആണ്. ഇതിൽ 705 കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ലംപ്സംഗ്രാന്റു ലഭിക്കുന്ന കുട്ടികളുടെ എണ്ണം 523 ആണ്. പഠിക്കുന്ന ഈ വിഭാഗം കുട്ടികളുടെ എണ്ണം 495 ആണ്. ഇതിൽ പെൺകുട്ടികൾ 245 ആണ്. ഇടയ്ക്കുവച്ചു പഠിത്തം നിർത്തിയവരുടെ എണ്ണം 53 ആണ്. അതിൽ പട്ടികജാതി പട്ടികവർഗ്ഗം 17 ആണ്.

ഭൂരിപക്ഷം ആളുകളും കർഷക തൊഴിലാളികളാണ്. ഭാഗികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. തൊഴിലില്ലായ്മ രൂക്ഷമാണ്. പ്രത്യേകിച്ചും സ്ത്രീകൾക്ക് പൊതുവേ മോശമായ ജീവിത നിലവാരമാണ്. കുട്ടികളെല്ലാവരും സ്കൂളിൽ പോകുന്നില്ല. കൊഴിഞ്ഞുപോക്കും ഉണ്ട്. നിരക്ഷരർ ഉണ്ട്. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഒന്നും നിലവിലില്ല.

പ്രശ്നങ്ങൾ

1. കോളനികളിൽ ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, ചികിത്സാ സൗകര്യങ്ങൾ, റോഡ് എന്നിവയില്ല.
2. എല്ലാവർക്കും വീടുകളില്ല. ഉള്ള വീടുകൾ സൗകര്യമുള്ളതും ഉറപ്പുള്ളവയുമല്ല.
3. എല്ലാ കുട്ടികളും സ്കൂളിൽ പോകുന്നില്ല.
4. തൊഴിലില്ലായ്മ രൂക്ഷമാണ്.
5. അർഹമായ ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ല. അജ്ഞത ചൂഷണം ചെയ്യപ്പെടുന്നു.

പരിഹാര നിർദ്ദേശങ്ങൾ

1. നിലവിലുള്ള കോളനികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തണം. കുടിവെള്ളം, കക്കൂസ്, വൈദ്യുതി, ചികിൽസാ സൗകര്യം, റോഡ് എന്നിവയെല്ലാം കോളനികളിലും ലഭ്യമാക്കണം.
2. ആവശ്യമായ സ്ഥലങ്ങളിൽ പുതിയ കോളനികൾ എല്ലാ വികസന സൗകര്യങ്ങളോടും കൂടി സ്ഥാപിക്കണം.
3. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കണം. എല്ലാ കുട്ടികളേയും സ്കൂളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞുപോക്ക് ഒഴിവാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തണം. കോളനികൾ കേന്ദ്രീകരിച്ച് ഒരു സാക്ഷരതാ പരിപാടി ആരംഭിക്കണം.
4. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽദായകപദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കണം. കോളനികൾ കേന്ദ്രീകരിച്ച് സ്വയംതൊഴിൽ ചെയ്യാനുള്ള സഹായം എത്തിക്കണം.
5. പട്ടികജാതി പട്ടികവർഗ്ഗ ജീവനക്കാർക്ക് അർഹമായ പദ്ധതികളെ സംബന്ധിച്ചും അവ കിട്ടുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും ജനപങ്കാളിത്തത്തോടെ ബോധവത്കരണം നടത്തുകയും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്യണം.
6. പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ പൊതു പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കണം.
7. ദാരിദ്ര്യ നിർമ്മാർജന പദ്ധതികൾ നടപ്പാക്കണം.

4-11

സംസ്കാരം

നെടുങ്കണ്ടം ഒരു വൈവിദ്ധ്യ സംസ്കാരത്തിന്റെ സംഗമഭൂമിയാണ്. കേരളത്തിന്റെ ഏതാണ്ടെല്ലാ സ്ഥലങ്ങളിൽ നിന്നു വന്നവരാണ് മലയാളികൾ. തമിഴ്നാട്ടുകാരും ഒരു സംഖ്യയുണ്ട്. എല്ലാവരും പരസ്പരം സഹകരിച്ചുപോകുന്ന രീതിയാണ് പൊതുവെ ഉള്ളത്. കുറെക്കാലം മുമ്പുവരെ മലയാളികളും തമിഴന്മാരും തമ്മിൽ ചിലപ്പോഴൊക്കെ സംഘട്ടനങ്ങൾ നടന്നിരുന്നു. ഇന്നതെല്ലാം മറന്നിരിക്കുന്നു.

ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കളാണ്. അതുകഴിഞ്ഞാൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളുമാണ്. ജാതിപരമായ ചേരിതിരിവ് പ്രകടമാവാറില്ല അമ്പലങ്ങളിലും പള്ളികളിലും നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും എല്ലാ വിഭാഗങ്ങളും ഭാഗഭാക്കാകാറുണ്ട്. ജാതിക്കും മതത്തിനും അതീതമായി പൊതുപ്രശ്നങ്ങളിൽ സഹകരിക്കുന്ന ഒരു സംസ്കാരം ഇവിടെയുണ്ട്. ജനകീയാസൂത്രണ പരിപാടിയിൽ ഈ ഐക്യം കുറേക്കൂടി ശക്തിപ്പെട്ടിട്ടുണ്ടെന്നാണു അനുഭവം.

ഒരു കുടിയേറ്റപ്രദേശമായ ഇവിടെ വലിയ സംസ്കാരിക പാരമ്പര്യം ഇല്ല. എങ്കിലും സംസ്കാരിക സംഘടനകളും പ്രസ്ഥാനങ്ങളും സാമാന്യേന നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഒരുപറ്റം ചെറുപ്പക്കാർ ഈ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കാനുണ്ട്. പത്തൊമ്പതിലധികം സാംസ്കാരികസ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട് (പട്ടിക – 1).

ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു വായനശാലയാണ് കോമ്പയാർ സംസ്കാരപോഷിണി വായനശാല. കേരള ഗ്രന്ഥ ശാലാസംഘം B ഗ്രേഡ് ലഭിച്ചിട്ടുള്ള ഈ സ്ഥാപനം ഗ്രാമവികസന പ്രവർത്തനങ്ങളും കലാകായിക സന്നദ്ധ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. അതുപോലെ കലാകായിക രംഗത്തും സന്നദ്ധ പ്രവർത്തനങ്ങളും നടത്തുന്ന നല്ലൊരു സ്ഥാപനമാണ് ഉമ്മാക്കട ഗ്രാമവികസനസമിതി. മറ്റെല്ലാ സ്ഥാപനങ്ങളും മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനങ്ങളെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ പഞ്ചായത്തു ലൈബ്രറിയുടെ അവസ്ഥ വിസ്മരിക്കാവുന്നതല്ല. വളരെ പഴക്കമുള്ള ലൈബ്രറി ആണെങ്കിലും പ്രവർത്തനം തീരെ ആശാവഹമല്ല. ആവശ്യത്തിനു പുസ്തകങ്ങൾ വാങ്ങി ഇതിന്റെ പ്രവർത്തനം നല്ല രീതിയിൽ നടത്തേണ്ടതുണ്ട്.

ഗ്രാമസഭകളിൽ വളരെ കാര്യമാത്രപ്രസക്തമായ ചർച്ചകളാണ് ഈ വിഷയത്തെ സംബന്ധിച്ചു നടത്തിയിട്ടുള്ളത്. നിലവിലുള്ള കലാ- സാസ്കാരിക സ്ഥാപനങ്ങളുടെ പട്ടിക ചേർത്തിട്ടുണ്ട്.

നെടുങ്കണ്ടത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന അഭിലാഷ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനം നിലച്ചമട്ടാണ്. അതിനെ പുനരുജ്ജീവിപ്പിക്കാൻ വേണ്ടതു ചെയ്യണം.

പൊതുവേ പുസ്തകവായന കുറയുന്ന പ്രവണതയുണ്ട്. എന്നാൽ നല്ല രീതിയിൽ ക്രമീകരിക്കുന്നിടത്ത് പുതിയ ഒരു വിഭാഗം വായനാശീലമുള്ളവരായി കടന്നു വരുന്നുമുണ്ട്. പുസ്തകവായന കുറയാൻ കാരണം T.V. യുടെ സ്വാധീനമാണ്. ഇടത്തരം ജനങ്ങളിൽ നല്ലൊരു വിഭാഗം വർദ്ധിക്കുന്നുമുണ്ട്. ഒരു കേബിൾ T.V. നെറ്റ് വർക്ക് ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

പൊതു കളിസ്ഥലങ്ങൾ ഇല്ലെന്നു തന്നെ പറയാം. പല സ്കൂളുകൾക്കും കളിസ്ഥലങ്ങളില്ല. പരിശീലനം നൽകാൻ സൗകര്യങ്ങളില്ല. നെടുങ്കണ്ടത്ത് ഒരു ജിംനേഷ്യം പ്രവർത്തിക്കുന്നുണ്ട്. കരാട്ടെ പരിശീലനം നടക്കുന്നുണ്ട്. പതിവായി പഞ്ചായത്തുതല കായിക കലാമത്സരങ്ങൾ നടക്കാറുണ്ട്. നാടൻ കായിക വിനോദങ്ങൾ ഒന്നും തന്നെയില്ല. നാടൻകലകളിൽ പ്രചാരത്തിലുള്ളത് നൃത്തം മാത്രമാണ്.

പ്രശ്നങ്ങൾ

1. വായന ശാലകളും ഗ്രന്ഥശാലകളും നിരവധി പ്രശ്നങ്ങളെ നേരിടുന്നു.
2. പുസ്തകങ്ങളുടെ അമിതവില
3. ഇലക്ട്രോണിക്സ് മാധ്യമങ്ങളുടെ പ്രചാരണം.
4. കലാ കായിക സമിതികൾ നേരിടുന്ന പ്രശ്നങ്ങൾ.
5. പാരമ്പര്യകലകളുടെ നാശം.
6. സ്ത്രീകളോടുള്ള ക്രൂരത.
7. അസാന്മാർഗ്ഗിക പ്രവർത്തനങ്ങൾ
8. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.
9. കായിക-കലാ പരിശീലനത്തിന്റെ കുറവ്.

പട്ടിക – 1 നിലവിലുള്ള കലാ സംസ്കാരിക സ്ഥാപനങ്ങൾ

	പേരും വിലാസവും	വാർഡ്	കെട്ടിടത്തിന്റെ വിവരം	ഏതു സ്ഥാപനത്തിന്റെ അഫിലിയേഷൻ	പ്രധാന പ്രവർത്തനങ്ങൾ
1.	നവജ്യോതി ക്ലബ് നേതാജി നഗർ ബഥേൽ	I	സ്വന്തം കെട്ടിടം	നെഹൃയുവകേന്ദ്രം: ഇടുക്കി ജില്ലാ യൂത്ത് ക്ലബ് യൂണിയൻ	കലാ കായിക ഗ്രാമവികസന പ്രവർത്തനങ്ങൾ
2.	ഒളിമ്പിയാ യൂത്ത് ക്ലബ് പൊന്നാമല ബഥേൽ പി.ഒ.	I	സ്വന്തം കെട്ടിടം	നെഹൃയുവകേന്ദ്രം: ഇടുക്കി ജില്ലാ യൂത്ത് ക്ലബ് യൂണിയൻ	സാംസ്കാരിക പ്രവർത്തനങ്ങളും ഗ്രാമവികസന പ്രവർത്തനങ്ങളും.
3.	പൊന്നി ആർട്സ് ക്ലബ്ബ് കുഴികൊമ്പ് മാവടി പി.ഒ.	I	സ്വന്തം സ്ഥലം ഉണ്ട്. കെട്ടിടം ഇല്ല.	നെഹൃയുവകേന്ദ്രം: ഇടുക്കി.	കലാ സാംസ്കാരിക പ്രവർത്തനങ്ങൾ. നാടകസമിതിയുണ്ട്.
4.	യുവദീപ്തി ക്ലബ്ബ് ചീനിപ്പാറ, മാവടി പി.ഒ.	I	സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ട്.	–	ലൈബ്രറിയുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾ.
5.	എവർഷൈൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കാരിത്തോട് മാവടി പി.ഒ.	I	കെട്ടിടമില്ല. വാടകയ്ക്ക് പ്രവർത്തിക്കുന്നു.	NYK, ജില്ലാ യൂത്ത് ക്ലബ് യൂണിയൻ.	കലാസാംസ്കാരിക പ്രവർത്തനങ്ങൾ
6.	ഉമ്മാക്കട ഗ്രാമവികസന സമിതി പച്ചടി പി.ഒ.	II	വാടകയ്ക്ക്	–	ഗ്രാമവികസനപ്രവർത്തനങ്ങളും കലാസാംസ്കാരിക പ്രവർത്തനങ്ങളും.
7.	സംസ്കാര പോഷിണി വായനശാല കോമ്പയാർ	IV	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാല സംഘം 'B' ഗ്രേഡ്. NYK, ജില്ലായൂത്ത് ക്ലബ്ബ് യൂണിയൻ	ലൈബ്രറി ഉണ്ട്. T.V. ഉണ്ട്. ഗ്രാമവികസന പ്രവർത്തനങ്ങളും കലാകായിക സന്നദ്ധ സേവന പ്രവർത്തനങ്ങളും.
8.	പുലരി ആർട്സ് & സ്പോർട്സ് ക്ലബ്ബ് പൊന്നാംകാണി കോമ്പയാർ പി.ഒ.	IV	സ്വന്തം കെട്ടിടം	NYK, ഇടുക്കി.	സാംസ്കാരിക പ്രവർത്തനങ്ങൾ.
9.	സഹൃദയാ റിക്രിയേഷൻ ക്ലബ്ബ് ആനക്കല്ല്, പുഷ്പക്കണ്ടം പി.ഒ.	IV	സ്വന്തം കെട്ടിടം	NYK, ജില്ലായൂത്ത് ക്ലബ്ബ് യൂണിയൻ	ഗ്രാമവികസനപ്രവർത്തനങ്ങൾ ലൈബ്രറി ഉണ്ട്.
10.	അഭിലാഷ് പബ്ലിക് ലൈബ്രറി ചേന്നാപ്പാറ പുഷ്പക്കണ്ടം പി.ഒ.	V	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാലാ സംഘം, NYK	ലൈബ്രറി ഉണ്ട്. സന്നദ്ധ സേവന പ്രവർത്തനങ്ങൾ
11.	വിജയാ മഹിളാ സമാജം ചോറ്റുപാറ	VI		NYK ഇടുക്കി	വനിതാക്ഷേമ പ്രവർത്തനങ്ങൾ.
12.	ബാപ്പുജി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് ചോറ്റുപാറ	VI	സ്വന്തം കെട്ടിടം ഗ്രൗണ്ട് ഉണ്ട്	NYK, ജില്ലാ യൂത്ത് ക്ലബ്ബ് യൂണിയൻ.	ഗ്രാമവികസന പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും.
13.	യുവശക്തി താന്നിമൂട് കല്ലാർ	VII	സ്വന്തം കെട്ടിടം	NYK, ഇടുക്കി	കലാസാംസ്കാരിക പ്രവർത്തനങ്ങൾ.

	പേരും വിലാസവും	വാർഡ്	കെട്ടിടത്തിന്റെ വിവരം	ഏതു സ്ഥാപനത്തിന്റെ അഫിലിയേഷൻ	പ്രധാന പ്രവർത്തനങ്ങൾ
14.	ദർശനാ വായനശാല. താന്നിമൂട്	VIII	-	-	T.V. ഉണ്ട്, ലൈബ്രറി ഉണ്ട്. കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു.
15.	പട്ടം മെമ്മോറിയൽ ലൈബ്രറി പഞ്ചായത്ത് സാംസ്കാരിക നിലയം. നെടുംകണ്ടം	IX	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാല സംഘത്തിന്റെ അഫിലിയേഷൻ	വായനശാല.
16.	വിജയാ മഹിളാ സമാജം കൗന്തി. ചേമ്പളം പി.ഒ.	X	സ്വന്തം കെട്ടിടം	-	വനിതാ ക്ഷേമ പ്രവർത്തനങ്ങൾ
17.	റൂറൽ ലൈബ്രറി ആൻഡ് ASC ഏഴുകും വയൽ	XI	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാല സംഘം NYK, ജില്ലാ യൂത്ത് ക്ലബ്ബ് യൂണിയൻ.	വായനശാല, T.V. ഉണ്ട്, DISH ആന്റിന ഉണ്ട്.
18.	പ്രോഗ്രസീവ് പബ്ലിക് ലൈബ്രറി പച്ചടി പി.ഒ.	XII	സ്വന്തം കെട്ടിടം	കേരള ഗ്രന്ഥശാല സംഘം NYK ഇടുക്കി, ജില്ലാ യൂത്ത് ക്ലബ്ബ് യൂണിയൻ.	T.V. ഉണ്ട്. ലൈബ്രറി പ്രവർത്തനം, കലാകായിക രംഗത്തെ പ്രവർത്തനങ്ങൾ.
19.	ഫ്രണ്ട്സ് യൂത്ത് ക്ലബ്ബ് മഞ്ഞപ്പാറ	XIII	സ്വന്തം കെട്ടിടം	NYK ഇടുക്കി ജില്ലാ യൂത്ത് ക്ലബ്ബ് യൂണിയൻ, ഗ്രന്ഥശാലാ സംഘം അഫിലിയേഷന് അപേക്ഷിച്ചിരിക്കുന്നു.	ഗ്രാമവികസന പ്രവർത്തനങ്ങൾ സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ.
20.	കിസ്സാൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് മേലേചിന്നാർ	XIII	സ്വന്തം കെട്ടിടം	-	ആർട്സ്, സ്പോർട്സ് പ്രവർത്തനങ്ങൾ

പരിഹാര നിർദ്ദേശങ്ങൾ

1. വായനശാലകളെയും ഗ്രന്ഥശാലകളെയും സഹായിക്കാൻ ഇന്നുള്ള സംവിധാനം കാര്യക്ഷമമാക്കണം.
2. പഞ്ചായത്തു തലത്തിൽ കലാകായിക താരങ്ങളെ പരിശീലിപ്പിക്കണം. പ്രോത്സാഹിപ്പിക്കാനും കഴിയണം. പൊതു കളിസ്ഥലങ്ങൾ സ്ഥാപിക്കണം.
3. അവശകലാകാരന്മാരെ സഹായിക്കണം.
4. പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുകയും അവയ്ക്കു മാത്രമായി പ്രത്യേക മത്സരങ്ങൾ നടത്തുകയും ചെയ്യണം.
5. സ്ത്രീകളോടുള്ള ക്രൂരതക്കും അസാന്മാർഗ്ഗിക പ്രവർത്തനങ്ങൾക്കും എതിരെ സാമൂഹ്യമനഃസാക്ഷിയെ ബോധവൽക്കരണത്തിലൂടെ ഉണർത്തണം.
6. മതസൗഹാർദ്ദത്തിനു പ്രത്യേക ഊന്നൽ നൽകണം.

4-12

വിഭവസമാഹരണം

നെടുംകണ്ടം ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി അത്ര മെച്ചമാണെന്നു പറയാൻ കഴിയില്ല. വികസന ആവശ്യങ്ങളുമായി ബന്ധപ്പെട്ടു പരിശോധിച്ചാൽ വരുമാനം പര്യാപ്തമല്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയിൽ നേരിയ വർദ്ധനവുണ്ടാകുന്നുണ്ടെങ്കിലും മറ്റു ചെലവുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഈ വർദ്ധന നിസ്സാരമാണ്.

വരവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിടനികുതി	654637	371384	283253
തൊഴിൽനികുതി	531848	282788	249060
വിനോദനികുതി	49149	49149	-
അഡി.വിനോദനികുതി	29538	29538	-
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	1566	1566	-
ചന്തവരവ്	113529	71729	41800
കെട്ടിടവാടക	185128	166483	18645
ലൈസൻസ് ഫീസ്	751445	751445	-
പഞ്ചായത്തു വസ്തുക്കളിൽ നിന്നുള്ള വരവ്	261954	261954	-
വസ്തുകൈമാറ്റ നികുതി വിഹിതം	352134	352134	-
സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റു വരവുകൾ	68234	68234	-
ഡെപ്പോസിറ്റ്	245697	245697	-
മറ്റുള്ളവ	18752	18752	-
ആകെ	2506103	1913045	593658

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	740677
പൊതുമരാമത്ത്	49376
ജലവിതരണം ഓടകൾ പൊതുജനാരോഗ്യം	189342
തെരുവുവിളക്കുകൾ	30508
മറ്റുള്ളവ	1591758
ആകെ	2601655

പൊതുസാമ്പത്തിക നില

	പൊതു കണക്ക്	മൂലധന കണക്ക്	കടംസംബന്ധിച്ച കണക്ക്
വരവ്	2770887	1705195	337536
ചെലവ്	1662302	817958	121395

പൊതു മരാമത്ത് പണികൾ നോമിനി, കമ്മറ്റി, പഞ്ചായത്ത് നേരിട്ട് എന്നിങ്ങനെയുള്ള രീതികളിൽ ചെയ്യുന്നുണ്ട്. ഉല്പാദന മേഖലയിൽ പഞ്ചായത്തു യാതൊന്നും ചെയ്യുന്നില്ല. ഷോപ്പിംഗ്കോംപ്ലക്സിനു വേണ്ടി പഞ്ചായത്ത് 2718193 രൂപ കടം എടുത്തിട്ടുണ്ട്.

പഞ്ചായത്തിനു ഇതുവരെയുണ്ടായിരുന്ന സാമ്പത്തിക ബുദ്ധിമുട്ട് പുതിയ സംവിധാനം നിലവിൽ വരുന്നതോടുകൂടി ഏറെ മാറുമെന്നു പ്രതീക്ഷിക്കുന്നു. പഞ്ചായത്തുകൾക്കു കൂടുതൽ സാമ്പത്തിക അധികാരങ്ങൾ നൽകിയാൽ ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലോണുകൾ എടുത്ത് സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ കഴിയും.

സ്റ്റേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, എൽ.ഐ.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ നല്ല രീതിയിൽ ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സ്ഥാപനങ്ങൾ സാമ്പത്തിക മേഖലയിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്.

സാമ്പത്തിക മേഖലയിൽ അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും ഈ പ്രദേശത്തുണ്ട്. അവർ ജനങ്ങളെ കൊള്ളയടിക്കുന്നുണ്ട്.

വിദേശരാജ്യങ്ങളിൽ പോയി ജോലിചെയ്യുന്നവരുടെ എണ്ണം നാമമാത്രമാണ്. മടങ്ങി വന്നിട്ടുള്ളവർ ഭൂരിപക്ഷവും കൃഷിചെയ്താണു ജീവിക്കുന്നത്. ഈ വിഭാഗം ആളുകളുടെ സമ്പാദ്യം വ്യവസായ മേഖലയിലേക്കു തിരിച്ചുവിടാനുള്ള സാദ്ധ്യത തുലോം പരിമിതമാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായം പരിശോധിച്ചാൽ ഈ ഗ്രാമത്തിലെ ചെറുപ്പക്കാരുടെ കായികശേഷി പ്രത്യുല്പാദന മേഖലയിലേക്കു തിരിച്ചുവിടാനും വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും സാധ്യതയുണ്ടെന്നുകാണാം. മനുഷ്യവിഭവശേഷിയാണ് ഈ പ്രദേശത്തെ ഏറ്റവും വലിയ വിഭവം. അതു ക്രിയാത്മകമായി ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിഭവ സമാഹരണ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.
2. ഭരണച്ചെലവ് ക്രമാതീതമായി വർദ്ധിക്കുന്നത് വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു.
3. ഭരണനിർവ്വഹണത്തിലുള്ള വീഴ്ചകൾ. കരാറുകാരുടെ അമിതലാഭം.
4. ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
5. സന്നദ്ധ പ്രവർത്തനങ്ങളെ പ്രയോജനപ്പെടുത്തുന്നില്ല.
6. ഭരണനടപടികൾ കൂടുതൽ സുതാര്യമാക്കണം.

സാധ്യതകൾ

1. നികുതിവെട്ടിപ്പ് തടയണം.
2. ഭരണച്ചെലവ് നിയന്ത്രിക്കണം.
3. ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകി ഭരണത്തിലിന്നുള്ള വീഴ്ചകൾ പരിഹരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യണം.
4. കരാറുകാരുടെ അമിതലാഭത്തിനു തടയിടുക. ജനങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക.
5. ധനകാര്യസ്ഥാപനങ്ങളുടെ സ്കീമുകളെ വേണ്ടവണ്ണം പ്രയോജനപ്പെടുത്തുക.

വനം

രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്താണ് വനം. നമ്മുടെ പഞ്ചായത്തിൽ വനമില്ല വനഭൂമിയാണുള്ളത്. ഏലക്കാടുകളാണ് ഉള്ളത്. വനനശീകരണം ഏതാണ്ട് പൂർണ്ണമായിട്ടുണ്ടെന്നുതന്നെ പറയാം. കള്ളത്തടിവെട്ട് വ്യാപകമാണ്. ഈ സാമൂഹ്യ വിപത്തിനെതിരെ ശരിയായ ബോധവൽക്കരണത്തിലൂടെ ചെറുത്തുനിൽപ്പു സംഘടിപ്പിച്ചില്ലെങ്കിൽ ഭവിഷ്യത്ത് വളരെ ഗുരുതരമായിരിക്കും. വനഭൂമിക്കു പലയിടത്തും പട്ടയം നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കണക്കിൽ വന ഭൂമിയായിട്ടുള്ള പ്രദേശങ്ങൾ പലതും ഇന്ന് വർഷങ്ങളായി കൈവശഭൂമിയാണ്. അതുകൊണ്ടുതന്നെ കൈവശകൃഷിക്കാർക്കു പട്ടയം കിട്ടാത്ത അവസ്ഥയുണ്ട്.

പ്രശ്നങ്ങൾ

1. വനഭൂമികുറഞ്ഞുകുറഞ്ഞു ഏതാണ്ടില്ലാതിയിട്ടുണ്ട്. ഏലക്കാടുകൾ മാത്രമാണുള്ളത്.
2. വനം കയ്യേറ്റവും കള്ളത്തടിവെട്ടും വ്യാപകമാണ്.
3. വനം സംരക്ഷിക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കുമില്ല.
4. വനങ്ങളിൽ നിന്നും വിറകും മറ്റും ശേഖരിക്കാൻ അനുവദിക്കുന്നില്ല.
5. വന്യമൃഗവേട്ട

സാധ്യതകൾ

1. വനനശീകരണത്തിനെതിരെ ബോധവൽക്കരണം നടത്തണം.
2. വനഭൂമി പുനരുദ്ധരിക്കാൻ ജനപങ്കാളിത്തത്തോടെ പദ്ധതി ആവിഷ്കരിക്കുക.
3. വനപാലകരുടെ എണ്ണം വർദ്ധിപ്പിക്കുകയും ആവശ്യമായ ആയുധങ്ങളോടുകൂടി ശക്തിപ്പെടുത്തുകയും ചെയ്തു വനം കൊള്ള അവസാനിപ്പിക്കണം. വനപാലകരുടെ അഴിമതി അവസാനിപ്പിക്കണം.

5

ഉപസംഹാരം

അധികാര വികേന്ദ്രീകരണത്തിലൂടെയും ജന കീയാസൂത്രണ പരിപാടികളിലൂടെയും ജനാധിപത്യത്തിന്റെ അന്തസത്ത നാം ഉയർത്തിപ്പിടിക്കുകയാണ്. ജനാധിപത്യ പ്രക്രിയയിൽ കേവലം വോട്ടു ചെയ്യുക എന്ന ധർമ്മം മാത്രമുണ്ടായിരുന്ന ഗ്രാമീണർ ഇന്ന് അധികാരം കയ്യാളുന്നവരും ആസൂത്രകരുമായി മാറിയിരിക്കുന്നു. നമ്മുടെ ഗ്രമങ്ങൾ നാളെ എങ്ങനെയായിരിക്കണമെന്നു നാം തീരുമാനിക്കാൻ പോവുകയാണ്. കഴിഞ്ഞ നാളുകളിൽനിന്നു വ്യത്യസ്തമായി പദ്ധതികളിലൂടെ നമുക്കു എന്തു ലഭിക്കുമെന്നതിലുപരി നമ്മുടെ ഗ്രാമങ്ങൾക്കുവേണ്ടി നമുക്കു എന്തു ചെയ്യാൻ കഴിയുമെന്നു നാം ഉറക്കെ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഇതു നമ്മെ സംബന്ധിച്ചിടത്തോളം ഒരു മാറ്റത്തിന്റെ തുടക്കമാണ്. ഒരു പുതിയ സാമൂഹ്യബോധം, ഒരു പുതിയ രാഷ്ട്രീയ സംസ്കാരം നാം സ്വയം പടുത്തുയർത്തുകയാണ്.

നവമ്പർ ഒന്നിന്റെ പുനരർപ്പണ ദിനത്തോടെ നാമതിനു തുടക്കം കുറിച്ചുകഴിഞ്ഞു. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലും അന്നേദിവസം 13 പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നാം ഏറ്റെടുത്തു. ഇടത്തട്ടുകാരെ ഒഴിവാക്കി ചെലവഴിച്ച തുകയുടെ ഇരട്ടി പണത്തിന്റെ വികസനം നമ്മുടെ നാട്ടിൽ നാം ചെയ്തുകഴിഞ്ഞു. നൂറുകണക്കിനാളുകൾ ഈ പണികളിൽ ആവേശപൂർവ്വം പങ്കെടുത്തു. ഇതൊരു തുടക്കം മാത്രമാണ്. ഈ ആവേശം, ഈ ഐക്യം, ഈ ത്യാഗസന്നദ്ധത, ഐശ്വര്യസമ്പൂർണ്ണമായ ഒരു ഗ്രാമീണ ജീവിതം കെട്ടിപ്പടുക്കാൻ എന്നും നമുക്കു കാത്തുസൂക്ഷിക്കാം.

നവംബർ 1 – പുനരർപ്പണ ദിനത്തിൽ പണി ആരംഭിച്ച റോഡുകൾ

1. പെരിഞ്ഞാംകുട്ടി – കാട്ടാക്കട റോഡ്
2. ചാറൽമേട് – കുരിശുപാറ റോഡ്
3. ചെല്ലപ്പൻപിള്ളപടി – ബേർഡ്മെട്ട്
4. ആനക്കല്ല് – പാപ്പൻപാറ റോഡ്
5. പുഷ്പക്കണ്ടം – രത്നക്കുഴി റോഡ്
6. കോമ്പമുക്ക് – അമ്മാവൻപടി റോഡ്
7. തൂക്കുപാലം – പുത്തരിക്കണ്ടം റോഡ്
8. തിരുവല്ലാപ്പടി – മേട്ടകിൽ റോഡ്
9. ചക്കക്കാനം – കുരിശുമല റോഡ് (ഗുരുനഗർ ജംഗ്ഷൻ വരെ)
10. കൗന്തി – കൈലാസ നഗർ റോഡ്
11. എഴുകുംവയൽ – തൂവൽ റോഡ്
12. തൂവൽ – പത്തുവളവ് റോഡ് കലുങ്ക് നിർമ്മാണവും.
13. കാക്കാക്കട – കല്ലാർ മുന്നിറോഡ്

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനത്തിനാവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ക്ഷണിച്ചുകൊണ്ട് നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിന്റെ ഈ വികസന രേഖ നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

നെടുങ്കണ്ടം
5.11.96

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തു കമ്മിറ്റി.

വാർഡ് അംഗം പി. മോഹനന്റെ നേതൃത്വത്തിൽ
അദ്ധ്വാനത്തിന്റെ ജനകീയ പുനരാവിഷ്കാരം

ഗ്രാമസഭകൾക്ക് മാതൃചൈതന്യം,
നാടിന്റെ വികസനത്തിന് വനിതകളുടെ കൂട്ടായ്മ



രാമക്കൽമേട്ടിൽ 1990-ൽ
പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ച കാറ്റാടി യന്ത്രം

നിർദ്ദിഷ്ട തൂവൽ മിനി ജലവൈദ്യുതപദ്ധതിക്കുള്ള സ്ഥലം

എല്ലാവരുടെയും അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടെയും ദുരയെ
തൃ ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

-മഹാത്മാഗാന്ധി-